NET EDITION

A CHRISTIAN NEWS PAPER- MONTHLY

# മാറാനാഥാ വോയ്സ്

RNI: NO: KERBIL-2000/2219 Postal Reg:No- KL/QN/301/2018-20 10 മാർച്ച് 2018 വാല്യം−19 ലക്കം−4 കൊട്ടാരക്കര ₹10.00




രാജ്യത്തിന്റെ ആദരം: യുഎസിലെ ഭരണസിരാകേന്ദ്രമായ ക്യാപിറ്റോളിൽ ഡോ. ബില്ലി ഗ്രഹാമിന്റെ ഭൗതിക ശരീരം പൊതുദർശനത്തിന് വച്ചപ്പോൾ പ്രസിഡന്റും കോൺഗ്രസ് അംഗങ്ങളും അന്തിമോപചാരം അർപ്പിക്കുന്നു

# രാജകീയം ഈ യാത്രയയപ്പ്...

## ഡോ ബില്ലി ഗ്രഹാം ഇനി ഓർമ്മയിൽ. സംസ്കാരം മാർച്ച് 2ന് നോർത്ത് കരോലിനയിൽ നടന്നു

**നോർത്ത് കരോലിന:** വിണ്ണിന്റെ മഹിമയിൽ വാഴാൻ ഡോ .ബില്ലി ഗ്രഹാം മണ്ണിൽ മറഞ്ഞു. മാർച്ച് രണ്ടിന് യുഎസ് പ്രാദേശിക സമയം ഉച്ചയ്ക്ക് 1.30ന് ഡോ. ബില്ലി ഗ്രഹാമിന്റെ ഭൗതിക ശരീരം നോർത്ത് കരോലിന് ചാർലോട്ടിലെ ബില്ലി ഗ്രഹാം ലൈബ്രറി കോമ്പൗണ്ടിലെ പ്രെയർഗാർഡനിൽ തയാറാക്കിയ കല്ലറയിൽ സംസ്കരിച്ചു. ഉച്ചയ്ക്ക് 12 മണിക്ക് ചാർലോട്ട് ബില്ലി ഗ്രഹാം ലൈബ്രറിയുടെ 28000 സ്ക്വയർഫീറ്റ് പാർക്കിംഗ് ലോട്ടിൽ കൂറ്റൽ ടെന്റൊരുക്കിയാണ് അന്ത്യശുശ്രൂഷയ്ക്ക് വേദിയൊരുങ്ങിയത്. അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പും കുടുംബവും വൈസ്പ്രസിഡന്റ് മൈക്ക് പെൻസും കുടുംബവും, രാജ്യത്തേയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളതുമായ വിവിധ ക്രൈസ്തവ നേതാക്കളുമടക്കം 2300 ഓളം പേർ സംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. സംസ്കാര ശുശ്രൂഷയിൽ പ്രസിദ്ധ ക്രൈസ്തവ ഗായകരുടെ ഗാനാലാപനത്തിന് ശേഷം ബില്ലി ഗ്രഹാമിന്റെ സഹോദരി ഐവാൻ ഗ്രഹാം ഫോർഡ്, മക്കളായ വിർജിനിയ, ആൻ രൂത്ത്, റവ. നെൽസൻ ഗ്രഹാം എന്നിവർ അനുസ്മരിച്ചു. 12.43ന് ആഗോള സഭാ സ്ഥാപകനും സുവിശേഷ പ്രഭാഷകനുമായ പാസ്റ്റർ സാമി ഡാഗർ, ഫാർ ഈസ്റ്റ് ബ്രോഡ്കാസ്റ്റിംഗ് കമ്പനി എന്ന ഫീബാ റേഡിയോ പ്രസിഡന്റ് കൊറിയയിൽ നിന്നുള്ള പാസ്റ്റർ ബില്ലി കിം എന്നീ ക്രൈസ്തവ പ്രമുഖർ അനുശോചന സന്ദേശം അറിയിച്ചു. 12.56ന് ഡോ. ബില്ലി ഗ്രഹാമിന്റെ മകനും ബില്ലി ഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ പ്രസിഡന്റുമായ ഡോ ഫ്രാങ്ക്ളിൻ ഗ്രഹാം പ്രധാന സന്ദേശം നൽകി സുവിശേഷ വേല.യിൽ തന്റെ പിതാവിന്റെ ദർശനം ലോകോത്തരമായിരുന്നുയെന്നും അതിനനുസൃതമായി ദൈവം അദ്ദേഹത്തെ ഉപയോ

(ശേഷം പേജ് 2)




വിണ്ണിന്റെ മഹിമയിൽ വാഴാൻ ഡോ .ബില്ലി ഗ്രഹാം മണ്ണിൽ മറഞ്ഞു....

**Phone:** 0 8547414937 **Email:** maranathavoice@gmail.com




# ഡോ. ബില്ലി ഗ്രഹാം

ഗിച്ചുയെന്നും റവ ഫ്രാങ്ക്ളിൻ ഗ്രഹാം പറഞ്ഞു. ഗൈദർ വോക്കൽ ബാന്റും അമേരിക്കയിലെ പ്രമുഖ ക്രൈസ്തവ ഗായകരും ഗാനാലാപനം നടത്തി. ഒന്നേകാൽ മണിക്കൂറിനുള്ളിൽ പൂർത്തീകരിച്ച സംസ്കാര ശുശ്രൂഷ അത്യന്തം പ്രത്യാശാ നിർഭരമായിരുന്നു.നോർത്ത് കരോലിന ചാർലോട്ടിലെ ആഫ്രിക്കൻ മെതോഡിസ്റ്റ് എപ്പിസ്കോപ്പൽ സിയോൺ ചർച്ചിലെ ജൂനിയർ ബിഷപ്പ് ഡോ. ജോർജ് ഇ ബാറ്റിൽ സമാപന പ്രാർത്ഥന നടത്തി. അങ്ങനെ അന്ത്യശുശ്രൂഷയും പൂർത്തികരിക്കുമ്പോൾ സദസ് ആ ദൈവഭൃത്യനെ യാത്രയയക്കാനായി ആദരവോടെ എഴുന്നേറ്റു. ആ മഹാനായ സുവിശേഷകന്റെ ശവപേടകം സെമിത്തേരിയിലേക്ക് മന്ദമായി നീങ്ങുമ്പോൾ ബാക്ക് പൈപ്പിന്റെ സംഗീതം ശോകരാഗം മുഴക്കി അനുധാവനം ചെയ്തുകൊണ്ടേയിരുന്നു.....റവ. ഡൊണാൾഡ് ജെ വിൽട്ടൻ ആയിരുന്നു കല്ലറയ്ക്കൽ സംസ്കാര ശുശ്രൂഷ നിർവ്വഹിച്ചത്. അത്യന്തം പ്രത്യാശാ നിർഭരമായ പുനരുത്ഥാനത്തിന്റെ സന്ദേശമാണ് കല്ലറയ്ക്കൽ തുടർന്ന് മുഴങ്ങി കേട്ടത്.




യുഎസ് ക്യാപിറ്റോളിൽ നടന്ന പൊതുദർശനത്തിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ് അന്തിമോപചാരം അർപ്പിക്കുന്നു

## രാജ്യം നൽകിയത് ഉചിതവും ഗംഭീരവുമായ യാത്രയയപ്പ്

ലോകത്ത് സുവിശേഷം അറിയിക്കുവാൻ ഇത്രയധികം വ്യഗ്രത കാട്ടിയ ഡോ ബില്ലിഗ്രഹാമിന് അമേരിക്ക ഉചിതവും ഗംഭീരവുമായ യാത്രയയപ്പാണ് ഒരുക്കുന്നത്. അമേരിക്കയുടെ പ്രസിഡന്റും വൈസ് പ്രസിഡന്റും കുടുംബസമ്മേതം ഫ്യൂണറൽ ശുശ്രൂഷയിൽ പങ്കെടുക്കുന്നുയെന്നത് തന്നെ ഏറ്റവും വലിയ പ്രത്യേകതയായിരുന്നു. ഫെബ്രുവരി 28ന് ഭരണസിരാകേന്ദ്രമായ ക്യാപിറ്റോൾ ഹില്ലിൽ ഡോ. ബില്ലി ഗ്രഹാമിന്റെ ഭൗതിക ശരീരം പൊതുദർശനത്തിന് വച്ചിരുന്നു. അമേരിക്കൻ പ്രസിഡന്റും വൈസ പ്രസിഡന്റും അടക്കം ഭരണപ്രമുഖർ ചടങ്ങിൽ അനുശോചന സന്ദേശങ്ങൾ അറിയിച്ചിരുന്നു. ഗവ. ഒഫിഷ്യൽസ് എല്ലാം അദേഹത്തിന് ആദരാജ്ഞലിയർപ്പിക്കുവാനും അവസരമൊരുക്കിയിരുന്നു. ഒപ്പം വാഹനാകമ്പടിയോടു കൂടിയ വലിയ വിലാപയാത്രയും ഒരുക്കിയിരുന്നു. അമേരിക്കയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു ഒരു മതനേതാവിന് ഭരണസിരാകേന്ദ്രത്തിൽ പൊതുദർശനം നൽകുന്നത്. സംസ്കാര ശുശ്രൂഷാ വേളയിൽ രാജ്യത്തിന്റെ പതാക താഴ്ത്തിക്കെട്ടിയും രാജ്യം ഡോ ബില്ലിയെ ആദരിച്ചു. ഒരു സുവിശേഷകനെ ഒരു രാജ്യം ഇത്രയധികം ആദരവോടെ യാത്രയയക്കുന്നതും ചരിത്രത്തിൽ തന്നെ ആദ്യമായാണ്..

## സുവിശേഷകനിലേക്കുള്ള തുടക്കം...



ഡോ. ബില്ലിഗ്രഹാം ബേസ്ബോൾ കളിയിൽ ഏർപ്പെട്ടിരിക്കുന്നു (യൗവ്വനകാലചിത്രം)

1918 നവംബർ 7ന് നോർത്ത് കരോലിനായിലെ ചാർലോറ്റിൽ ഒരു കർഷക കുടുംബത്തിലായിരുന്നു ബില്ലി ഗ്രഹാമിന്റെ ജനനം. കാറുകളിലും ബേസ്ബോൾ കളിയിലുമായിരുന്നു ബാല്യത്തിൽ കമ്പം. ഒരു നല്ല ബേസ്ബോൾ കളിക്കാരനായിരുന്ന ബില്ലിക്ക് അതിൽ തന്നെ തുടരുകയെന്നതായിരുന്നു ആഗ്രഹം. പക്ഷേ, മകൻ ഒരു സുവിശേഷകനായി തീരുകയെന്നതായിരുന്നു മാതാപിതാക്കളുടെ തീവ്രമായ ആഗ്രഹം. അവർ 7 വർഷം അതിനായി പ്രാർത്ഥിച്ചു.ഒടുവിൽ 'എന്നെ ആവശ്യമുണ്ടെങ്കിൽ മാത്രം അങ്ങ് സ്വീകരിക്കേണമേയെന്ന് ബില്ലിക്കും പ്രാർത്ഥിക്കേണ്ടി വന്നു. അത് ദൈവം പ്രതീക്ഷിക്കുന്ന പ്രാർത്ഥനയായിരുന്നു. അതിന് മറുപടിയും ലഭിച്ചു. ബില്ലിഗ്രഹാം സുവിശേഷത്തിനായി ജീവിതം സമർപ്പിച്ചു. 1938 ൽ വിശ്വാസ സ്നാനം സ്വീകരിച്ചു ദൈവവചന പഠനത്തിനായി

### അവസാന വാക്കുകൾ...

**'എനിക്കറിയാം ഇനിയെന്റെ നാളുകൾ ചുരുക്കമെന്ന്. അതിനായും എന്റെ ജീവിതത്തിൽ തന്ന എല്ലാറ്റിനായും ഞാൻ ദൈവത്തിന് നന്ദി പറയുന്നു; ഇപ്പോൾ ഞാൻ പ്രതീക്ഷയോടെ സ്വർഗ്ഗത്തേക്ക് കണ്ണുയർത്തുകയാണ്.....'ഇതായിരുന്നു ആ വിശ്വവിഖ്യാത സുവിശേഷകന്റെ അവസാന വാക്കുകൾ...**

ഇറങ്ങിത്തിരിക്കുകയും ചെയ്തു. വീറ്റൻ കോളേജിൽ നിന്ന് നരവംശ ശാസ്ത്രത്തിൽ ബിരുദവും ഫ്ളോറിഡ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് വേദപഠനവും പൂർത്തീകരിച്ചു. 18–മത്തെ വയസിൽ തന്റെ ആദ്യ പ്രസംഗത്തിൽ 30 കൗബോയികളുടെ മുന്നിൽ സുവിശേഷം പങ്കിടാൻ വിറച്ച ആ ബാലനാണ് പിൽക്കാലത്ത് ലോകത്തിലെ ഏറ്റവും വലിയ സുവിശേഷസാക്ഷിയായത്. തുടർന്ന് സതേൺ ബാപ്റ്റിസ്റ്റ് സഭാ സമൂഹത്തിന്റെ ഓർഡൈൻഡ് ശുശ്രൂഷകനായി. എന്നാൽ ഒരു സഭയിൽ ഒതുങ്ങുന്നതിലപ്പുറം മുഴുലോകത്തോടും സുവിശേഷം പങ്കിടുക എന്ന ദർശനത്തിലേക്കാണ് അദേഹം ചുവട് വച്ചത്.

## ആഗോള സുവിശേഷകനിലേക്ക്...

1947 ൽ ബില്ലിഗ്രഹാം ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ എന്ന സുവിശേഷീകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച് ലോകം മുഴുവൻ സുവിശേഷം എത്തിക്കുവാൻ പരിശ്രമിച്ചു. അതിൽ അദേഹം ലോകത്തിൽ ഇന്നയോളം മറ്റൊരു സുവിശേഷകനും അവകാശപ്പെടാനാകാത്ത വിധം വിജയിക്കുകയും ചെയ്തു. 1956 ലും 1977ലും 2 പ്രാവശ്യം അദേഹം സുവിശേഷവുമായി കേരളത്തിലും എത്തിയിട്ടുണ്ട്. 185 രാജ്യങ്ങളിലായി 215 മില്യൻ ജനങ്ങളോട് ക്രിസ്തുവിനെ പ്രസംഗിച്ച, ഈ കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയനായ സുവിശേഷകനാണ് ഡോ. ബില്ലിഗ്രഹാം എന്ന് വിലയിരുത്തപ്പെടുന്നു, ഒപ്പം റേഡിയോ, ടെലിവിഷൻ, വീഡിയോ, ഫിലിം, പുസ്തകം മാസിക, തുടങ്ങിയ ഇതര മാധ്യമങ്ങളിലൂടെ അദേഹത്തിന്റെ സന്ദേശങ്ങളും ബൈബിൾ പ്രബോധനങ്ങളും ലോകമെങ്ങും എത്തിയിട്ടുണ്ട്. 6 പതിറ്റാണ്ട് ടെലിവിഷനിലൂടെ നടത്തിയ സന്ദേശങ്ങളും ലോകമെങ്ങും ലക്ഷകണക്കിന് ആളുകളാണ് ശ്രവിച്ചത്. അദേഹത്തിന്റെ 'ഡിസിഷൻ' എന്ന മാസിക ലോകപ്രസിദ്ധവും വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതുമാണ്. 1000 ത്തിനടുത്ത് റേഡിയോ സ്റ്റേഷനുകൾ ബില്ലി ഗ്രഹാമിന്റെ സുവിശേഷ സന്ദേശങ്ങൾ പ്രക്ഷേപണം ചെയ്തിരുന്നു. അമേരിക്കയിലെ പ്രമുഖ പത്രങ്ങളിൽ ലോകഗതിയേയും യേശുക്രിസ്തുവിനേയും പരാമർശിച്ച്കൊണ്ട് അദേഹം അനേക കോളങ്ങളും കൈക്കാര്യം ചെയ്തിരുന്നു.



Billy Graham's final column

My Answer
Billy Graham

*Editor's Note: The Rev. Billy Graham, who passed away on Wednesday, wrote this column before he died.*

Q: Mr. Graham, how would you like to be remembered? – *D.F.*

A: I hope I will be remembered as someone who was faithful – faithful to God, faithful to the Gospel of Jesus Christ and faithful to the calling God gave me not only as an evangelist, but as a husband, father and friend.

I'm sure I've failed in many ways, but I take comfort in Christ's promise of forgiveness, and I take comfort in God's ability to take even our most imperfect efforts and use them for His glory.

By the time you read this, I will be in heaven, and as I write this I look forward with great anticipation to the day when I will be in God's presence forever.

I'm convinced that heaven is far more glorious than anything we can possibly imagine right now, and I look forward not only to its wonder and peace, but also to the joy of being reunited with those who have gone there before me, especially my dear wife, Ruth. The Bible says, "Now we see but a poor reflection as in a mirror; then we shall see face to face" (1 Corinthians 13:12).


But I won't be in heaven because I've preached to crowds or because I've tried to live a good life. I'll be in heaven for one reason: Many years ago I put my faith and trust in Jesus Christ, who died on the cross to make our forgiveness possible and rose again from the dead to give us eternal life. Do you know you will go to heaven when you die? You can, by committing your life to Christ today.

"For God so loved the world that he gave his one and only Son, that whoever believes in him shall not perish but have eternal life" (John 3:16).

ഡോ. ബില്ലിഗ്രഹാം പ്രസിദ്ധ പത്രത്തിൽ കൈക്കാര്യം ചെയ്തിരുന്ന 'മൈ ആൻസർ' എന്ന കോളത്തിന്റെ അവസാന കുറിപ്പ്

## ലോക മഹാന്മാരുടെ നിരയിൽ വർഷങ്ങളോളം

ശ്രദ്ധേയരായ 10 പ്രസിദ്ധരുടെ ലിസ്റ്റിൽ 1955 മുതൽ ആദ്യ പട്ടികയിൽ തന്നെ അദേഹത്തിന്റെ പേരും നിലനിൽക്കുന്നു. ഡൈറ്റ് ഡി ഐസനോവർ, ലിൻഡൻ ബി ജോൺസൻ, റിച്ചാർഡ് നിക്സൻ തുടങ്ങി വിവിധ അമേരിക്കൻ പ്രസിഡൻരുമാരുടെ അടുത്ത സുഹൃത്തും ആത്മീയ വഴികാട്ടിയുമായിരുന്നു അദേഹം. ഒപ്പം അനവധി ലോകനേതാക്കളുടെ ഉറ്റ സുഹൃത്തും. 2005 ൽ 86 -ാം വയസിൽ ശാരീരിക അവശതകളെ തുടർന്ന് ഉത്തരവാദിത്വങ്ങളെല്ലാം മകൻ ഡോ. ഫ്രാങ്ക്ളിൻ ഗ്രഹാമിനെ ഏൽപ്പിച്ച് സജീവ സുവിശേഷ




ടൈം മാഗസിന്റെ കവർ സ്റ്റോറിയിൽ

ദൗത്യത്തിൽ നിന്ന് പിൻവാങ്ങി വേദധ്യാനത്തിലും പ്രാർത്ഥനയിലും മുഴുകി നോർത്ത് കരോലിനായിലെ മോൺട്രിയറ്റിലുള്ള ഭവനത്തിൽ നിത്യതയെ കാംക്ഷിച്ച് പാർക്കുകയായിരുന്നു.

## പരമോന്നത ബഹുമതികൾ നേടിയ സുവിശേഷകൻ



പ്രസിഡന്റ് റൊണാൾഡ് റീഗനിൽ നിന്ന് ഫ്രീഡം മെഡൽ സ്വീകരിക്കുന്നു

രാജത്തെ പരമോന്നത സിവിലിയൻ ബഹുമതിയായ ഫ്രീഡം മെഡൽ, ലോകത്തിൽ ഏറ്റവും കൂടുതൽ ആളുകളേട് സുവിശേഷം പ്രസംഗിച്ച വ്യക്തി എന്ന നിലയിൽ അമേരിക്കൻ കോൺഗ്രസ് ആദരവോടെ സമ്മാനിച്ച സ്വർണ്ണമെഡൽ, ബ്രിട്ടന്റെ പ്രഭു പദവി, ടെമ്പിൾടൺ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികളും അദേഹത്തെ തേടിയെത്തിയിട്ടുണ്ട്. പക്ഷേ ഇതൊന്നും അദേഹത്തിന്റെ കീരീടത്തിലേക്ക് അഭിമാന സ്തംഭങ്ങളായി അദേഹം വലിച്ച് കയറ്റിയില്ല. ലോകത്ത് ക്രിസ്തുവിന്റെ സ്ഥാനാപതിയായിരിക്കുക, ക്രിസ്തുവിനൊപ്പം വസിക്കുക അതിലപ്പുറമൊന്നും ഡോ. ബില്ലി ഗ്രഹാം ഈ ജീവിതയാത്രയിൽ ആഗ്രഹിച്ചില്ല. ക്രിസ്തുവിൻരെ സ്ഥാനാപതിയായിരിക്കുന്നതിനേക്കാൾ മറ്റൊന്നിലും അദേഹം അഭിമാനിച്ചതുമില്ല....

## മുഴുലോകത്തിനും ക്രിസ്തുവിന്റെ 'അംബാസിഡർ'

മണ്ണിന്റെ മഹത്വത്തിനപ്പുറം വിണ്ണിന്റെ മഹത്വത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ഡോ. ബില്ലിയെ എപ്പോഴും ഭരിച്ചിരുന്നു. ഗോൾഡാ മേയർ യിസ്രായേൽ പ്രധാന മന്ത്രിയായിരുന്നപ്പോൾ അമേരിക്കൻ പ്രസിഡന്റ് നിക്സൻ, ബൈബിളിൽ ഏറെ പ്രാധാന്യമുള്ള, ദൈവം കൂട്ടിച്ചേർത്ത യിസ്രായേൽ രാജ്യത്തിന്റെ അംബാസിഡർ പദവി ബില്ലിഗ്രഹാമിന് വാഗ്ദാനം ചെയ്തു. പക്ഷേ ബില്ലിഗ്രഹാമിന്റെ മറുപടി പ്രസിഡനറ് നിക്സനെ ഞെട്ടിച്ചു കളഞ്ഞു. 'ഞാൻ യിസ്രായേലിന്റെ മാത്രമല്ല, മുഴുലോകത്തിനും വേണ്ടിയുള്ള ക്രിസ്തുവിന്റെ അംബാസിഡറാണ്.....' ആ പദവി വിട്ടുള്ള മറ്റൊരു പദവിയും അലങ്കരിക്കുവാൻ ഡോ. ബില്ലി തയാറായിരുന്നില്ല.

## അധാർമ്മികതയ്ക്കെതിരെ വിട്ട് വീഴ്ചയില്ലാതെ..



ലോകത്തോട് സുവിശേഷ ദൗത്യം പൂർത്തീകരിക്കുമ്പോൾ തന്നെ മാതൃരാജ്യമായ അമേരിക്കയോട്, വിട്ടുകളയാത്ത മ്ലേച്ഛ സംസ്കാരത്തെ പ്രതി ദൈവത്തിന്റെ ന്യായവിധി വിളിച്ച് പറയാനും ആ കർമ്മധീരൻ മടികാണിച്ചില്ല. സ്വവർഗ്ഗ ബന്ധങ്ങൾക്കെതിരേയും ലൈംഗിക ദുർന്നടപ്പിനെതിരെയും വചനമെന്ന പടവാളേന്തി അദേഹം ശക്തമായ വേദികളിൽ ഗർജ്ജച്ചു. "ദൈവം അമേരിക്കയെ ന്യായം വിധിച്ചില്ലായെങ്കിൽ സോദോമിനോടും ഗോമോറയോടും ക്ഷമ ചോദിക്കേണ്ടി വരും " എന്ന് അദേഹം അമേരിക്കൻ ജനതയോട് വിളിച്ച് പറഞ്ഞു. സുവിശേഷം പ്രസംഗിച്ച് ലോക മഹാന്മാരുടെ നിരയിൽ ഇടം നേടിയ, സുവിശേഷം പ്രസംഗിച്ച് ലോക ചരിത്രത്തിൽ സ്ഥാനം പിടിച്ച ഡോ ബില്ലി ഗ്രഹാമിനെ പോലെ വേറൊരാൾ മനുഷ്യചരിത്രത്തിൽ ഉണ്ടാകുമെന്ന് തോന്നുന്നില്ല.

## കുടുംബം....മക്കൾ


സന്തതസഹചാരിയും സഹശുശ്രുശ്രൂഷയുമായിരുന്ന സഹധർമ്മിണി രൂത്ത് ഗ്രഹാം 2007 ൽ നിത്യവിശ്രാമത്തിലേക്ക് വിളിച്ച് ചേർക്കപ്പെട്ടു. വിർജീനിയ, രൂത്ത് ,




# ഡോ. ബില്ലി ഗ്രഹാം



**ലോകത്തിന് ആരായിരുന്നു ബില്ലി ഗ്രഹാമെന്നത് ഇനിയുള്ള കാലങ്ങളിൽ വിലയിരുത്തപ്പെടും. ഒരു ക്രിസ്ത്യാനിയുടെ ജീവിതം എങ്ങനെയായിരിക്കണമെന്ന് , ഒരു സുവിശേഷകന്റെ ജീവിത ദർശനം എന്തായിരിക്കണമെന്ന്, ഒരു ക്രിസ്തു ഭക്തൻ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്ന് ബൈബിൾ വെളിച്ചത്തിൽ അദേഹം ആഗോള ക്രൈസ്തവസഭയെ പഠിപ്പിച്ചു. ഇതൊന്നും വെറുതെ പ്രസംഗിച്ചതല്ല, സ്വന്തജീവിതം അതിന് ഏറ്റവും വലിയ മാതൃകയാക്കി കാട്ടിക്കൊണ്ടായിരുന്നു ആ സന്ദേശങ്ങൾ...**



1973 ജൂണിൽ ദക്ഷിണ കൊറിയയിലെ സിയോളിൽ നടന്ന ബില്ലിഗ്രഹാം ക്രൂസേഡ്. ഒരു മില്യൺ ആളുകൾ പങ്കെടുത്തു



**ഡോ. ബില്ലി ഗ്രഹാം മക്കളോടൊപ്പം**

ആൻ, വില്ല്യം ഫ്രാങ്ക്ളിൻ, നെൽസൻ എന്നിവരാണ് മക്കൾ. മക്കളിൽ ലോകപ്രസിദ്ധ സുവിശേഷകനും പ്രമുഖ ജീവകാരുണ്യ പ്രവർത്തകനുമായ ഫ്രാങ്ക്ളിൻ ഗ്രഹാം, പ്രസിദ്ധ സുവിശേഷകയും എഞ്ചൽ മിനിസ്ട്രീസ് സ്ഥാപകയുമായ ആൻ ഗ്രഹാം ലോറ്റ്സ്, കൊച്ചുമകൻ വിൽ ഗ്രഹാം എന്നിവർ സുവിശേഷീകരണദൗത്യത്തിൽ ഡോ. ബില്ലി ഗ്രഹാമിന്റെ പാത പിന്തുടരുന്നു.

ഡോ. ബില്ലി ഗ്രഹാം, ഡോ. ഫ്രാങ്ക്ളിൻ ഗ്രഹാം, ഡോ. വിൽ ഗ്രഹാം...തലമുറ തലമുറയായി സുവിശേഷത്തിന്റെ വ്യാപ്തിക്കായി ആ പാത നീളുകയാണ്.

ഡോ. ബില്ലി ഗ്രഹാം ലോകത്തോട് വിട പറയുമ്പോൾ ലോകത്തിലെ സുവിശേഷ മുന്നേറ്റത്തിന്റെ ഒരു യുഗം തന്നെ അവസാനിക്കുകയാണ്. ലോകത്തിൽ സുവിശേഷത്തെക്കാൾ വലിയ സന്ദേശമില്ലെന്ന് തിരിച്ചറിഞ്ഞ, സുവിശേഷ വേലയെക്കാൾ വലിയ ജോലിയില്ലെന്ന് രുചിച്ചറിഞ്ഞ, ഉൾക്കാഴ്ചയും ദൈവത്തിന്റെ മഹാദർശനവും ആഴത്തിൽ വേരൂന്നിയ സുവിശേഷകൻ. ഡോ. ബില്ലി ഗ്രഹാമിന് തുല്യം ഡോ. ബില്ലി ഗ്രഹാം മാത്രം.



**ആഗോള സുവിശേഷകരായ ഡോ. ബില്ലി ഗ്രഹാമും മകൻ ഫ്രാങ്ക്ളിൻ ഗ്രഹാമും കൊച്ചുമകൻ ബിൽ ഗ്രഹാമും ഒരു വേദിയിൽ**

ലോകത്തിന് ആരായിരുന്നു ബില്ലി ഗ്രഹാമെന്നത് ഇനിയുള്ള കാലങ്ങളിൽ വിലയിരുത്തപ്പെടും. ഒരു ക്രിസ്ത്യാനിയുടെ ജീവിതം എങ്ങനെയായിരിക്കണമെന്ന് , ഒരു സുവിശേഷകന്റെ ജീവിത ദർശനം എന്തായിരിക്കണമെന്ന്, ഒരു ക്രിസ്തു ഭക്തൻ ലോകത്തിൽ എങ്ങനെ ജീവിക്കണമെന്ന് ബൈബിൾ വെളിച്ചത്തിൽ അദേഹം ആഗോള ക്രൈസ്തവസഭയെ പഠിപ്പിച്ചു. നിത്യരക്ഷയ്ക്കായി ക്രിസ്തുവല്ലാതെ വേറൊരു രക്ഷകനില്ലെന്ന് ശക്തിയുക്തം ലോകത്തെ അറിയിച്ചു. സ്വന്തജീവിതം അതിന് എല്ലാം മാതൃകയാക്കി കാട്ടിക്കൊായിരുന്നു ആ സന്ദേശങ്ങൾ. അദേഹത്തിന്റെ സ്വർണ്ണചിന്തകൾ പോലെ 'ഡോ ബില്ലി, മരിക്കുവാനല്ല, നിത്യം ജീവിക്കുവാനായി സ്വർഗ്ഗീയ താതന്റെ സവിധത്തിലേക്ക് മടങ്ങിപ്പോയിരിക്കുന്നു.....' .ആ മഹാനായ സുവിശേഷകന്റെ ദീപ്ത ദർശനം നമുക്ക് മാതൃകയാക്കാം. **മാറാനാഥാ**

# Dr. Billy Graham-America's Pastor



**Joseph Kurian**
**Houston**

William Franklin Graham Jr.born on November 7, 1918 in Charlotte, North Carolina was a Scots-Irish descent and was the eldest of four children. He was America's Pastor and a world renowned preacher who had captured the audience to his finger tip by the grace of God, unique personality and his magnifying delivery style and amazing passion to preach his savior Jesus Christ.

After graduating from Sharon High School in May 1936, Graham attended Bob Jones College in Cleveland, Tennessee and in 1937 he came to the Florida Bible Institute in Temple Terra, Florida. He preached his first sermon in 1937 at a Baptist Church in Palatka, Florida and in 1943 he graduated from Wheaton College in Wheaton, Illinois with a degree in anthropology. In 1939 he was ordained by a group of Southern Baptist clergy at Peniel Baptist Church in Palakka, Florida.

On August 13, 1943 Graham married Wheaton classmate Ruth Bell. Ruth Graham died in June 14, 2007 at the age of 87 after 64 years together serving God with her handsome and world famous preacher. Since his Ministry began in 1947 Billy Graham conducted more than four hundred (400) crusades in one hundred and eighty five (185) countries. The first Billy Graham crusade in 1947 was in the Civic Auditorium in Grand Rapids Michigan was attended by 6000 people. His gospel meeting, he called crusades attracted millions around the world and accepted Christ as their personal savior. In 1992, in Moscow crusade, over fifty thousand accepted Christ and he frequently used the altar call song "Just as I am".

Rev. Dr. Billy Graham was the most influential preacher in the world till his death. His style, eloquence, powerful delivery, passion to preach, unique personality, love for people changed loves and transformed many forever. Even though he was famous around the world, he was such a humble servant of God, never boast about himself or his accomplishments and with all humility preached the gospel with the only desire to bring people to Christ. He never lived in a mansion, asked others to call him Billy, loved all regardless of color, creed, race or religion and the more humble he was the more higher God lifted him in the world. He was a Pastor to many US presidents. From Harry S. Truman to Barrack Obama, they all respected him and seek his prayers and advice for heavenly blessings that would have helped them to lead well and become better presidents. Billy Graham presided and officiated the funeral services of Presidents Lyndon Johnson and Richard Nixon. He was a frequent guest of President Ronald Regan. President George H Bush invited him to spend the night at the white house, the day before American led force began bombing Iraq. President Bill Clinton asked Billy Graham to offer prayer at his inauguration in 1993. Is there any other preacher or religious leader ever had such an influence among the most powerful people in the world, the presidents of United States of America. He was even frequently invited by the Royal family due to his friendship and relationship with Queen Elizabeth.

"I am just promoting the Gospel" his words and the only goal and purpose in life. Becoming famous, accumulating wealth in the name of gospel, influence others for personal gain or power was not at all his plan or purpose in life, but

> He was a Pastor to many US presidents. From Harry S. Truman to Barrack Obama, they all respected him and seek his prayers and advice for heavenly blessings that would have helped them to lead well and become better presidents.



to change people from sinful life to saved life by believing in Christ who died on the cross for the world and he accomplished that goal probably more than all the so called big preacherstogether achieved. He wrote thirty books, inspired many other evangelists and it is estimated that he had preached the Gospel to more than two hundred and fifty million people in more than one hundred and eighty five countries since 1947.

Billy Graham was the world's best known evangelist for more than sixty years, died on Wednesday, February 21, 2018 at his home in Montreal, North Carolina at the age of ninetynine (99). Not only United States lost its Pastor, but the world lost a powerful preacher, truereligious leader, man of impeccable moral character, unselfish, humble, loving, caring,gentleanda greatsoldier of Christ.


He was truly one of a kind and let us pray that God will raise few others like Dr. Billy Graham in this generation to preach and practice what they preach to attract many to the kingdom of God.

# പത്രാധിപകുറിപ്പ്

**തിരുവചനമൊഴി**

"എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങൾ അല്ല; നിങ്ങളുടെ വഴികൾ എന്റെ വഴികളുമല്ല എന്ന് യഹോവ അരുളിച്ചെയുന്നു. ആകാശം ഭൂമിക്ക് മീതെ ഉയർന്നിരിക്കുന്നത് പോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു"

(യെശയ്യാവ് 55: 8,9)



മാറാനാഥാ വോയ്സ്
10 മാർച്ച് 2018
ക്രൈസ്തവ സത്യങ്ങളുടെ പ്രതിധ്വനി

# 'ഞാനാരാണെന്നും എവിടേക്ക് പോകുന്നുയെന്നും എനിക്കറിയാം.. ഡോ.ബില്ലി ഗ്രഹാം



ഷാജി മാറാനാഥാ
shajimaranatha@yahoo.co.in

**ലോ**ക പ്രസിദ്ധ സുവിശേഷ പ്രഭാഷകനായിരുന്ന ഡോ ബില്ലി ഗ്രഹാമിന്റെ ഏറ്റവും പ്രസിദ്ധമായ വാചകങ്ങളിൽ ഒന്നാണ് ഈ കുറിപ്പിന്റെ തലക്കെട്ട്. അദേഹത്തിന്റെ മരണത്തോടനുബന്ധിച്ച് , തന്റെ വിശ്വാസവും ജീവിതവും സംബന്ധിച്ച് സെക്കുലർ മാധ്യമങ്ങൾ പോലും ആഴമായ ചിന്തകളാണ് സമൂഹത്തിന് പങ്ക് വെച്ചത്. ലോകമാധ്യമങ്ങളിൽ മിക്കതും അമേരിക്കയുടെ പാസ്റ്റർ' എന്നാണ് അദേഹത്തെ വിശേഷിപ്പിച്ചത്.കാരണം ലോകത്തിന് മുന്നിൽ കലർപ്പില്ലാത്ത സുവിശേഷം പങ്ക് വച്ച ഡോ.ബില്ലി, കലർപ്പില്ലാത്ത ജീവിതത്തിന്റെയും ഉടമയായിരുന്നു. 185 ഓളം രാജ്യങ്ങൾ സന്ദർശിച്ച് ജനകോടികളോട് യേശുക്രിസ്തുവിന്റെ സുവിശേഷം പങ്കിട്ട ഡോ. ബില്ലി ഗ്രഹാമിനെ പോലെ ഒരു മിഷണറി ലോകചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്ന് തന്നെയാണ് ആഗോള മാധ്യമങ്ങളുടെ നിരീക്ഷണം. ചില ക്രൈസ്തവ മാധ്യമങ്ങൾ കുറിച്ചത്, അപ്പോസ്തലനായ വിശുദ്ധ പൗലോസിന് ശേഷം ഡോ. ബില്ലി ഗ്രഹാമിനെ പോലെ ആവലോടെ സുവിശേഷം പങ്കിട്ട ഒരു സുവിശേഷകൻ ഉണ്ടായിട്ടില്ലെന്നാണ്.

'ഞാനാരാണെന്നും എവിടേക്കു പോകുന്നുയെന്നും എനിക്കറിയാ'മെന്നുള്ള ഡോ ബില്ലി ഗ്രഹാമിന്റെ ദൃഢനിശ്ചയമാണ് യഥാർഥത്തിൽ ഓരോ ക്രിസ്തീയ വിശ്വാസിക്കും അത്യാവശ്യമായി വേണ്ടത്. എന്നാൽ അദേഹത്തിന്റെ കാലഘട്ടം അവസാനിക്കും മുമ്പ് തന്നെ ആ കാഴ്ചപ്പാട് ക്രൈസ്തവ സമൂഹത്തിൽ നിന്ന് മാഞ്ഞ് പോയിരിക്കുന്നുയെന്നതാണ് സത്യം. കാരണം ഒരു ക്രിസ്തുവിന്റെ അനുഗാമി ആരാണെന്നുള്ള തിരിച്ചറിവ്, എവിടേക്ക് പോകുന്നുയെന്നുള്ള ഉറപ്പ് , ഇത് രണ്ടും ഇന്നത്തെ ആത്മീയ സമൂഹത്തിൽ നിന്ന് അകന്ന് കൊണ്ടിരിക്കുകയാണ്. എത്രയോ സ്ഥാനമാനങ്ങൾ, രാഷ്ട്രതലങ്ങളിൽ തന്നെ ഉന്നതമായ പദവികൾ ഡോ. ഗ്രഹാമിന് ,നേരെ വച്ച് നീട്ടപ്പെട്ടിരുന്നു. യിസ്രായേലിന്റെ രൂപീകരണത്തിന് ശേഷം അദേഹത്തിന് വാഗ്ദാനം ചെയ്ത ഒരുന്നത പദവിയായിരുന്നു യിസ്രായേലിന്റെ അംബാസിഡർ പദവി. എന്നാൽ താൻ 'യിസ്രായേലിന്റെ മാത്രമല്ല, മുഴുലോകത്തിന്റെയും ക്രിസ്തുവിന്റെ അംബാസിഡറാണ് ' എന്നായിരുന്നു. ഡോ. ബില്ലി ഗ്രഹാമിന്റെ മറുപടി. ക്രിസ്തുദർശനം പ്രാപിച്ച ഒരു യഥാർത്ഥ സുവിശേഷകന് മാത്രമേ അങ്ങനെ പറയാനാകൂ. ദൈവത്താൽ വീണ്ടും കൂട്ടിച്ചേർക്കപ്പെട്ടെന്ന് ക്രൈസ്തവ സമൂഹവും ജൂതരും ഒരുപോലെ വിശ്വസിക്കുന്ന യിസ്രായേൽ രാഷ്ട്രത്തിന്റെ അംബാസിഡറായിരിക്കുകയെന്നത് എത്രയോ ഉന്നതമായ പദവിയാണ്. എന്നാൽ അതിന് വേണ്ടിയല്ല തന്നെ ദൈവം വിളിച്ചതെന്നും ലോകത്തിന് ദൈവത്തിന്റെ രക്ഷയെ കാട്ടിക്കൊടുക്കുകയാണ് തന്റെ ലക്ഷ്യമെന്നു അദേഹം ഉറച്ച് വിശ്വസിച്ച് നിലകൊണ്ടു. അതിന് ശേഷം ബ്രിട്ടന്റെ പ്രഭു പദവിയടക്കം എത്രയോ ഉന്നതമായ ബഹുമതികൾ അദേഹത്തെ തേടിയെത്തി. അവയൊന്നും സുവിശേഷകൻ എന്ന പദവിയേക്കാൾ വലുതായി തന്റെ മഹത്വത്തിന്റെ കിരീടത്തിൽ ചാർത്തുവാൻ അദേഹം ഒരുക്കലും തുനിഞ്ഞില്ല. അതിന് പ്രാധാന്യം കൊടുക്കാനും അദേഹം താത്പ്പര്യപ്പെട്ടില്ല. ക്രിസ്തുവിനെ പിൻപറ്റുന്ന, അവിടുത്തെ വേലയിൽ ആയിരിക്കുന്ന നാമാരാണെന്ന തിരിച്ചറിവ് ഇന്നത്തെ ആത്മീയ സമൂഹത്തിനും നേതാക്കൾക്കും ലഭിച്ചിരുന്നുവെങ്കിൽ ക്രൈസ്തവ സമൂഹത്തിനും ദൈവനനാമത്തിനും ദോഷവും അപമാനവും വരുത്തുന്ന ഒട്ടനവധി ദുഷ്പ്രവണതകൾ ദൈവസഭയെ വിട്ടകലുമായിരുന്നു. സ്വന്തപദവിക്കും മഹത്വത്തിനും വേണ്ടി സുവിശേഷത്തെ കരുവാക്കുന്ന, വിൽക്കുന്ന ക്രൈസ്തവ നേതാക്കൾ പെരുകുന്ന കാലഘട്ടത്തിലാണ് ഡോ. ബില്ലി ഗ്രഹാം തന്റെ ആത്മീയമായ കാഴ്ചപ്പാട് ഇങ്ങനെ വിശദീകരിച്ചത്.

> ഞാനാരാണെന്നും എവിടേക്കു പോകുന്നുയെന്നും എനിക്കറിയാമെന്നുള്ള ഡോ ബില്ലി ഗ്രഹാമിന്റെ ദൃഢനിശ്ചയമാണ് യഥാർഥത്തിൽ ഓരോ ക്രിസ്തീയ വിശ്വാസിക്കും അത്യാവശ്യമായി വേണ്ടത്. എന്നാൽ അദേഹത്തിന്റെ കാലഘട്ടം അവസാനിക്കും മുമ്പ് തന്നെ ആ കാഴ്ചപ്പാട് ക്രൈസ്തവ സമൂഹത്തിൽ നിന്ന് മാഞ്ഞ് പോയിരിക്കുന്നുയെന്നതാണ് സത്യം.

രണ്ടാമതായി താൻ 'എവിടേയ്ക്ക് പോകുന്നുയെന്ന് തനിക്കറിയാമെന്ന' അദേഹത്തിന്റെ വാചകവും ഇന്നത്തെ ആത്മീയ സാഹചര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തിയുള്ളതാണ്. ഒരു പക്ഷേ ക്രൈസ്തവസമൂഹം ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുന്നുയെന്ന ബോധം മൂലമായിരിക്കാം അദേഹം അങ്ങനെ പറഞ്ഞതെന്ന് വേണം കരുതാൻ. നമ്മുടെ പിതാക്കന്മാർക്ക് നിത്യതയായിരുന്നു ലക്ഷ്യം അവർക്കതിൽ ഉറപ്പുമുണ്ടായിരുന്നു. അതുകൊണ്ട് ദൈവം അവരുടെ ദൈവം എന്ന് വിളിക്കപ്പെടുവാൻ ലജ്ജിച്ചിരുന്നില്ലെന്ന് നാം വായിക്കുന്നു. ഇന്ന് ദൈവീക സമൂഹത്തിന്റെ ലക്ഷ്യം അവയിൽ നിന്നൊക്കെ എത്രയോ അകലത്തായിരിക്കുന്നു. ഒഴുക്കിനൊത്ത് നീന്തുന്നുയെന്നല്ലാതെ എവിടേയ്ക്കാണീ യാത്രയെന്ന് നയിക്കുന്നവർക്ക് പോലും നിശ്ചയമില്ലാതായിരിക്കുന്നു. യേശുക്രിസ്തു ദൈവമാണെന്നോ, ഒരു നിത്യവാസം നമുക്കായി ദൈവം ഒരുക്കുന്നുയെന്നോ ഉറപ്പില്ലാത്ത 'കാലഘട്ടത്തിന്റെ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും " ഇന്നത്തെ ആത്മീയ സമൂഹത്തിൽ വർദ്ധിക്കുന്നുയെന്ന് പറഞ്ഞാൽ എത്ര പേർക്ക് വിശ്വസിക്കാനാവും? നാമാരാണന്നും എവിടേയ്ക്ക് പോകുന്നുയെന്നും വ്യക്തമായ ഒരു തിരിച്ചറിവ് ഈ നാളുകളിൽ നമുക്കുണ്ടാകട്ടെ. ഇല്ലെങ്കിൽ ഇത് വ്യർത്ഥവും പാഴുമായ പ്രയാണം മാത്രമാണ്. ■

MARANATHA VOICE
P.B. NO. -05
KOTTARAKARA - 691 506
KOLLAM, KERALA.
Phone : 8547414937

Reg: No. KERBIL-2000/2219
POSTAL REG. NO:
KL/QN/301/2018-20

CHIEF EDITOR
Bro. Thampi P. Thomas
MANAGER
Pastor. K.V. Kuruvilla
GENERAL SECRETARY
Evg. Mathew Thomas
MANAGING EDITOR
Bro. sajimon Thankachan
EDITORS
Bro. Thomas George Anayazhikathu
Pastor. Veeyapuram Georgekutty
Evg. Kurian Philip
NEWS EDITOR
Bro. ROY MANNOOR
ASSOCIATE EDITORS
Bro. James Oommen
CONTRIBUTING EDITORS
Bro. Jose Mathews
Bro. K.V. Varghese, Houston
OVERSEAS EDITOR
Bro. Noble John
CIRCULATION MANAGER
Bro. Thomson K. Thomas
MEMBERS
Bro. Chummar P. Thomas
Bro. Thomas Abraham, Florida
Bro. John Chandy
Bro. Joby John
Dr. P.A. Philip
Bro. Samuel George
Bro. Manoj George
Bro. Jojo. A. George
Bro. Ben Cherian
Bro. Eappen Varghese
ADVISORY BOARD
Pastor. Thomas Koodampallam
Bro. Abraham Kuruvila

**വാർഷിക വരിസംഖ്യ**

| | |
|---|---|
| ഇന്ത്യ– | 100.00 രൂപ |
| യു.എസ്.എ– | $.30 |
| കാനഡ– | $.40 |
| ഗൾഫ് നാടുകൾ– | 600.00 രൂപ |

*Contact Address in USA*
MARANATHA VOICE,
P.B. No. 68481,
SCHAUMBURG, IL 60168.
PH : (847) 301 - 0607

*Contact Address in CANADA*
Br. Samuel Oommen
20-Burtonwood, Cres
Etobicoke,
Toronto, Ontario, M9V
3L8, CANADA.
Ph : 416-743-9435.

വേദവെളിച്ചം



പ്രൊഫ. മാത്യു പി.തോമസ്
തിരുവല്ല
9496502524

# വിശ്വാസത്തോട് വീര്യം കൂട്ടുക

> നാം എപ്പോഴും വാഗ്ദത്തം ചെയ്തവനെക്കാൾ ഏറെ വാഗ്ദത്തത്തിൽ വിശ്വസിക്കുന്നവരാണ്. എന്നാൽ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് വാഗ്ദത്തം ചെയ്തവനെക്കാൾ വാഗ്ദത്തം ചെയ്ത ദൈവത്തിൽ വിശ്വസിക്കുകയെന്നുള്ളതാണ്. ഇങ്ങനെയുള്ള സന്ദർഭത്തിൽ വാഗ്ദത്തം നിവർത്തിയാകാത്തതിനാൽ ക്രിസ്തീയ ജീവിതത്തിൽ നാം പലരും മടുത്ത് പോകാറുണ്ട്. ഈ അവസ്ഥയിൽ പഴയനിയമ പ്രവാചകരിൽ പ്രമുഖനായ യിരെമ്യാവ് ഇപ്രകാരം പറഞ്ഞു "ഞാൻ ജനിച്ച ദിവസം ശപിക്കപ്പെട്ടിരിക്കട്ടെ;...കഷ്ടവും സങ്കടവും അനുഭവിച്ച് ജീവകാലം ലജ്ജയിൽ കഴിച്ച് കൂട്ടേണ്ടതിന് ഞാൻ ഉദരത്തിൽ നിന്നും പുറത്ത് വന്നത് എന്തിന്? പഴയ നിയമ ഭക്തന്മാരുടെ ജീവിതത്തിൽ സങ്കീർത്തനങ്ങളിലെല്ലാം തന്നെ ഇങ്ങനെയുള്ള പരിവേദനം നമുക്ക് കാണുവാൻ കഴിയും. ഇയ്യോബും ഇതേ ശൈലിയിൽ തന്റെ ജന്മദിനത്തെ ശപിച്ചതായി നാം കാണുന്നു.



നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ രാജ്യത്തിലേക്കുള്ള പ്രവേശനത്തിന് ഏറ്റവും പ്രാധാന്യമേറിയ ഘടകം വിലയേറിയ വിശ്വാസമാണെന്ന് കഴിഞ്ഞ ലേഖനത്തിൽ കണ്ടുവല്ലോ. വിലയേറിയ വിശ്വാസത്തിൽ നിന്ന് പിന്മാറി പോയാൽ കൃപയിൽ നിന്ന് ഛേദിക്കപ്പെടും. കൃപയിൽ നിന്നും ഛേദിക്കപ്പെട്ടാൽ ന്യായപ്രമാണത്തിന്റെ ശാപത്തിൻ കീഴെ വീണ്ടും അടയ്ക്കപ്പെടും. ന്യായപ്രമാണ പ്രകാരമുള്ള ശിക്ഷയും അനുഭവിക്കേണ്ടി വരും. വിലയേറിയ വിശ്വാസം നിലനിർത്തേണമെങ്കിൽ വിശ്വാസത്തോട് വീര്യം, പരിജ്ഞാനം, ഇന്ദ്രിയജയം, സ്ഥിരത ദൈവഭക്തി, സഹോദരപ്രീതി, സ്നേഹം എന്നീ 7 കാര്യങ്ങൾ കൂട്ടണമെന്നും നാം ചിന്തിച്ചു. മേൽപ്പറഞ്ഞ ദിവ്യ സ്വഭാവങ്ങളിൽ വീര്യത്തെക്കുറിച്ചും നമുക്ക് ചിന്തിച്ച് തുടങ്ങാം.

കർത്താവായ യേശുക്രിസ്തുവിൽ നാം വിശ്വാസം അർപ്പിക്കുമ്പോൾ നമ്മുടെ വിശ്വാസത്തെ പരിശോധനയ്ക്ക് വിധേയമാക്കുന്നു. അതിനെക്കുറിച്ച് പൗലോസ് അപ്പോസ്തലൻ പറയുന്നു. "അന്ത്യക്കാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്ക് വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്ക് വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം,മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായി തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു. അതിൽ നിങ്ങൾ ഇപ്പോൾ നാനാ പരീക്ഷകളിൽ ദുഖിച്ചിരിക്കേണ്ടി വന്നാലും ആനന്ദിക്കുന്നു. അഴിഞ്ഞ് ,പോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയതെന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസിനും മാനത്തിനുമായി കാൺമാൻ അങ്ങനെ ഇടവരും (1 പത്രോസ് 1: 3-7). ആകയാൽ ക്രിസ്തുവിന്റെ രാജ്യത്തിലേക്കുള്ള പ്രവേശനത്തിന് നമുക്ക് ലഭിച്ചിരിക്കുന്നത് വിലയേറിയ വിശ്വാസം തന്നെയാണോ എന്നറിയാൻ ഒരു പരീക്ഷയിൽ കൂടി നമ്മെ കടത്തിവിടുന്നുയെന്ന് മേൽപ്പറഞ്ഞ വേദഭാഗം വ്യക്തമാക്കുന്നു.

പരിശോധന അതിജീവിക്കാനുള്ള ഏറ്റവും അത്യാവശ്യ ഘടകമാണ് വീര്യം. അതിന് നമ്മുടെ കർത്താവിന്റെ വീര്യം തന്നെയാണ് മാനദണ്ഠമായി എടുക്കേണ്ടത്. ക്രിസ്തു ഇഹലോകത്തിൽ ആയിരുന്ന കാലത്ത് തന്റെ വീര്യം മുഖാന്തിരമാണ് ക്രൂശ് മരണം സഹിച്ച് ഉയിർത്തെഴുന്നേറ്റ് നമ്മുടെ മഹാപുരോഹിതനായി പിതാവായ ദൈവത്തിന്റെ വലത്ത്ഭാഗത്ത് എന്നേക്കും നമുക്ക് വേണ്ടി പക്ഷപാതം ചെയ്ത് കൊണ്ടിരിക്കുന്നത്. കർത്താവ് തന്റെ വീര്യം ക്രൂശ് മരണത്തോടെ നിലനിർത്താൻ എന്ത് ചെയ്തു എന്ന് എബ്രായ ലേഖന കർത്താവ് വെളിപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തു തന്റെ ഐഹിക ജീവിതകാലത്ത് തന്നെ മരണത്തിൽ നിന്ന് രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടും കൂടെ അപേക്ഷയും അഭയ യാചനയും കഴിക്കുകയും ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു.പുത്രനെങ്കിലും താനനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികെഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യ രക്ഷയുടെ കാരണഭൂതനായി തീർന്നു (എബ്രായർ.5: 7-9). നിത്യ രക്ഷ ആഗ്രഹിക്കുന്ന ഏതൊരുവനും മേൽപ്പറഞ്ഞ വാക്ക്യങ്ങളിൽ യേശുക്രിസ്തു കാണിച്ച ധീരത, അഥവാ വീര്യം നമ്മുടെ വിശ്വാസത്തോട് കൂട്ടിയില്ലെങ്കിൽ വിലയേറിയ വിശ്വാസം നിലനിർത്താൻ കഴികയില്ല.

ക്രിസ്തീയ ജീവിതത്തിൽ വാഗ്ദത്തങ്ങളിൽ മാത്രം വിശ്വസിച്ചാൽ പലപ്പോഴും വാഗ്ദത്തം അകലെയകലെ മാറിപ്പോകുന്നതായി അനുഭവപ്പെടാറുണ്ട്. നാം എപ്പോഴും വാഗ്ദത്തം ചെയ്തവനെക്കാൾ ഏറെ വാഗ്ദത്തത്തിൽ വിശ്വസിക്കുന്നവരാണ്. എന്നാൽ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് വാഗ്ദത്തം ചെയ്തവനെക്കാൾ വാഗ്ദത്തം ചെയ്ത ദൈവത്തിൽ വിശ്വസിക്കുകയെന്നുള്ളതാണ്. ഇങ്ങനെയുള്ള സന്ദർഭത്തിൽ വാഗ്ദത്തം നിവർത്തിയാകാത്തതിനാൽ ക്രിസ്തീയ ജീവിതത്തിൽ നാം പലരും മടുത്ത് പോകാറുണ്ട്. അതായത് ; പ്രാർത്ഥനയ്ക്ക് ഒരു മറുപടിയും ലഭിക്കാതിരിക്കുക, വാഗ്ദത്തങ്ങൾ എല്ലാ മൃഗതൃഷ്ണ അഥവാ മാൻ നിർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നത് പോലെയുള്ള ഭാവന മാത്രമായി തീരുക..! ഇപ്രകാരമുള്ള അനുഭവമുണ്ടാകുമ്പോൾ സങ്കീർത്തനക്കാരാനായ ആസാഫ് അതിനെക്കുറിച്ച് ഇങ്ങനെ വിവരിച്ചിരിക്കുന്നു.:- 'എന്റെ കാലുകൾ ഇടറി, എന്റെ കാലടികൾ ഏറെക്കുറെ വഴുതിപ്പോയി, ദുഷ്ടന്മാരുടെ സൗഖ്യം കണ്ടിട്ട് എനിക്ക് അഹങ്കാരികളോട് അസൂയ തോന്നി' അതുകൊണ്ട് താൻ ഇങ്ങനെ പറയേണ്ടി വന്നു. ഞാൻ എന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും എന്റെ കൈകളെ കുറ്റമില്ലായ്മയിൽ കഴുകിയതും വ്യർത്ഥമത്രെ.' (സങ്കീ. 73: 2-3,13). ഏതൊരു ക്രിസ്തീയ വിശ്വാസിയുടെ ജീവിതത്തിലും ഈ അനുഭവം ഉണ്ടാകാറുണ്ട്. ഈ അനുഭവം വിശ്വാസത്തിന്റെ പരിശോധനയുടെ കാലഘട്ടമാണ്.വിശ്വാസ ജീവിതത്തിൽ ഇടറിപ്പോകാനുള്ള വലിയൊരു സാധ്യതയാണ് ഇവിടെ കാണുന്നത്. ഈ അവസ്ഥയിൽ പഴയനിയമ പ്രവാചകരിൽ പ്രമുഖനായ യിരെമ്യാവ് ഇപ്രകാരം പറഞ്ഞു "ഞാൻ ജനിച്ച ദിവസം ശപിക്കപ്പെട്ടിരിക്കട്ടെ; എന്റെ അമ്മ എന്നെ പ്രസവിച്ച ദിവസം അനുഗ്രഹിക്കപ്പെടാതിരിക്കട്ടെ; നിനക്ക് ഒരു മകൻ ജനിച്ചിരിക്കുന്നുയെന്ന് എന്റെ അപ്പനോട് അറിയിച്ച് അവനെ ഏറ്റവും സന്തോഷിപ്പിച്ച മനുഷ്യൻ ശപിക്കപ്പെട്ടവൻ......കഷ്ടവും സങ്കടവും അനുഭവിച്ച് ജീവകാലം ലജ്ജയിൽ കഴിച്ച് കൂട്ടേണ്ടതിന് ഞാൻ ഉദരത്തിൽ നിന്നും പുറത്ത് വന്നത് എന്തിന്? (യിരെമ്യ.21: 14-18).

പഴയ നിയമ ഭക്തന്മാരുടെ ജീവിതത്തിൽ സങ്കീർത്തനങ്ങളിലെല്ലാം തന്നെ ഇങ്ങനെയുള്ള പരിവേദനം നമുക്ക് കാണുവാൻ കഴിയും. ഇയ്യോബും ഇതേ ശൈലിയിൽ തന്റെ ജന്മദിനത്തെ ശപിച്ചതായി നാം കാണുന്നു. ഹബക്കുക്ക് പ്രവാചകൻ ഇങ്ങനെ പറഞ്ഞു: "യഹോവേ എത്രത്തോളം ഞാൻ അയ്യം വിളിക്കുകയും നീ കേൾക്കാതിരിക്കുകയും ചെയ്യും? സാഹസം നിമിത്തം ഞാൻ എത്രത്തോളം നിന്നോട് നിലവിളിക്കുകയും നീ രക്ഷിക്കാതിരിക്കുകയും ചെയ്യും. (ഹബ.1:2). പുതിയ നിയമത്തിൽ അപ്പോസ്തലനായ പൗലോസ് പറയുന്നു: "സഹോദരന്മാരെ ആസ്യയിൽ ഞങ്ങൾക്ക് ഉണ്ടായ കഷ്ടം

(ശേഷം പേജ്-12)

## യെശയ്യാ പ്രവാചകന്റെ കയ്യൊപ്പ് മുദ്ര കണ്ടെത്തിയതായി ഹീബ്രു സർവ്വകലാശാല ഗവേഷകർ

**ജെറുസലേം:** ബൈബിളിലെ പഴയനിയമ പ്രവാചകനായ യെശയാവ്വിന്റെ കയ്യൊപ്പ് മുദ്ര കണ്ടെത്തിയതായി യിസ്രായേലിലെ പുരാവസ്തു ഗവേഷകർ. ബിബ്ലിക്കൽ ആർക്കിയോളജി റിവ്യ എന്ന ശാസ്ത്ര ജേർണ്ണലിൽ ഫെബ്രുവരി 15 വ്യാഴാഴ്ച്ച പ്രസിദ്ധീകരിച്ച ശാസ്ത്രലേഖനത്തിലാണ് ഡോക്ടർ എലിയറ്റ് മാസർ എന്ന ഗവേഷകൻരെ നേതൃത്വത്തിലുള്ള പുരാവസ്തു ഗവേഷക സംഘം കയ്യൊപ്പ് മുദ്ര കണ്ടെത്തിയതായി പറയുന്നത്. 2700 വർഷം പഴക്കമുള്ള മുദ്രയച്ചിലാണ് പ്രവാചകന്റെ ഒപ്പ് കണ്ടെത്തിയത്. കളിമണ്ണിൽ തയാറാക്കിയ മുദ്രയച്ച് കിഴക്കൻ ജെറുസലേമിൽ നിന്നാണ് ഗവേഷകർക്ക് ലഭിച്ചത്.


ഇപ്പോൾ കണ്ടെത്തിയിരിക്കുന്ന 4 ഇഞ്ച് നീളമുള്ള മുദ്രയച്ചിൽ എബ്രായ ഭാഷയിൽ 'പ്രവാചകനായ യെശയ്യ' എന്നെഴുതിയിട്ടുണ്ട്. ജെറുസലേമിലെ പുരാതന ക്ഷേത്രമിരുന്ന കുന്നിന് താഴെയുള്ള സ്ഥലങ്ങളിൽ ഓഫെൽ എക്സ്കവേഷൻ എന്നപേരിൽ നടത്തിവരുന്ന ഗവേഷണങ്ങളുടെ ഭാഗമായുള്ള ഉത്ഘനനത്തിനിടയിൽ ലോഹയുഗത്തിലെ അവശേഷിപ്പുകൾക്കിടയിൽ നിന്നുമാണ് ബുള്ള എന്നറിയപ്പെടുന്ന മുദ്ര കണ്ടെത്തിയത്. ഹീബ്രു അക്ഷരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ബുള്ളയിൽ ഏശയ്യാ എന്നും പ്രവാചകൻ എന്ന ഹീബ്രു പദത്തിന്റെ ആദ്യത്തെ മൂന്ന് അക്ഷരങ്ങളുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2015 ൽ യെഹസ്ക്കിയാ രാജാവിന്റെ ബുള്ള കണ്ടെത്തിയതിന്റെ

(ശേഷം പേജ്-11)



പ്രവാചകന്റെ പേരോട് കൂടിയ മുദ്രയച്ച്

# ദൈവത്തിന്റെ പ്രവർത്തിയെ ആരാഞ്ഞറിയുന്നവൻ ആര്?





ആഗോള ക്രൈസ്തവ മിഷനറിയും ടോർച്ചേർഡ് ഫോർ ക്രൈസ്റ്റ് പ്രസ്ഥാന സ്ഥാപകനുമായിരുന്ന ഡോ. പി.പി. ജോബിന്റെ മിഷൻ അനുഭവത്തിൽ നിന്ന്

" ഒരു പോലീസുകാരൻ, പെൺകുട്ടിയെ വേദിയിൽ നിന്ന് പിടിച്ചു കസ്റ്റഡിയിൽ എടുക്കുന്നതിന് ശ്രമിച്ചു. അവൾ മീറ്റിംഗ് കുഴപ്പത്തിലാക്കി കലാപം സൃഷ്ടിക്കുന്നതിന് ശ്രമിക്കുകയാണെന്ന് തെറ്റിദ്ധരിച്ചു. പക്ഷേ, അവളുടെ പിന്നാലെ ഓടിവന്ന അവളുടെ മാതാവ് ഞെട്ടലോടുകൂടെ പോലീസുകാരനോട് ഇപ്രകാരം പ്രസ്താവിച്ചു.'പതിനേഴ് സംവത്സരങ്ങൾ വികലാംഗയായിരുന്ന എന്റെ പുത്രി ആദ്യമായിട്ടാണ് ഇപ്പോൾ നടക്കുന്നത്....!!

1988 ഫെബ്രുവരി മാസത്തിൽ മുംബെയിൽ ഞാൻ ഒരു കൺവൻഷൻ മഹായോഗം ക്രമീകരിച്ചു. ദൈവവചന പ്രഘോഷണം ശ്രവിക്കുന്നതിനുവേി ആയിരങ്ങൾ അവിടെ തടിച്ചുകൂടിയിരുന്നു. വിവിധ ജീവിത സരണികളിലൂടെ സഞ്ചരിക്കുന്നവർ ഒന്നിച്ച് സമ്മേളിച്ചു. പോലീസിലെ അസിസ്റ്റന്റ് കമ്മീഷണർ മിസ്റ്റർ ചൗധരിയും തന്റെ സഹധർമ്മിണിയോടൊപ്പം പ്രസംഗവേദിയിൽ സന്നിഹിതനായിരുന്നു. ഫെബ്രുവരി 8-ാം തീയതി ഞായറാഴ്ച സമാപന സമ്മേളനത്തിൽ പ്രസംഗിക്കുന്നതിന് എഴുന്നേറ്റ എനിക്ക് ശബ്ദം നഷ്ടമായി. എന്റെ ശബ്ദം തിരിച്ചുകിട്ടി പ്രസംഗിക്കാമെന്നുള്ള പ്രത്യാശയിൽ ഞാൻ ശ്രമിച്ചു. എന്നാൽ പരസ്പരബന്ധമില്ലാത്ത പതറിയ ശബ്ദം മാത്രം. ശ്രോതാക്കൾ അക്ഷമരായി കാത്തിരുന്നു. ചിലർ പരിഹസിച്ചു ചിരിക്കാൻ തുടങ്ങി. അതുകൊ് പ്രസംഗിക്കുന്നതിന് കഴിയാത്ത പരിതസ്ഥിതിയിൽ എന്റെ ഉദ്യമങ്ങൾക്ക് വിരാമം ഇട്ടു. എന്റെ പ്രിയ സഹധർമ്മിണിയും, പ്രസ്തുത സമ്മേളനത്തിനു വേി രാപ്പകലില്ലാതെ കഠിനാദ്ധ്വാനം ചെയ്തു പ്രയത്നിച്ചവരും കണ്ണുനീർ താഴ്വരയിൽ ആയി. ഞാൻ കഠിനവൈഷമ്യത്തിലായി. എന്താണ് സംഭവിച്ചത്. എന്തുകൊ് ഇപ്രകാരം സംഭവിക്കുന്നു എന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല.ദൈവവചന പ്രഘോഷണം ശ്രവിക്കുന്നതിനുവേി തടിച്ചുകൂടിയ ഭക്തജനങ്ങൾ നിരാശരും അസ്വസ്ഥരുമായിത്തീർന്നു.

അവിടെയുായിരുന്ന എന്റെ സുഹൃത്തുക്കളും, അഭ്യുദയകാംക്ഷികളുമായ ദൈവവജനങ്ങളും, എനിക്കുവേി ശ്രദ്ധയോടെ പ്രാർത്ഥിച്ചുകൊിരുന്നു. അരമണിക്കൂർ നീു നിന്നു ആ ശക്തിയായ പ്രാർത്ഥന. അതൊരു ആത്മീയ അന്തരീക്ഷം അവിടെയുാക്കി. ആ രാത്രി എട്ടു മണിയോടടുത്തപ്പോൾ ഒരു പെൺകുട്ടി സുരക്ഷിത മേഖലയിലേക്ക് എടുത്തു ചാടി. (പ്രസംഗവേദിക്ക് മുൻപിലുള്ള സുരക്ഷിത മേഖലയായ 20 അടി ദൂരം പോലീസുകാർ മാർഗ്ഗനിരോധനം ചെയ്തിരുന്നു. പ്രസ്തുത സമ്മേളനം ശിഥിലീകരിക്കുന്നതിനു ഭീഷണിയുായിരുന്നതു മൂലമായിരുന്നു അത്). ഒരു പോലീസുകാരൻ, പെൺകുട്ടിയെ വേദിയിൽ നിന്ന് പിടിച്ചു കസ്റ്റഡിയിൽ എടുക്കുന്നതിന് ശ്രമിച്ചു. അവൾ മീറ്റിംഗ് കുഴപ്പത്തിലാക്കി കലാപം സൃഷ്ടിക്കുന്നതിന് ശ്രമിക്കുകയാണെന്ന് തെറ്റിദ്ധരിച്ചു. പക്ഷേ, അവളുടെ പിന്നാലെ ഓടിവന്ന അവളുടെ മാതാവ് ഞെട്ടലോടുകൂടെ പോലീസുകാരനോട് ഇപ്രകാരം പ്രസ്താവിച്ചു. 'പതിനേഴ് സംവത്സരങ്ങൾ വികലാംഗയായിരുന്ന എന്റെ പുത്രി ആദ്യമായിട്ടാണ് ഇപ്പോൾ നടക്കുന്നത് ' പ്രസ്തുത അത്ഭുതം ക പോലീസുകാരനും തന്റെ ഭാര്യയും ആ അത്ഭുത പ്രവർത്തിയിൽ അതിശയിച്ച് പോയി. അവർ യേശുവിനെ അടുത്തറിയുവാൻ അത് കാരണമായി. സമ്മേളനം കഴിഞ്ഞ് ഒരാഴ്ചയ്ക്കുശേഷം അവർ സ്നാനമേറ്റ് ക്രൈസ്തവ സഭയുടെ ഭാഗമായി. ദൈവപ്രവർത്തി അവിടെ അവസാനിച്ചില്ല. ഒരു ശൃംഖല പ്രതികരണം പോലെ മറ്റു വികലാംഗരായ ആളുകളും നടക്കുന്നതിന് തുടങ്ങി. ഏഴു വയസ് പ്രായമുായിരുന്ന ചെകിടനും മൂകനുമായ ബാലൻ സംസാരിക്കുവാൻ തുടങ്ങി. അന്ധനായിരുന്ന ഒരു മനുഷ്യന്റെ കാഴ്ച തിരിച്ചുകിട്ടി. അനേക അത്ഭുത സംഭവങ്ങൾ നടന്നു. ജനങ്ങളുടെ മദ്ധ്യത്തിൽ നടക്കുന്ന ദൈവത്തിന്റെ അത്ഭുത സംഭവങ്ങൾ കു നിന്ന ഞാൻ സ്വാഭാവികമായി പ്രതികരിച്ചു. എനിക്ക് ശബ്ദം ഇല്ല എന്ന കാര്യം വിസ്മരിച്ചു 'കർത്താവിനു സ്തോത്രം ' എന്ന് അത്യുച്ചത്തിൽ വിളിച്ചു പറഞ്ഞു. അത്ഭുത രോഗശാന്തിയുടെ ദിവ്യശക്തി സമ്മേളന മൈതാനത്ത് ആവരണം ചെയ്യപ്പെട്ടിരുന്നു. എനിക്കും രോഗശാന്തി ലഭിച്ചു. എന്റെ ഷർട്ടിൽ ബന്ധിച്ചിരുന്ന മൈക്രോഫോണിൽ നിന്നും എന്റെ ശബ്ദം മുഴങ്ങിക്കേട്ടു.

എനിക്കും അത്ഭുത രോഗശാന്തി ലഭിച്ചു എന്ന സന്ദേശം ശ്രോതാക്കളായ പതിനായിരങ്ങൾ തിരിച്ചറിഞ്ഞു. അനിയന്ത്രിതമായ ആനന്ദത്തിന്റെ അശ്രുസ്രോതസ്സ് എന്റെ മുഖത്തിലൂടെ താഴെ വീണുകൊിരുന്നു. തിരുഹിതപ്രകാരം അല്പദാസനെ ദൈവം അത്ഭുതകരങ്ങളിൽ എടുത്തുപയോഗിക്കുന്നു എന്നു ഞാൻ യഥാർത്ഥമായി അനുഭവിച്ചറിഞ്ഞു. പ്രസ്തുത അത്ഭുതങ്ങൾ വെളിപ്പെടുത്തേതിന് ദൈവം എന്റെ ശബ്ദം തിരിച്ചെടുത്തു. ദൈവത്തിന്റ ബോധ്യപ്പെടുത്തുന്ന - പ്രദർശന ശക്തിയായി ദൈവം എന്നെയും എന്റെ കൺവെൻഷൻ യോഗത്തെയും എടുത്തുപയോഗിച്ചു. അന്നെനിക്കുായ തീവ്രമായ ദുഃഖവും തീവ്രനൈരാശ്യവും ആ അത്ഭുത പ്രവർത്തികളിലൂടെ കർത്താവിൽ സന്തോഷമായി രൂപാന്തരപ്പെട്ടു.

## ഒരു ദൈവാനുഭവം നിങ്ങൾക്കുമുോ?

ഈ കോളത്തിൽ ദൈവം തന്റെ ഭക്തരുടേയും ഭൃത്യരുടേയും ജീവിതത്തിൽ ഓരോരോ കാലങ്ങളിൽ ചെയ്ത അത്ഭുതങ്ങളുടെ അത്യപൂർവ്വ അനുഭവങ്ങളാണ് ഞങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഇതുപോലെ നിങ്ങൾക്കും ഒരനുഭവം ഉങ്കിൽ മടിക്കാതെ എഴുതി നിങ്ങളുടെ ഒരു ഫോട്ടോ സഹിതം ഞങ്ങൾക്ക് അയച്ച് തരിക. തീർച്ചയായും ഞങ്ങളത് പ്രസിദ്ധീകരിക്കാം. അനേകർ അത്വായിച്ച് ദൈവത്തെ മഹത്വപ്പെടുത്തട്ടെ. പത്രാധിപർ.

# ഈ കുടുംബം പ്രാർത്ഥനയും സഹായവും ചോദിക്കുന്നു...

സ്വന്തമായി ഒരു ഭവനം ഭൂമിയിൽ പാർക്കുന്ന എല്ലാവരുടേയും സ്വപ്നമാണ്. വൻ സൗധങ്ങൾ പണിത് അനേകർ അതിൽ ഉറങ്ങുമ്പോൾ സമസൃഷ്ടികളായ അനേകരും തലയ്ക്ക് മുകളിൽ തണലൊരുക്കാൻ ഒരു ചെറുകൂരയെങ്കിലും നൽകണമേയെന്ന പ്രാർത്ഥനയോടെ അതിന് വേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്നു. ചിലരുടെ സ്വപ്നങ്ങൾ സഫലീകരിക്കപ്പെടുമ്പോൾ മറ്റ് ചിലർ ജീവിതകാലത്തൊരിക്കലും ആ സ്വപ്നം സാക്ഷാത്കരിക്കുവാൻ കഴിയാതെ പോകുന്നു. നിലമ്പൂർ കൊളക്കണ്ടം സ്വദേശി ഏബ്രഹാം വർഗ്ഗീസ് എന്ന റെജിക്കും കുടുംബത്തിനും വീടൊരു വലിയ സ്വപ്നമാണ്. കാരണം ഏറെ വർഷങ്ങൾ വാടകവീട്ടിലും പിന്നീട് പലരുടേയും സഹായത്തോടെയും വാങ്ങിയ 5 സെന്റ് ഭൂമിയിലെ പ്ലാസ്റ്റിക് ഷെഡിലുമായി കൈക്കുഞ്ഞുമായി ദുരിതജീവിതം ജീവിച്ച് തീർക്കുകയാണ് ഇവർ. കഴിഞ്ഞ 7 വർഷമായി നിലമ്പൂർ ടൗൺ ഐപിസി ഹെബ്രോൺ ചർച്ച് അംഗങ്ങളാണ് . കൂലിപ്പണിക്കാരനായ റെജിക്ക് ഭാര്യയും കൈക്കുഞ്ഞടക്കം രണ്ട് മക്കളുമുണ്ട്. ഏറെനാളത്തെ പ്രാർത്ഥനയുടേയും പ്രയത്നങ്ങളുടേയും ഫലമായി 5 സെന്റ് വസ്തു ലഭിച്ചപ്പോൾ അതിലൊരു ചെറുഭവനം എന്ന സ്വപ്നം പൂർത്തീകരിക്കുവാൻ പല വാതിലുകളും മുട്ടി. അതിൻഫലമായി ലഭിച്ച സഹായത്താലും കഠിനാദ്ധ്വാനത്തിലൂടെ ചരതിച്ച് വച്ച ചെറിയ സമ്പാദ്യവും കൂട്ടി വച്ച് ചെറിയൊരു വീട് പണി ആരംഭിച്ചു.



ഇപ്പോൾ അത് ജനൽപൊക്കം എത്തി നിൽക്കുന്നു. സ്ഥലത്ത് സാധനങ്ങൾ എത്തിക്കാനുള്ള ബുദ്ധിമുട്ട് മൂലം ഏറെ ബദ്ധപ്പാട് സഹിച്ചാണ് ഇതുവരേയും പണി കൊണ്ടെത്തിച്ചത്. തുടർന്ന് പണി മേൽക്കൂരയിലെങ്കിലും കൊണ്ടെത്തിക്കുവാൻ കഴിയാതെ ഭാരപ്പെടുകയാണ്. കൈക്കുഞ്ഞുമായി ഒട്ടും സുരക്ഷിതമല്ലാത്ത ഷെഡ്ഡിലെ ജീവിതം ദുസ്സഹമായിരിക്കുകയാണ്. വരുന്ന മഴക്കാലത്തിന് മുമ്പെങ്കിലും മേൽക്കൂരയെങ്കിലും പൂർത്തീകരിച്ച് അതിലേക്ക് മാറിത്താമസിക്കുവാൻ ഇവർ ആഗ്രഹിച്ച് പ്രാർത്ഥിച്ച് വരുന്നു. സ്ഥിരവരുമാനമില്ലാത്തതിനാൽ കുടുംബസന്ധാരണത്തിന് തന്നെ ബുദ്ധിമുട്ടനുഭവിക്കുന്ന ഇവർക്ക് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹായവും ആവശ്യമായിരിക്കുന്നു.

**ഏബ്രഹാം വർഗ്ഗീസ് (റെജി)**
**പേരിയിൽ ഹൗസ്**
**കുളക്കണ്ടം**
**നിലമ്പൂർ പി.ഒ**
**മലപ്പുറം- 679329**
**ഫോൺ: 8606857001**

A/c Details
Abraham p.v
A/c.no-209801011000405
Vijaya Bank
Nilambur branch
IFSC: VIJB0002098

**ദൈവത്തിന്റെ നിയോഗം പ്രാപിച്ച വനിതകൾക്ക് ഇന്നും ദൈവസഭയിൽ വലിയ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാനുണ്ടെന്നും ഏത് ജോലിത്തിരക്കുകൾക്കിടയിലും ദൈവമേൽപ്പിച്ച വലിയ ഉത്തരവാദിത്വങ്ങൾക്ക് മുൻഗണന നൽകണമെന്നും ഹൂൽദാ പ്രവാചകിയുടെ ജീവിതവൃത്താന്തങ്ങളിലൂടെ ലേഖനകർത്താവ് ഓർമ്മിപ്പിക്കുന്നു...**

# ഹുൽദാ



**അന്നമ്മ ബെഞ്ചമിൻ**
ഫ്ളോറിഡ

ബി.സി 649 നും 609നും ഇടയ്ക്കുള്ള കാലയളവിൽ യെരുശലേം ഭരിച്ചിരുന്ന രാജാവായിരുന്നു യോശിയാവ്(2 ദിനവൃത്താന്തം.34). തന്റെ പിതാവായ ആമോൻ ഭൃത്യന്മാരാൽ കൊല്ലപ്പെട്ടത് കൊണ്ട് ദേശത്തെ ജനങ്ങൾ രാജകുമാരനായ 8 വയസുള്ള യോശിയാവെ രാജസ്ഥാനത്ത് ആക്കുകയായിരുന്നു. പക്ഷേ യോശിയാവ് വിഗ്രഹാരാധികളായ തന്റെ അപ്പനിൽ നിന്നോ, വല്ല്യപ്പനായ മനശ്ശെയിൽ നിന്നോ ജീവനുള്ള ദൈവത്തെ പിൻപറ്റേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒന്നും കേട്ടിരുന്നില്ലെങ്കിലും അവരെ പോലെ ദൈവനിഷേധിയാകാതെ തങ്ങളുടെ പിതാവായ ദാവീദിന്റെ ദൈവത്തെ അന്വേഷിപ്പാൻ മനസ് വച്ചു. യഹോവയുടെ വഴി വിട്ട് മാറാതെ യഹോവയ്ക്ക് പ്രസാദമായുള്ളത് ചെയ്യുവാൻ മനസ് വച്ചു. അതിനുള്ള ആദ്യ പടിയായി ആലയം പുതുക്കി പണിയാനും ദേശം വെടിപ്പാക്കാനും തീരുമാനിച്ച് ദേശത്തിലെ മൂപ്പന്മാരേയും പ്രധാനികളേയും രാജസഭയിലെ പ്രതിനിധികളേയും വിളിച്ച് കൂട്ടി കാര്യം അവരോട് അറിയിച്ചു. യുവരാജാവിന്റെ തീരുമാനത്തെ അവർ സ്വീകരിച്ചതിനാൽ തുടർന്ന് രാജാവിന്റെ വിളംബരത്തെ ദേശത്ത് പ്രസിദ്ധമാക്കുകയും പണപ്പിരിവിന് ആളുകളെ നിയോഗിക്കുകയും ചെയ്തു.


ദേശത്തെ ജനം ദൈവകൽപ്പനയെ ലംഘിച്ച് ദൈവപ്രമാണങ്ങളെ വിട്ട് മാറി ദേശം മുഴുവൻ പൂജാഗിരികളും ബലിപീഠങ്ങളും പണിതിരുന്നു. ദേവാലയത്തിലും വിഗ്രഹങ്ങളെ പ്രതിഷ്ഠിക്കുകയും അതിന് ധൂപം കാട്ടുകയും ചെയ്തിരുന്നു. മുഹൂർത്തം നോക്കുകയും ആഭിചാരകന്മാരേയും വെളിച്ചപ്പാടന്മാരേയും ദേശത്ത് നിയമിക്കുകയും ചെയ്തിരുന്നു. അങ്ങനെ ദൈവം യിസ്രായേൽ മക്കളുടെ മുന്നിൽ നിന്ന് നീക്കി കളഞ്ഞിരുന്ന സകല ജാതീയ ചെയ്തികളേയും അവർ മടക്കി കൊണ്ട് വന്നിരുന്നു. തന്മൂലം ദൈവകോപം അവരുടെ മേൽ നിറഞ്ഞിരുന്നു. ഈ സമയത്താണ് യോശീയാവ് യെഹൂദയുടെ ചുമതലയേൽക്കുന്നത്. തന്റെ നല്ല യൗവ്വനത്തിൽ തന്നെ തന്റെ തീരുമാനപ്രകാരം ദേശത്തുള്ള എല്ലാ വിഗ്രഹങ്ങളേയും സൂര്യസ്തംഭങ്ങളേയും ബാൽ പ്രതിഷ്ഠകളേയും ദേവാലയത്തിലെ ബലി പീഠങ്ങളേയും ഇടിച്ച് തകർത്ത് പൊടിയാക്കി യെറുശലേമിന് പുറത്തുള്ള കിദ്രോൻ തോട്ടിൽ എറിഞ്ഞ് കളഞ്ഞിട്ട് അദേഹം യെറുശലേമിലേക്ക് മടങ്ങി വന്നു.

തന്റെ വാഴ്ചയുടെ പതിനെട്ടാം ആണ്ടിൽ രാജാവ് രായസക്കാരനായ ശാഫാനെ മഹാപുരോഹിതനായ ഹിൽക്കിയാവിന്റെ അടുക്കൽ അയച്ചു ആലയത്തിന്റെ അറ്റകുറ്റപണികൾ തീർക്കുന്നതിനുള്ള ക്രമീകരണത്തിനായിട്ട് ആലയത്തിൽ പിരിഞ്ഞ് കിട്ടിയ ദ്രവ്യം പുറത്തെടുക്കുവാൻ ആവശ്യപ്പെട്ടതിൻ പ്രകാരം പണം പുറത്തെടുത്തപ്പോൾ മോശെ മുഖാന്തിരം ജനത്തിന് പാലിക്കാനായി കൊടുത്ത ചട്ടങ്ങളടങ്ങിയ നിയമത്തിന്റെ പുസ്തകം മഹാപുരോഹിതന് നിന്നും ലഭിച്ചു. തിരുനിവാസത്തിലെ മാലിന്യങ്ങൾ നീക്കുന്നതിനിടയിൽ സാക്ഷ്യപെട്ടകത്തിന് കീഴെ മാലിന്യങ്ങളുടെ ഇടയിൽ മറഞ്ഞ് കിടന്ന ആ നിയമത്തിന്റെ പുസ്തകം പുരോഹിതൻ രാജാവിനെ ഏൽപ്പിക്കാനായി ശാഫാന്റെ കയ്യിൽ കൊടുത്ത് വിട്ടു. ശാഫാനത് രാജസദസിൽ എത്തിച്ച് ജനങ്ങളും പ്രതിനിധികളും കേൾക്കെ ഉറക്കെ വായിച്ചു. അതിൽ എഴുതിയിരിക്കുന്നത് കേട്ടപ്പോൾ വസ്ത്രം കീറി തന്നെത്താൻ താഴ്ത്തി ഉറക്കെ കരഞ്ഞു, യഹോവയുടെ വചനങ്ങൾ തന്റെ ഹൃദയത്തിൽ തുളച്ച് കയറുകയായിരുന്നു. ഉടനെ രാജാവ് മഹാപുരോഹിതനെയും മറ്റ് പ്രധാനികളേയും വരുത്തി "ഈ പുസ്തകത്തിലെ വാക്കുകളെ കുറിച്ച് എനിക്കും ജനത്തിനും യെഹൂദാ സമൂഹത്തിനും വേണ്ടി യഹോവയോട് അരുളപ്പാട് .ചോദിപ്പീൻ. നമ്മുടെ പിതാക്കന്മാർ യഹോവയുടെ വാക്കുകളെ കേൾക്കാതെ അനിഷ്ഠമായത് ചെയ്തത് കൊണ്ട് നമുക്ക് നേരെ ജ്വലിച്ചിരിക്കുന്ന യഹോവയുടെ കോപം വലിയതല്ലോ എന്ന് പറഞ്ഞു. അങ്ങനെ ഹിൽക്കിയാവും ശാഫാനും മറ്റുള്ളവരും ചേർന്ന്, യെറുശലേമിന്റെ രണ്ടാം ഭാഗത്ത് പാർക്കുകയായിരുന്ന രാജവസ്ത്ര വിചാരകനായ ശല്ലൂമിന്റെ ഭാര്യ ഹുൽദാ പ്രവാചകിയുടെ അടുക്കൽ ചെന്നു. ദൈവത്തിൽ നിന്നുള്ള അരുളപ്പാടുകൾ കലർപ്പില്ലാതെ അറിയിക്കുവാൻ കഴിവുള്ള ഒരു ദൂതുവാഹിയായരുന്നു ഹൂൽദാ. ഒരു പക്ഷേ രാജാവിനും പുരോഹിതനുമൊക്കെ അത് ബോധ്യമുള്ളതിനാലാകാം ഹൂൽദായുടെ അടുക്കലേക്ക് തന്നെ അവർ പോയത്. തിരുവചനത്തിൽ മറ്റ് പല പ്രവാചകിമാരെ പറ്റി എഴുതിയിട്ടുണ്ടെങ്കിലും പ്രധാനമായി പ്രതിപാദിക്കുന്ന 4 പേരിൽ ഒരാളായിരുന്നു ഹുൽദാ പ്രവാചകി. വേദപുസ്തകത്തിൽ വേറൊരിടത്തും അവരെപ്പറ്റി പ്രതിപാദിച്ചിട്ടില്ലെങ്കിലും അവർ ഇടപെട്ട ഈ സംഭവം വളരെ പ്രധാനപ്പെട്ടതും ഒരു പ്രവാചകി എന്ന നിലയിൽ അവൾ വഹിച്ച പങ്ക് വലിയതുമായിരുന്നു.

അങ്ങനെ മഹാപുരോഹിതനും മറ്റുള്ളവരും അവളുടെ അടുക്കൽ വന്ന് ചുരുൾ കയ്യിൽ കൊടുത്തു വരവിന്റെ ഉദ്ദേശ്യവും അറിയിച്ചു. മുന്നിൽ നിൽക്കുന്നത് മഹാപുരോഹിതനും രാജ്യത്തെ പ്രധാനികളുമാണെങ്കിലും അവരെ ഭയന്നോ ,ബഹുമാനിച്ചോ ദൈവം പറഞ്ഞ യാഥാർത്ഥ്യങ്ങളിൽ നിന്നും ഒന്നും പോലും മാറ്റി പറയാനോ ദൈവത്തിന്റെ ശിക്ഷയെ ലഘുകരിച്ച് വിവരിക്കാനോ ശ്രമിച്ചില്ലായെന്നത് ഇവിടെ ശ്രദ്ധേയമാണ്. ദൈവത്തിന്റെ ആലോചന യാതൊരു വിട്ടുവീഴ്ചയ്ക്കും തയാറാകാതെ ഉള്ളതു പോലെ അവൾ അവരോട് പറഞ്ഞു.

അവൾ അവരോട് : (2ദിനവൃത്താന്തം 34:24 മുതൽ) "നിങ്ങളെ എന്റെ അടുക്കൽ അയച്ചവനോട് പറയേണ്ടത് എന്തെന്നാൽ; ഞാൻ ഈ സ്ഥലത്തിനും നിവാസികൾക്കും രാജാവ് വായിച്ച് കേട്ട പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ അനർത്ഥവും അവരുടെ മേൽ വരുത്തും. യിസ്രായേലേ കേൾക്ക, യെഹൂദാ ജനമേ ചെവിചായ്ക്ക, നിന്റെ ദൈവമായ യഹോവ ഏകൻ. നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണശക്തിയോടും പൂർണ്ണ ആത്മാവോടും സ്നേഹിക്കേണം. യിസ്രയേലിന്റെ ദേവന്മാരെ പിന്തുടരുന്നവരെ നിന്റെ ദൈവമായ യഹോവ തീക്ഷ്ണതയുള്ളവൻ, വിഗ്രഹങ്ങളെ ഉണ്ടാക്കരുത് ,ബിംബമോ, സ്തംഭമോ നാട്ടരുത്,ശബത്ത് ആചരിക്കേണം, ആലയത്തെ ബഹുമാനിക്കേണം, അവന്റെ വഴികളിൽ നടന്ന് അവന്റെ അവനെ ഭയപ്പേടേണം- ഈ കൽപ്പനകളെല്ലാം നിഷേധിച്ച് നിന്റെ ദൈവത്തെ കോപിപ്പിച്ച് ജാതികളുടെ മ്ലേച്ഛതകൾക്കൊത്തതുപോലെ നടന്ന് കൽപ്പനകളേയും പ്രമാണങ്ങളേയും മറന്ന് അന്യ ദേവന്മാരെ സേവിച്ചത് കൊണ്ട് യഹോവയുടെ കോപം നിങ്ങളുടെ മേൽ വരുത്തും.മത്സരവും മലിനതയും ആയ നഗരമേ; എന്റെ വാക്ക് കേട്ടനുസരിച്ചില്ല, പ്രബോധനം കൈക്കൊണ്ടില്ല, അതുകൊണ്ട് ഞാൻ നിങ്ങളെ ഭൂമിയിൽ നിന്ന് ച്ഛേദിച്ച് കളയും. പട്ടണത്തിൽ നീ ശപിക്കപ്പെട്ടവനാകും. ചുറ്റുമുള്ള രാജാക്കന്മാരുടെ മുന്നിൽ നിന്ദയ്ക്കും പരിഹാസത്തിനും പാത്രമാക്കും. വാൾ, ക്ഷാമം, മഹാമാരി, അന്ധത. മനോവിഭ്രമം ഇവകൊണ്ടും നിന്നെ ബാധിക്കും......" ഇതായിരുന്നു ഹൂൽദായുടെ പ്രവചനം. കാലങ്ങൾക്ക്

(ശേഷം പേജ് –13)



> വളരെ ഉത്തരവാദിത്വമുള്ള ഒരു ജോലിയായിരുന്നു ഹുൽദായും കുടുംബവും നിർവ്വഹിച്ചിരുന്നതെന്ന് നമുക്ക് മനസിലാക്കാം. പക്ഷേ അവയ്ക്കിടയിലും ദൈവത്തിന്റെ സ്വരത്തിന് കാതോർക്കാനും സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും പ്രാർത്ഥനയിലൂടെ ദൈവത്തോട് സംസർഗ്ഗം പുലർത്താനും ഹൂൽദാ ശ്രദ്ധിച്ചിരുന്നു. ഈ തലമുറയിലും ഹൂൽദായെ പോലെ ഉദ്ദാരണങ്ങളുടെയും ഉണർവ്വിന്റെയും കാലങ്ങളെ മടക്കി വരുത്തുവാൻ അനേകം ഹുൽദാമാരെ ദൈവം തെരയുന്നു... സ്വയം സമർപ്പിതരായി ആരതിന് ചെവി കൊടുക്കും?

## 94ന്റെ നിറവിലും ദൈവകൽപ്പന നിറവേറ്റി ശോശാമ്മ



പാസ്റ്റർ ഏബ്രഹാം ജോൺ സ്നാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കുന്നു

**റാന്നി:** പ്ലാച്ചേരി ബഥേൽ ഐപിസി സഭയിൽ 94 വയസ്സുള്ള മാതാവ് സ്നാനമേറ്റു. മക്കപ്പുഴ കൈതോൺ വീട്ടിൽ ശോശാമ്മ ചെറിയാനാണ് ഫെബ്രുവരി മാസം 18 നു സഭാശുശ്രൂഷകൻ പാസ്റ്റർ ഏബ്രഹാം ജോണിന്റെ കൈക്കീഴിൽ സ്നാനമേറ്റത്. ഐപിസി പ്ലാച്ചേരി സഭയിലെ വിശ്വാസികളുടെ സാന്നിദ്ധ്യത്തിലായിരുന്നു ശുശ്രൂഷ. സഭാ സെക്രട്ടറി പാസ്റ്റർ വത്സൻ കെ. മാത്യു നേതൃത്വം നല്കി. 94 വയസ്സുള്ള മാതാവിനെ സ്നാനപ്പെടുത്താൻ കഴിഞ്ഞത് ശുശ്രൂഷാകാലയളവിലെ വിലപ്പെട്ട അനുഭവമാണെന്ന് പാസ്റ്റർ ഏബ്രഹാം ജോൺ പറഞ്ഞു.

# ഇറാനെതിരെ യിസ്രായേലും സൗദിയും കൈകോർക്കുന്നു...!



**സൗദിയുമായുള്ള ബന്ധത്തിൽ യിസ്രായേൽ എന്ത് ലാഭമാണ് കൊയ്യുവാൻ പോകുന്നതെന്ന ചോദ്യത്തിന് എനർജി മിനിസ്റ്റർ യുവാൽ സൈനിറ്റസ് പറഞ്ഞ് ഇപ്രകാരമാണ്. "സൗദിയും യിസ്രായേലും തമ്മിലുള്ള യോജിപ്പിന് പ്രധാനമായും സ്വാധീനിച്ച ഘടകം ഇറാന്റെ വർദ്ധിക്കുന്ന കരുത്തും സ്വാധീനവുമാണ്. ഇറാന്റെ ആണവ വികസന പദ്ധതികൾക്ക് വിരാമം പൂർണ്ണമായോ ഭാഗീകമായോ ഏർപ്പെടുത്തിക്കഴിഞ്ഞാൽ സൗദിയുമായിട്ട് തന്നെയല്ല മറ്റ് അറബ് രാജ്യങ്ങളുമായും മമതയിൽ തുടരാൻ യിസ്രായേലിന് സഹായകരമാകും എന്നതുമാണ്.**

**ക്രൈസ്തവ വിചാരം**



**പാസ്റ്റർ കെ.വി കുരുവിള**
**ഷിക്കാഗോ**

എണ്ണയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിക്കാതെയുള്ള ഒരു സമ്പദ് വ്യവസ്ഥയാണ് ഇപ്പോൾ സൗദിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി തെരുവും നഗരങ്ങളും ടെക്നോളജി കരുത്തിൽ കെട്ടിപ്പടുക്കുകയാണ് സൗദി അറേബ്യ,യു.എ.ഇ രാജ്യങ്ങൾ ചെയ്യുന്നത്. ലോകത്തെ മുൻനിര ടെക് കമ്പനികളെയെല്ലാം ഇവിടേക്ക് സ്വാഗതം ചെയ്യുകയാണ്.പല ഗൾഫ് രാജ്യങ്ങൾക്കും ചിന്തിക്കാൻ പോലുമാകാത്ത ഈ ലക്ഷ്യത്തിലേക്ക് അതിവേഗം മുന്നേറുകയാണ് സൗദി ഗവൺമെന്റ്.എണ്ണയിതര സമ്പദ് വ്യവസ്ഥ ലക്ഷ്യമിട്ട് ഊടും പാവും നൽകുവാൻ അവർ പരിശ്രമിക്കുന്നു.

ശാസ്ത്ര സാങ്കേതിക മേഘലയിൽ വൻ നിക്ഷേപം നടത്തുമ്പോൾ തന്നെ സൗദി, യിസ്രയേലുമായി കൈകോർക്കുവാനാഗ്രഹിക്കുന്നു. യിസ്രായേലിന്റെ ടെക്നോളജി കരുത്തും സാങ്കേതികതയുടെ മികവും കൊണ്ടാകാം ഇരുവരുടേയും ചങ്ങാത്തം ഏറി വരികയാണ്. ജൂതയിസ്രായേൽ .രാഷ്ട്രത്തിനും സുന്നി സൗദി അറേബ്യക്കും തമ്മിൽ ഔപചാരികമായ ബന്ധങ്ങളൊന്നുമില്ല. ദശകങ്ങളോളം പഴക്കമുള്ള ശത്രുതയാണ് അവർക്ക് പിന്നിലുള്ളത്. ഇറാന്റെ അണുവായുധ വികസന പദ്ധതികൾക്ക് തുരങ്കം വയ്ക്കുവാൻ ടെൽ അവീവുമായി അടുത്ത ബന്ധങ്ങൾ സ്ഥാപിക്കുവാൻ റിയാദും ജാഗ്രതയോടെ നീങ്ങി. ഇറാൻ ആണവ ഉടമ്പടി ഒപ്പ് വച്ച് ഒരു വർഷം കഴിഞ്ഞ് 2016ലെ വേനൽക്കാലത്ത് വിരമിച്ച ജനറൽ അൻവർ ഇഷ്കിയുടെ നേതൃത്വത്തിലുള്ള സൗദി പ്രതിനിധം സംഘം യെറുശലേമിലേക്ക് നടത്തിയ അസാധാരണമായ സന്ദർശനത്തിൽ യിസ്രായേലി വിദേശ മന്ദ്രാലയത്തിന്റെ പ്രതിനിധികളുമായും ഇസ്രായേൽ പാർലമെന്റ് അംഗങ്ങളുമായും ചർച്ചകൾ നടത്തി. അതിന് ശേഷം ഈ അടുത്ത കാലത്ത് യിസ്രായേൽ എനർജി മിനിസ്റ്റർ യുവാൻ സ്റ്റെനിറ്റ്സ് വെളിപ്പെടുത്തിയത് സൗദി അറേബ്യയുമായി രഹസ്യമായ ബന്ധങ്ങൾ സ്ഥാപിക്കപ്പെട്ടു എന്നാണ്. ആ മേഘലയിലെ പൊതുശത്രുവായ ഇറാന് എതിരെയാണ് അവരുടെ രാഷ്ട്രീയ താത്പ്പര്യങ്ങൾ യോജിക്കുന്നത്. യിസ്രായേൽ എനർജി മിനിസ്റ്ററിനോട് ഇതിന്റെ വിശദാംശങ്ങൾ എന്ത്കൊണ്ട് രഹസ്യമായി സൂക്ഷിക്കുന്നുയെന്ന് ആരാഞ്ഞപ്പോൾ



യിസ്രായേൽ പ്രധാന മന്ത്രിയും സൗദി രാജാവും

പറഞ്ഞ മറുപടി ഇപ്രകാരമാണ്. "ഞങ്ങളുടെ വിദേശ നയബന്ധങ്ങളിൽ പല മുസ്ളിം രാജ്യങ്ങളുമായും അറബ് രോജ്യങ്ങളുമായും ഓരോ ചുവട് വച്ച് മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഈ ബന്ധം ഭാഗീക തലത്തിൽ



യിസ്രായേൽ എനർജി മിനിസ്റ്റർ
യുവാൽ സൈനിറ്റസ്

രഹസ്യമായി വയ്ക്കുവാനും അപ്രകാരം തുടരാനും അവർ ആഗ്രഹിക്കുന്നത് കൊണ്ടാണ് ഞങ്ങൾ പരസ്യമാക്കാത്തത്. എന്നാൽ ഞങ്ങളെ സംബന്ധിച്ച് ഇത് എവിടേയും പരസ്യമാക്കാൻ ലജ്ജിക്കുന്നില്ല. അവരുടെ ആഗ്രഹത്തെ ഞങ്ങൾ ബഹുമാനിക്കുന്നതിനാൽ ഒരു പ്രശ്നമായി തോന്നുന്നുമില്ല. സാമ്പത്തികവും സൈനികവുമായ ബന്ധങ്ങൾ ശക്തമാക്കാനുള്ള ആവേശത്തിൽ ഏതൊരു മുസ്ളിം രാജ്യമായാലും സൗദി അറേബ്യ ആയിട്ടായാലും ഞങ്ങൾ സന്തുലിതമായ ബന്ധങ്ങൾ പുലർത്തുന്നതാണ്. അവരുടെ താത്പ്പര്യ പ്രകാരം പരമരഹസ്യമായി അത് തുടർന്ന് കൊണ്ടേയിരിക്കും". കഴിഞ്ഞ മാസം യിസ്രായേലിന്റെ മിലിട്ടറി ചീഫ് ലെഫ. ജനറൽ ഗാഡി ഐസൻകോട്ട് , അറബി ഭാഷാ ഓൺലൈൻ ന്യൂസിനോട് പറഞ്ഞത് ' ഇറാന്റെ ഇപ്പോഴത്തെ നിലപാടിൽ സൗദി അറേബ്യയ്ക്ക് രഹസ്യ വിവരങ്ങൾ കൈമാറാൻ ഞങ്ങൾ തയാറാണെന്നാണ്ണ്.

സൗദിയുമായുള്ള ബന്ധത്തിൽ യിസ്രായേൽ എന്ത് ലാഭമാണ് കൊയ്യുവാൻ പോകുന്നതെന്ന ചോദ്യത്തിന് എനർജി മിനിസ്റ്റർ യുവാൽ സൈനിറ്റസ് പറഞ്ഞ് ഇപ്രകാരമാണ്. "സൗദിയും യിസ്രായേലും തമ്മിലുള്ള യോജിപ്പിന് പ്രധാനമായും സ്വാധീനിച്ച ഘടകം ഇറാന്റെ ഇറാന്റെ വർദ്ധിക്കുന്ന കരുത്തും സ്വാധീനവുമാണ്. ഇറാന്റെ ആണവ വികസന പദ്ധതികൾക്ക് വിരാമം പൂർണ്ണമായോ ഭാഗീകമായോ ഏർപ്പെടുത്തിക്കഴിഞ്ഞാൽ സൗദിയുമായിട്ട് തന്നെയല്ല മറ്റ് അറബ് രാജ്യങ്ങളുമായും മമതയിൽ തുടരാൻ യിസ്രായേലിന് സഹായകരമാകും എന്നതുമാണ്. തന്നെയുമല്ല ഇറാന്റെ ഷിയാ സായുധ സംഘങ്ങൾ സിറിയയിൽ മിലിട്ടറി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് തടയിടാൻ മറ്റ് സുന്നി രാജ്യങ്ങളുടെ സഹായം ലഭ്യമായി തീരാനും സാധ്യതയുണ്ട്".


സൗദിയും യിസ്രായേലും തമ്മിലുള്ള യോജിപ്പിനെ സ്വാധീനിച്ച മറ്റൊരു ഘടകം, ട്രമ്പ് ഭരണകൂടത്തിന്റെ ഉറച്ച തീരുമാനവും ഇവർ തമ്മിലുള്ള സഖ്യം വളർന്നതുമാണ്. 2017 ഡിസംബർ 28ന് ബിബിസി ക്ക് നൽകിയ അഭിമുഖത്തിൽ ഇറാനെ തടയാൻ മിതവാദികളായ അറബ് രാഷ്ട്രങ്ങളുമായി സഖ്യമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതിക്ഷയെന്ന് യിസ്രായേലി വിദ്യാഭ്യാസ മന്ത്രി നഫ്താലി ബെനെറ്റ് പറഞ്ഞു.

2018 ജനുവരിയിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറം ഉച്ചകോടിയ്ക്കിടയിൽ പിന്നാമ്പുറ ചർച്ചകൾ നടന്നു. പ്രധാന സമ്മേളന നഗരിയിൽ പ്രതിനിധികൾ തിങ്ങി നിറഞ്ഞിരിക്കുമ്പോൾ തന്നെ പൊതു ദൃഷ്ടിയിൽ പെടാതെ ബന്ധങ്ങൾ ഉറപ്പിക്കന്നതിന് സൗദിയും യിസ്രായേലും ശ്രമിച്ചുയെന്നത് രഹസ്യമായ പരസ്യമാണ്. സൗദി-യിസ്രായേൽ ബന്ധങ്ങൾ ശക്തിപ്പെടുന്നതിനെക്കുറിച്ച് ഇറാൻ നേതാക്കൾ ഇപ്പോൾ ആശങ്കാകുലരാണ്. ആ സഖ്യത്തിലേക്ക് യുഎഇ, ബഹറിൻ തുടങ്ങിയ റിയാദിന്റെ സുന്നി സഖ്യശക്തികളും ഉൾപ്പെടും. യിസ്രായേലുമായുള്ള സൗഹൃദം അവസാനിപ്പിക്കാതെ സൗദി അറേബ്യയുമായുള്ള ബന്ധങ്ങൾ പുനസ്ഥാപിക്കില്ലെന്ന് ഇറാൻ പാർലമെന്റിൽ പ്രസിഡന്റ് ഹസ്സൻ റൂഹാനി പ്രഖ്യാപിച്ചു. മധ്യപൂർവ്വദേശത്ത് ഉരുത്തിരിയുന്ന രാഷ്ട്രീയം ഭാവിയിൽ ഇറാന് കൂടുതൽ വെല്ലുവിളികൾ ഉയർത്തുമെന്ന് തീർച്ചയാണ്.

ശത്രുവിന്റെ ശത്രു ,മിത്രമായി തീരുന്ന കാഴ്ചയാണ് നാം ഇവിടെ കാണുന്നത്. 'ബർണ്ണാഡ് ഷാ ' പറഞ്ഞിരിക്കുന്നത് ഇത്തരണത്തിൽ സ്മരണീയമാണ്. 'സിംഹം മനുഷ്യനോളം അക്രമിയല്ല, കാരണം അതിന് മതമോ, രാഷ്ട്രീയമോ, ജാതിയോ, ഗ്രൂപ്പോ ഇല്ലല്ലോ'.മതത്തിലധിഷ്ടിതമായ സൗദി സാഹചര്യങ്ങളുടെ സമ്മർദ്ധത്തിന് വഴങ്ങേണ്ടി വരുന്ന കാഴ്ചയാണ് നാം ഇപ്പോൾ കാണുന്നത്.



# ക്രിസ്തു ഹൃദയത്തിൽ പ്രവേശിച്ചപ്പോൾ..!



**കൊലയാളിക്ക് യേശുവിനെ സ്വീകരിച്ചപ്പോൾ മനസ്താപം; മറച്ച് വച്ചിരുന്ന കുറ്റം ഏറ്റു പറഞ്ഞതിനെ തുടർന്ന് പോലീസ് അറസ്റ്റ് ചെയ്ത് തടവറയിലാക്കി; ജയിലറയിലും താൻ പൂർണ്ണ സന്തോഷവാനെന്ന് കുറ്റവാളി**

ഏത് കഠിന ഹൃദയനും ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിച്ചറിയുമ്പോൾ ഹൃദയത്തിന് കാതലായ മാറ്റം സംഭവിക്കുന്നു. തന്റെ തെറ്റുകളെ കുറിച്ച് അവന് ബോധം വരുകയും പൂർണ്ണമായ അനുതാപത്തിലേക്ക് തിരിയുകയും ചെയ്യുന്നു. ക്രിസ്തു മനുഷ്യരിൽ വരുത്തുന്ന മാറ്റം അതാണ്. കാലിഫോർണിയ ശാശ്ത കൗണ്ടിയിൽ താമസക്കാരനായ 44 കാരനായ ബ്രെയൻ കെയ്ത്ത് ഹോക്കിൻസ് എന്ന കൊലയാളിയുടെ ജീവിതാനുഭവം ഇന്ന് ക്രൈസ്തവ ലോകത്ത് ഏറ്റവും ശ്രദ്ധേയമായിരിക്കുന്നതും അതുകൊണ്ടാണ്. അമേരിക്കയിലെ കാലിഫോർണിയയിൽ 25 വർഷം മുമ്പ് നടന്ന ഒരു കൊലപാതകത്തിന് ഇപ്പോഴെങ്കിലും തുമ്പുണ്ടായത് ബ്രെയന്റെ അനുഭവസാക്ഷ്യവും ഏറ്റു പറച്ചിലും ഒരു ചാനൽ റിപ്പോർട്ട് ചെയ്തത് മൂലമാണ്.



കൊല്ലപ്പെട്ട ഫ്രാങ്ക് വെസ്ളി മക് അലാസ്റ്റർ

1993 ലാണ് ആ കൊലപാതകം നടന്നത്. ബ്രെയനും അന്നത്തെ കൂട്ട് പ്രതികളായ ഷന്നാ കൾവർ, കർട്ടീസ് കൾവർ എന്നിവരും ചേർന്ന് 20 കാരനായ ഫ്രാങ്ക് വെസ്ളി മക് അലാസ്റ്റർ എന്ന യുവാവിനെ കൊലപ്പെടുത്തുകയായിരുന്നു. ഫ്രാങ്കിന്റെ കൈവശം ഉണ്ടായിരുന്ന പണം അപഹരിക്കാനാണ് അന്ന് ഇവർ കൊല നടത്തിയത്. ഫ്രാങ്കിനെ കുത്തിക്കൊലപ്പെടുത്തി കാറിൽ കയറ്റി കൊണ്ട് പോയി കോസ്റ്റ് കോ പാർക്കിലെ മരങ്ങൾക്കിടയിൽ തള്ളുകയായിരുന്നു. പോലീസ് വിശദമായ അന്വേഷണങ്ങൾ നടത്തിയെങ്കിലും മൂവരും പിടിക്കപ്പെട്ടില്ല. അവർ കുറ്റം മറച്ച് വച്ച് സമൂഹത്തിൽ കഴിഞ്ഞ 25 വർഷവും നിർഭയരായി ജീവിച്ചു. എന്നാൽ ബ്രെയന്റെ മനതാരിൽ അസ്വസ്ഥത ഏറിക്കൊണ്ടിരുന്നു. താൻ ചെയ്തത് കടുത്ത അപരാധമാണ് എന്ന ചിന്ത തന്റെ മനശാന്തി നശിപ്പിച്ചു. ഒടുവിൽ അയാൾ യേശുക്രിസ്തുവിങ്കലേക്ക് തിരിഞ്ഞു. രൂപാന്തരാനുഭവങ്ങൾ ഉളവായപ്പോൾ കുറ്റം ഏറ്റ് പറയുവാൻ മനസിൽ കടുത്ത പ്രേരണയുണ്ടായി. കഴിഞ്ഞ വർഷം ബ്രെയൻ മറ്റ് തന്റെ കൂട്ട് പ്രതികളോട് ക്രിസ്തു തന്റെ മനസിൽ കുറ്റം ഏറ്റു പറയുവാൻ നിരന്തരം പ്രേരിപ്പിക്കുന്നതായി പറയുകയുണ്ടായി. താൻ ഫ്രാങ്കിൻരെ വീട്ടിൽ പോയി കുറ്റം ഏറ്റു പറയുവാൻ പോവുകയാണെന്നും അറിയിച്ചു. എന്നാൽ അവർ അത് നിരാകരിക്കുകയും ഒരുക്കലും കുറ്റസമ്മതം നടത്തരുതെന്നും യേശുവിന്റെ പ്രേരണയെന്നതൊക്കെ മനസിന്റെ തോന്നലാണെന്നുമൊക്കെ ബ്രെയനെ ഉപദേശിച്ചു. പക്ഷേ മനസിൽ കർത്താവുദിച്ച ബ്രെയന് അതൊന്നും കേട്ട് സ്വസ്ഥത പ്രാപിക്കുവാൻ കഴിയുമായിരുന്നില്ല. 2017 ഓഗസ്റ്റിൽ താൻ കൊലപ്പെടുത്തിയ ഫ്രാങ്കിന്റെ പിതാവും മരിച്ചെന്നറിഞ്ഞതോടെ ബ്രെയന്റെ മനസിൽ




ചാനൽ അഭിമുഖത്തിനിടെ തന്റെ കുറ്റം ഏറ്റ് പറഞ്ഞ് വിതുമ്പുന്ന ബ്രെയൻ



ബ്രെയന്റെ ഏറ്റുപറച്ചിലിലൂടെ പിടിയിലായ കൂട്ട് പ്രതികൾ

(ശേഷം പേജ് -11)


NEW BOOK

## ORIGINS OF THE UNIVERSE, LIFE AND SPECIES: NEW PERSPECTIVES FROM SCIENCE AND THEOLOGY

**അമേരിക്കൻ മലയാളിയായ പ്രൊഫ. ഡോ.പി.വി ചെറിയാൻ, ചാൾസ് ഡാർവിൻ (Charls Darwin)1859 ൽ പ്രസിദ്ധീകരിച്ച എവലൂഷൻ തിയറി (Theory of Evolution), കഴിഞ്ഞ 250ൽ പരം വർഷങ്ങളുടെ ശാസ്ത്രീയ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ തെറ്റാണ് എന്ന് തെളിയിച്ചിരിക്കുന്നു. ദൈവം അഖിലാണ്ഠത്തിന്റെയും സകല ജീവജാലങ്ങളുടേയും സൃഷ്ടിതാവ് എന്നും സകലതും ദൈവത്താൽ ഉളവായി എന്നും ശാസ്ത്ര ഗവേഷണങ്ങളിൽ കൂടി തന്നെ കത്തെുന്നു. ഇവ വിശദീകരിക്കുന്ന പുതിയ പുസ്തക സമാഹാരത്തിന്റെ തലക്കെട്ട് ORIGINS OF THE UNIVERSE, LIFE AND SPECIES: NEW PERSPECTIVES FROM SCIENCE AND THEOLOGY എന്നാണ്. പുസ്തകം 2018 ഫെബ്രുവരി മാസം 12ന് ഡാർവിന്റെ 209-ാം ജന്മദിനത്തിൽ ലോകത്തിന് സമ്മാനിച്ചു.**

**അഖിലാണ്ഠവും സർവ്വ ചരാചരങ്ങളും Evolution മുഖാന്തിരം ഉായതാണ് എന്നുള്ളത് സങ്കൽപ്പിതമായ തിയറിയാണെന്നും അത് തെറ്റാണെന്നും തെളിവുകളുടെ അടിസ്ഥാനത്തിൽ പുസ്തകത്തിൽ വിശദീകരിക്കുന്നു. സകല ചരാചരങ്ങൾക്കും അതത് കാലയളവിൽ അതത് ജീവജാലങ്ങളുടെ പ്രത്യേക പരിസരങ്ങളിൽ ജീവിക്കാനും പ്രവർത്തിക്കാനുമുള്ള ജീൻസ് (Genes) ജീവികളുടെ ഡിഎൻഎ യിൽ ദൈവം സൃഷ്ടിച്ചിട്ട് എന്ന് ഡോക്ടർ ചെറിയാൻ വിശദീകരിക്കുന്നു. എന്ന് മാത്രമല്ല, അവയിൽ കൂടി എവലൂഷൻ തിയറിയെ നിരാകരിക്കുകയും സ്കൂളുകളിലും കലാശാലകളിലും പഠിപ്പിക്കുന്ന സയൻസ് കരിക്കുലം (Science Curriculm ) മാറ്റി ശരിയായ ദൈവസൃഷ്ടി പഠിപ്പിക്കണമെന്നും അദേഹം ആഹ്വാനം ചെയ്യുന്നു.**

**അഖിലാണ്ഠവും ജീവജാലങ്ങളും മനുഷ്യരാശിയും പരിസരങ്ങളും ദൈവം സൃഷ്ടിച്ചതാണെന്നും സകലതിനേയും കൂരിരുട്ടിന്റെ രാസവസ്തുവിൽ നിന്നും (Dark matter) ദൈവത്തിന്റെ നിത്യ പ്രകാശത്താൽ സൃഷ്ടിച്ചതാണെന്നും 2012 മുതൽ തെളിവായ ശാസ്ത്രീയ ഗവേഷണങ്ങളിൽ നിന്നും ഡോ. ചെറിയാൻ പൂർണ്ണമായി തെളിയിക്കുകയാണ്. കഴിഞ്ഞ 250 വർഷങ്ങളായി കുപിടിച്ചിട്ടുള്ള മിക്ക ഗവേഷണ ഫലങ്ങളും 3500 വർഷങ്ങൾക്ക് മുമ്പ് വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടു് എന്നും വേദശാസ്ത്ര പഠിതാവായ ഡോക്ടർ ചെറിയാൻ പറയുന്നു.**






**തിരുവല്ല മേപ്രാൽ പ്ലാമൂട്ടിൽ കുടുംബാംഗമായ ഡോക്ടർ പി.വി ചെറിയാൻ; ഇപ്പോൾ കുടുംബമായി ഷിക്കാഗോയിലെ Buffalo Grove എന്ന സ്ഥലത്ത് താമസിക്കുന്നു. ഷിക്കാഗോ മാർത്തോമാ സഭാംഗമാണ്.**

**ആറ് വിഭാഗങ്ങളായി എഴുതിയിട്ടുള്ള ഈ സമാഹാരത്തിന്റെ പ്രധാന വിഷയങ്ങൾ താഴെ പറയുന്നവയാണ്.**

1. കോസ്മിക് എവലൂഷൻ(Cosmic Evolution ) അസാദ്ധ്യം
2. എല്ലാ ശാസ്ത്രീയ ഗവേഷണങ്ങളുടേയും തെളിവിൽ എവലൂഷൻ തിയറി നിലനിൽക്കയില്ലായെന്നും എവലൂഷന്റെ Definition പുതുതായി നിർവ്വചിക്കുകയും ചെയ്തിരിക്കുന്നു.
3. എല്ലാ ജീവജാലങ്ങൾക്കും അതാത് പരിസരങ്ങളിൽ ജീവിക്കാനും പരിസര ശുദ്ധീകരണത്തിനും കാലാകാലങ്ങളിൽ അനുയോജ്യമായ വ്യതിയാനങ്ങൾ ജീവികൾക്ക് വരുത്താനും ജീവിക്കുവാനും ഓരോ ജീവിക്കും അതാതിന്റെ പ്രത്യേക ഡിഎൻഎ യിൽ ദൈവം നൽകിയിട്ടു്.
4 സകലചരാചരങ്ങൾക്കും ആഹാരം കൊടുക്കേ ദൈവം ആഹാര ക്രമം (Food chain) ജീവികളുടെ ആഹാരത്തിനും പരിസര ശുദ്ധീകരണത്തിനും പരിപാലനത്തിനും മനുഷ്യന്റെ ഉപയോഗത്തിനുമായി സൃഷ്ടിച്ചിരിക്കുന്നു.
5. മനുഷ്യവർഗം ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയും ദൈവമക്കളുമാണ് എന്ന് തെളിയിച്ചിരിക്കുന്നു.
6. ശാസ്ത്രീയ ഗവേഷണങ്ങളുടെ വെളിച്ചത്തിൽ ലോകം അന്ത്യത്തിലേക്ക് നിങ്ങിക്കൊിരിക്കുന്നുയെന്നും മനുഷ്യ സമൂഹം ദൈവത്തെ അനുസരിക്കണമെന്നും ആഹ്വാനം ചെയ്തിരിക്കുന്നു.

**1040 പേജുള്ള ഈ പുസ്തക സമാഹാരം തന്റെ കഴിഞ്ഞ 50 വർഷത്തെ നിരന്തരമായ ഗവേഷണത്തിൽ നിന്നും വേദപുസ്തക പഠനത്തിൽ നിന്നും പ്രസിദ്ധീകരിച്ചിരിക്കുന്നതാണ്. ഈ പുസ്തകം AMAZON, BARNES AND NOBLE, ക്രീസ്തീയ പുസ്തകശാലകൾ, ലോകമെങ്ങുമുള്ള പുസ്തകശാലകളിൽ നിന്നും ലഭിക്കുന്നതാണ്. അമേരിക്കയിലെ പ്രസിദ്ധ കവനന്റ് ബുക്സാണ് ഈ പുസ്തകത്തിന്റെ പ്രസാധകർ.**

**ബുക്കിന്റെ ISBN നമ്പറുകൾ:**

ISBN 978-1-64003-378-8 HARD COVER, ISBN 978-1-64003-190-6-PAPER BACK, ISBN 978-1-64003-191-3-DIGITAL

Advt.

# SPEAK LIFE



By Jeffrey and Christopher Daniel

5

# YOUR FUTURE

### WHAT WE SAY:

The future isn't looking too bright.
Everything is going to hell in a hand-basket.
It's all downhill from here.
Things will never get better.
Who knows what will happen?
Nothing ever goes right.
I don't think it will happen.
I don't see things panning out.
I don't expect too much so I won't be disappointed.
I never catch a break.

We would bet that you laugh when you come across people who claim to know the future. Yet more often than not, when we speak, we make claims about the future that we are convinced have to be true. We say things like, "Oh no, the economy is headed downhill," or "I'm going be stuck here forever, just like always." We look at the circumstances around us, what people say about us or what the news says, and we start boldly professing what we are certain our futures will entail. The problem is, the proclamations we tend to make aren't always positive nor are they in line with what God says. Relying on past experiences, and whatever prominent information is available, we spout things we don't really want or mean, because we think that it's the truth.

Everyone wants a future filled with joy, blessing, and love, but our speech doesn't always reflect that.

### God's Amazing Plans For You

When we speak negatively about our futures, it usually comes from a place of fear and doubt. The good news today is that God isn't afraid for you future; in fact He is excited for it. God exists outside time and space and He has already seen your future. This is what He says about it in Jeremiah 29:11:

For I know the plans I have for you," declares the LORD, "plans to prosper you and not to harm you, plans to give you hope and a future.

What we want you to understand more than anything else, is that God loves you with a profound love, a love more fierce and intense than any we can experience in our earthly relationships. God wants to see you prosper and continue to move higher and higher in His glory and purpose. He is always working things for our good, even when we don't see it. We need to begin to speak in agreement with the hope and blessings we can looks forward to in the future.

If you are looking at your circumstances right now and saying something like, "I've made too many mistakes for God to help me," or "I don't have the finances or qualifications for a great future," then let us show you some of the lives of the greatest people in the Bible and how God used them. Moses was a run-away and a murderer before God used Him to save an entire nation of people from the most powerful empire at that time. King David took another man's wife for himself and killed her husband; eventually God worked through Him to help him become one of the greatest kings who ever lived. The Apostle Paul hunted down and killed the first Christians before Jesus appeared to him and helped him become the writer of most of the New Testament.

In all of these examples you can see one thing; our past and our reality never determine our future, only God's provision and grace does. When we choose to declare that God has an amazing future for us, we help our spirit receive the peace of mind that God has for us everyday. There is bad news everywhere these days and it doesn't take much effort to start feeling anxious about the future. What separates us from everyone else is that through Jesus Christ, God showers us with a peace beyond understanding; the same peace that Paul and Silas had when they were singing loud songs of praise, even when they were in prison. What happened as a result of that? An angel came and broke them out of prison.

Speaking the truth of the Bible has the same effect. It literally causes the heavenly realms to move and shift on our behalf.

Declare and believe what God says about your future and you will begin to see things start to shift in your life. Let God take you away from a place of worry and place you into His divine rest. God is our shepherd who takes care of us and watches over us. Let these words of Jesus from Matthew 11:28 help you to receive the new and profound peace that God has for you: "Come to me, all you who are weary and burdened, and I will give you rest.

### What God Says

Jeremiah 29:11: For I know the plans I have for you," declares the LORD, "plans to prosper you and not to harm you, plans to give you hope and a future.

Proverbs 16:3: Commit to the LORD whatever you do, and he will establish your plans.

Philippians 1:6: being confident of this, that he who began a good work in you will carry it on to completion until the day of Christ Jesus.

Psalms 23:6: Surely your goodness and love will follow me all the days of my life, and I will dwell in the house of the LORD forever.

1 Corinthians 2:9: However, as it is written: "What no eye has seen, what no ear has heard, and what no human mind has conceived" — the things God has prepared for those who love him—

Deuteronomy 28:13: The LORD will make you the head, not the tail. If you pay attention to the commands of the LORD your God that I give you this day and carefully follow them, you will always be at the top, never at the bottom.

Isaiah 40:31: but those who hope in the LORD will renew their strength. They will soar on wings like eagles; they will run and not grow weary, they will walk and not be faint.

Ephesians 2:10: For we are God's handiwork, created in Christ Jesus to do good works, which God prepared in advance for us to do.

Isaiah 43:2: When you pass through the waters, I will be with you; and when you pass through the rivers, they will not sweep over you. When you walk through the fire, you will not be burned; the flames will not set you ablaze.

Proverbs 23: 17-18: Do not let your heart envy sinners, but always be zealous for the fear of the LORD. There is surely a future hope for you, and your hope will not be cut off.

1 Corinthians 15:57: But thanks be to God! He gives us the victory through our Lord Jesus Christ.

### Your Speak-Through:

My future is blessed.
I can expect good in my life.
God has an amazing plan for my life.
My future is filled with victory.
Goodness and mercy will follow me all the time.
God's plan is to prosper me.
I am a beloved child of God with an awesome future.
My Godly inheritance is power, love, and favor.
God has me in the palm of His hand.
God is upholding me with His righteous right hand.

### Conclusion


We hope that we have opened your eyes to the power that words can have in your life, as well as the truth about your birthright as a child of God in Christ Jesus. Just like King Solomon said, our words can have tremendous power over the different areas of our lives, from our self-esteem, our finances, our health, and even our futures. As sobering as it is to come face to face with the phrases and words that we say that might unintentionally be having a negative impact on our lives, what's more important is the understanding that we have the tools to change those words into words of power.

Speaking the truth of the Bible in our lives can dramatically transform them for the better. Understanding that God's will for us, through the blood of

Next page...



# JESUS MAY COME AT ANY TIME. SO WE MUST BE READY ALL THE TIME



**"THE WAY TO AN "EASY" LIFE"**

**Pastor K. V. Kuruvilla, Chicago**

ARE YOU READY? :- You also be ready, for the Son of Man is coming at an hour you do not expect (Math. 24:44). When Jesus promised His disciples that He would one day return to earth, He said He would come at a time they did not expect. Therefore, people today who set dates for Christ's second coming are really wasting their time. Jesus never told His followers how to calculate the day of His return. Rather, He emphasized that our main priority is to make sure we're ready for Him, and that we are occupied in His service when He comes (vv.45-46). Do you believe that Jesus Christ is going to save you from the coming time of horrendous global trouble by whisking you away into heaven beforehand in what many call the Rapture? What will you do if He doesn't? The Rapture is mentioned in the Bible by the apostle Paul in 1 Thessalonians. Let's consider that passage. In 1 Thessalonians 4:13-17 Paul writes to the first century church in Thessalonica. For the Lord Himself will descent from heaven with a shout, with the voice of an archangel, and with the trumpet of God. And the dead in Christ will rise first. Then we who are alive and remain shall be caught up together with them in the cloud to meet the Lord in the air. And thus we shall always be with the Lord. This is the predominant passage used to support the typical Rapture teaching - as the word translated caught up in verse 17 could be translated "raptured" in English, since "raptured" simply means "suddenly caught up". Do you expect to hear the blast of a trumpet and immediately rise to meet Jesus in the clouds in the Rapture?

Unless you obey Jesus Christ and His teachings every day, you too may be fooled into resisting Him on that day along with the majority of people in the world. The Bible says that the deception will be so subtle and so powerful that even somebody looking for it will be deceived. How? Look again at what Jesus says in revelation 16:15. What are the garments mentioned? They represent keeping God's commandments, knowing right from wrong, discerning between good and evil. Remaining properly clothed here means enduring in worshipping the true God instead of the devil, the god of this age. The right garments represent the "righteous acts" of God's people (Rev. 19:8). Are you standing with Jesus Christ today? Do you stand with God in truth when you see signs of spiritual and moral decay all around? Have you looked at popular culture lately? The signs of inner cancer are plain to see. Of course, we would all say that we try to stand our ground and keep our morals intact. It is so easy to slowly allow tolerance of sin to keep into our lives. We have corrupted our sense of right and wrong. We call good evil and evil good. And thereby, we allow many other sins to control us - greed, gluttony, drunkenness, and much more convict us before God. We are a society turned inside out, incapable of discerning righteous judgement. But you and I don't have to be caught up in the spirit of this world. God is calling people right now to rise and let His words motivate us to discern this time and not be caught unaware, naked and ashamed! Are you ready for the arrival of God's Son? Will you be glad to see Jesus when He returns? If not, get ready now. Without delay, turn away from your sin and trust Jesus Christ as your Lord and Savior. Then keep ready by walking in His will every day.

# YOUR FUTURE...

Christ, is abundance, health, protection, love and freedom, and then translating that understanding into our speech will ensure that no power of the enemy can come against us. It might be difficult at first to change years of speech patterns, but even one word from God is more powerful than anything we might say on a daily basis. Immerse yourself in God's word and learn the truth of who you are and what you can have according to His magnificent promises. Even when people around you are speaking in a worldly manner, align your speech will the powerful truth of the gospel, and let your words reflect your trust in Christ.

Our Heavenly Father will sow breakthrough and supernatural blessing through your words, and you will even see the people around you be blessed because of your commitment to the truth of God. We believe that God has amazing things in store for you, and we can't wait to see how your life changes once you begin to use the word of God in every aspect of your life ●




## ക്രിസ്തു ഹൃദയത്തിൽ ...പേജ് 9 ൽ നിന്ന്

കുറ്റബോധം ഏറി ഏറി വന്നു. കഴിഞ്ഞ മാസം അതായത് ജനുവരി 9ന് റെഡ്ഡിംഗിലെ ഒരു പ്രാദേശിക ടി.വി ചാനലിൽ തന്റെ അനുഭവം പങ്ക് വയ്ക്കുകയും താൻ ചെയ്ത കുറ്റവും അതിന് ശേഷം കർത്താവ് തന്റെ ജീവിതത്തിൽ വരുത്തിയ മാറ്റവും തുറന്നു പറഞ്ഞു. വളരെ കണ്ണുനീരോടും ഹൃദയനുറുക്കത്തോടുമാണ് ബ്രെയൻ കാമറയ്ക്ക് മുന്നിൽ തന്റെ കുറ്റം ഏറ്റ് പറഞ്ഞത്. ബ്രെയന്റെ അനുഭവവും കുറ്റസമ്മതവും ടെലിക്കാസ്റ്റ് ചെയ്യപ്പെട്ടതോടെ നാടു ഞെട്ടി. തങ്ങളുടെ ഇടയിൽ സാധാരണക്കാരനെ പോലെ നടന്ന ബ്രെയൻ കെയ്ത്ത് ഹോക്കിൻസ് ഒരു കൊലപാതകിയാണെന്ന വാർത്ത കാട്ടുതീ പോലെ പടർന്നു. പോലീസ് സ്റ്റേഷനിലേക്ക് വാർത്തയെത്തി. അവർ ഉടൻ ചാനൽ ഓഫീസിൽ എത്തുകയും വിവരങ്ങൾ ശേഖരിച്ച് ബ്രെയനെ സമീപിക്കുകയും ചെയ്തു. ഒട്ടും മറച്ച് വയ്ക്കാതെ അയാൾ എല്ലാം തുറന്ന് സമ്മതിച്ചു. തന്റെ മാനസാന്തര കഥയും അയാൾ വിവരിച്ചു. പിന്നിട് മറ്റ് പ്രതികളേയും പിടികൂടി തടവറയിലാക്കി. കേസ് നിയമപരമായി നടക്കേണ്ടതിനാൽ ബ്രെയനും മറ്റ് കൊലയാളികളും ഇപ്പോൾ ജയിലിലാണ്. എന്നാൽ ജയിലിലായതിൽ ബ്രെയന് ഒട്ടും വിഷമമില്ല, മറിച്ച് സന്തോഷിക്കുകയാണ് താൻ. ദൈവത്തിന് മുന്നിൽ വർഷങ്ങൾ കഴിഞ്ഞാണെങ്കിലും കുറ്റം ഏറ്റ് പറയുവാൻ കഴിഞ്ഞതിലും പാപക്ഷമ ലഭിച്ചതിലും താൻ ഏറെ ആഹ്ളാദിക്കുന്നു. മുമ്പ് താൻ പാപിയും അന്ധനും ആയിരുന്നുയെന്നും എന്നാൽ ഇപ്പോൾ ദൈവം തനിക്ക് സമാധാനം തന്നിരിക്കുന്നതായും ബ്രെയ്ൻ കെയ്ത്ത് ഹോക്കിൻസ് പറയുന്നു.

## യെശയ്യാ പ്രവാചകന്റെ ...പേജ് 5 ൽ നിന്ന്

അടുത്ത് നിന്നുമാണ് യെശയ്യാ പ്രവാചകന്റെ ബുള്ളയും കണ്ടെത്തിയിരിക്കുന്നത് എന്നത് വളരെ പ്രധാന്യമർഹിക്കുന്നു . ബിസി 691നും 533നും ഇടയ്ക്ക് യെഹസ്കിയാ പ്രവാചകന്റെ ഭരണകാലത്താണ് യെശ്യ്യാ പ്രവാചകൻ ജീവിച്ചിരുന്നതെന്ന വസ്തുത ഈ കണ്ടെത്തലിന്റെ സാധുതയെ വർദ്ധിപ്പിക്കുന്നു.

ബി.സി 701 ൽ ജെറുസലേം ആക്രമിച്ച അസീറിയൻ സൈന്യത്തിനെതിരെ യെഹസ്കിയാ രാജാവിന് പിന്തുണ നൽകിയത് യെശയ്യാ പ്രവാചകനായിരുന്നു. യെഹിസ്കിയാവ് ദൈവത്തെ ഭയപ്പെട്ട രാജാവാകയാൽ യെശയ്യാവിന് തന്റെ ഭരണകാലത്ത് സ്വാധീനം ലഭിച്ചതായാണ് ഗവേഷകരുടെ നിഗമനം.

അന്നത്തെ ഭരണസംവിധാനത്തെക്കുറിച്ചുള്ള നിഗമനം അനുസരിച്ച് ഇത് യെശയ്യാ പ്രവാചകന്റേതാണെന്ന് ജെറുസലേമിലെ ഹീബ്രു സർവ്വകലാശാലയിലെ ഗവേഷകൻ എലത് മസർ അവകാശപ്പെട്ടു.

# തിരുവമ്പാടി കൺവൻഷന് അനുഗ്രഹ സമാപ്തി

**കോടഞ്ചേരി :** മലബാർ മേഘലയിലെ ഐപിസിയുടെ പ്രമുഖ സുവിശേഷ സംഗമമായ ഐപിസി തിരുവമ്പാടി സെന്റർ കൺവൻഷന് അനുഗ്രഹ സമാപ്തി. ജനുവരി 25-28 വരെ കോടഞ്ചേരി കൺവൻഷൻ സെന്ററിൽ നടന്ന യോഗങ്ങളിൽ പാസ്റ്റേഴ്സ് സണ്ണികുര്യൻ, രാജു ആനിക്കാട്, ഷാജി ഡാനിയേൽ, സണ്ണി അലക്സാണ്ടർ, സ്റ്റാൻലി ദാനിയേൽ, ജെയിംസ് അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. 28ന് നടന്ന വിശുദ്ധ ആരാധനയിൽ പാസ്റ്റർ സണ്ണി ജോർജ് കർത്തൃമേശ ശുശ്രൂഷ നിർവ്വഹിച്ചു. ഗ്ലോറിഫൈ മെലഡീസ് ആയിരുന്നു സംഗീത ശുശ്രൂഷ. ഐപിസി ഹെബ്രോൻ ഹൂസ്റ്റൺ സഭാ പ്രതിനിധികളും കൺവെൻഷനിൽ പങ്കെടുത്തു.




*ഐപിസി തിരുവമ്പാടി സെന്റർ കൺവൻഷൻ പാസ്റ്റർ ജെയിംസ് അലക്സാർ ഉത്ഘാടനം ചെയ്യുന്നു.*

**പാസ്റ്റർ വി.എ ജോസഫ്**

# പി.എം.ജി. ചർച്ച് കേരള സ്റ്റേറ്റ് ഭാരവാഹികൾ

## പാസ്റ്റർ ജി.ജെ.അലക്സാണ്ടർ വീണ്ടും സ്റ്റേറ്റ് പ്രസിഡന്റ്
## പാസ്റ്റർ ആർ.സി.കുഞ്ഞുമോൻ സ്റ്റേറ്റ് സെക്രട്ടറി

**തിരുവനന്തപുരം:** പെന്തെക്കോസ്ത് മാറാനാഥ ഗോസ്പൽ ചർച്ച് കേരള സ്റ്റേറ്റ് പ്രസിഡന്റായി പാസ്റ്റർ ജി.ജെ.അലക്സാണ്ടർ, സ്റ്റേറ്റ് സെക്രട്ടറിയായി പാസ്റ്റർ ആർ.സി.കുഞ്ഞുമോൻ സ്റ്റേറ്റ് ട്രഷററായി പാസ്റ്റർ റ്റി.എം.കോശി എന്നിവർ തെരെഞ്ഞെടുക്കപ്പെട്ടു. പി.എം.ജി.പാളയം ചർച്ചിലെ സീനിയർ പാസ്റ്ററായ ജി.ജെ അലക്സാണ്ടർ മൂന്നാം തവണയാണ് സ്റ്റേറ്റ് പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെടുന്നത്.ആദ്യമായി സ്റ്റേറ്റ് സെക്രട്ടറിയായി തെരെഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ആർ.സി. കുഞ്ഞുമോൻ പെന്തെക്കോസ്ത് മാറാനാഥ ഗോസ്പൽ ചർച്ച് ആട്ടുകാൽ സഭ സീനിയർ പാസ്റ്ററും എഴുത്തുകാരനുമാണ്. വെമ്പായം പി എം ജി ചർച്ച് സഭാശുശ്രൂഷകനാണ് പാസ്റ്റർ റ്റി.എം.കോശി. കൗൺസിൽ അംഗങ്ങളായി പാസ്റ്റർമാരായ ജോൺമാത്യു, തോമസ് വർഗ്ഗീസ്, എൻ.ജി.രാജു, കോശി ഫിലിപ്പ്, ജോമോൻ എബ്രഹാം, ഷിബുഐപ്പ് എന്നിവരെ തെരെഞ്ഞെടുത്തു. എൻ.ജി.രാജു, ജോമോൻ എബ്രഹാം, ഷിബുഐപ്പ് എന്നിവർ സ്റ്റേറ്റ് കൗൺസിലിലെ പുതുമുഖങ്ങളാണ്.



പാ. ജി.ജെ.അലക്സാർ, പാ. ആർ.സി. കുഞ്ഞുമോൻ, പാ. റ്റി.എം.കോശി

ജനുവരി 26 നു തിരുവനന്തപുരം സഭാ ആസ്ഥാനമന്ദിരത്തിലെ കർമേൽ പ്രയർ ഹാളിൽ നടന്ന പി.എം.ജി ചർച്ച് കേരള സ്റ്റേറ്റ് 39-മത് ജനറൽ ബോഡിയാണ് 2018-2020 വർഷങ്ങളിലേയ്ക്കു സ്റ്റേറ്റ് കൗൺസിൽ ഭാരവാഹികളെ തെരെഞ്ഞെടുത്തത്.

# വിശ്വാസത്തോട് വീര്യം..

പേജ് 5 ൽ നിന്ന് തുടർച്ച

,നിങ്ങൾ അറിയാതിരിപ്പാൻ ഞങ്ങൾക്ക് മനസില്ല; ജീവനോടിരിക്കുമോ എന്ന് നിരാശ തോന്നുമാറ് ഞങ്ങൾ ശക്തിക്ക് മീതെ അത്യന്തം ഭാരപ്പെട്ടു........ഞങ്ങൾ മരിക്കുമെന്ന് ഉള്ളിൽ നിർണ്ണയിക്കേണ്ടി വന്നു (1 കൊരി.1: 8-11).

പഴയനിയമ വിശുദ്ധന്മാർക്ക് ഉണ്ടായത് പോലെ പുതിയ നിയമവിശുദ്ധർക്കും ദൈവത്തിൽ വിശ്വസിക്കുന്നത് നിമിത്തം നിരാശ തോന്നുന്ന അനുഭവങ്ങൾ ഉണ്ടാകുമെന്ന് വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്. നിരാശയുടെ പടുകുഴിയിൽ ആയിരിക്കുന്ന സമയത്ത് വിശ്വാസത്തോട് വീര്യം കൂട്ടിയില്ലായെങ്കിൽ പിന്മാരി പോകാനുള്ള അവസരം ധാരാളമാണ്. എന്ത്കൊണ്ട് ദൈവം പ്രവർത്തിക്കുന്നില്ല? എന്ത് കൊണ്ട് പ്രാർത്ഥന കേൾക്കുന്നില്ല? എന്റെ വിശ്വാസം വ്യർത്ഥമത്രെ, നിരീശ്വരവാദികൾ പറയുന്നതല്ലെ ശരി? എന്നിത്യാദി ചിന്തകളിൽ നാം അകപ്പെട്ട് പോകാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ നാം എന്ത് ചെയ്യേണമെന്നാണ് ഇനിയും ചിന്തിക്കാൻ പോകുന്നത്.

യേശുക്രിസ്തുവിന് മുന്നോടിയായി ലോകത്തിൽ വന്ന യോഹന്നാൻ സ്നാപകനെക്കുറിച്ച് ക്രിസ്തു പറഞ്ഞത് ഇപ്രകാരമാണ്:- "സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവൻ ആരുമില്ല". യോഹന്നാനെ ഹെരോദാവ് തടവിൽ ആക്കുകയും ശിരച്ഛേദം ചെയ്യുവാൻ ഒരുങ്ങിയിരിക്കുന്ന അവസരത്തിലും യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്ന വേദഭാഗം (തടവ്കാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും .61:1)യോഹന്നാൻ സ്നാപകൻ പൂർണ്ണമായി വിശ്വസിച്ചു. യേശു കാരാഗ്രഹത്തിൽ നിന്ന് തന്നെ രക്ഷിക്കുവാൻ വരുമെന്നായിരുന്നു വിശ്വാസം. എന്നാൽ കർത്താവ് വരാതിരിക്കുകയും ഹെരോദാവ് തന്നെ വധിക്കുകയും ചെയ്യുമെന്ന് മനസിലാക്കിയപ്പോൾ തന്റെ ശിഷ്യന്മാരെ യേശുവിനടുക്കലയച്ച് "വരുവാനുള്ളവൻ നീയോ; അല്ല, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കേണമോ"യെന്ന് ചോദിക്കുകയുണ്ടായി.(ലൂക്കോസ് 7:20). യെശയ്യാ.50 : 10 ൽ പറയുന്ന അതേ അനുഭവമാണ് ഇവിടെ യോഹന്നാന് ഉണ്ടായത്. ഈ സന്ദർഭത്തിൽ അന്ധകാരത്തിൽ കഴിയുന്ന താൻ ദൈവത്തിൽ ആശ്രയിക്കുകയോ ചാരുകയോ ചെയ്യാതെ പരിഭ്രാന്തനായി തീർന്നത് നാം കാണുന്നു. ഇപ്രകാരമുള്ള അവസ്ഥ പുതിയനിയമ വിശ്വാസികളുടെ ജീവിതത്തിലും കടന്ന് വരാറുണ്ട്. ഈ അവസ്ഥയിൽ വിശ്വാസത്തോട് വീര്യം കൂട്ടിയില്ലായെങ്കിൽ വിലയേറിയ വിശ്വാസം നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്.

മേൽപ്പറഞ്ഞ അവസ്ഥയിൽ നമുക്ക് എങ്ങനെ വീര്യം പ്രാപിക്കുവാൻ കഴിയുമെന്ന് പഴയ നിയമ ഭക്തന്മാരായ ജോസഫ്, ദാനിയേൽ, ശദ്രക്, മേശെക്, അബേദ്നെഗോ എന്നിവരുടെ ജീവിതത്തിൽ നിന്നും ഒന്നാം നൂറ്റാണ്ടിൽ ജീവിച്ച് രക്തസാക്ഷികൾ ആയി തീർന്ന അപ്പോസ്തലന്മാരുടെ ജീവിതത്തിൽ നിന്നും വിശിഷ്യ ആദ്യ രക്തസാക്ഷിയായ സ്തെഫാനോസിന്റെ ജീവിതത്തിൽ നിന്നും നമുക്ക് മനസിലാക്കാം. ഇവർക്കെല്ലാം പൊതുവായി 5 ദിവ്യ സ്വഭാവഗുണങ്ങൾ ഉണ്ടായിരുന്നു.അവരുടെ ചരിത്രം നമ്മോട് സംസാരിക്കുന്നത് 5 കാര്യങ്ങളാണ്. 1 ഇങ്ങനെ സംഭവിച്ചത് എന്ത് കൊണ്ടെന്ന് ദൈവത്തോട് ചോദിക്കരുത്.2. നിരാശ തോന്നുന്ന അവസരങ്ങളിൽ ദൈവത്തോട് വിശ്വസ്തനായിരിക്കുവാൻ മറക്കരുത്.3. നമുക്ക് സംഭവിച്ച കഷ്ടപ്പാട് നിമിത്തം ആരോടും കയ്പ്പ് തോന്നരുത്.4. ദൈവം തക്ക സമയത്ത് നമ്മെ ഉയർത്തുന്നതാക കൊണ്ട് അവന്റെ ബലമുള്ള കരത്തിൽ താണിരിപ്പാൻ മറക്കരുത്.5. വാഗ്ദത്തം ചെയ്തവൻ അത് നിവർത്തിക്കുമെന്ന് വിശ്വസിക്കുക. മേൽപ്പറഞ്ഞ 5 കാര്യങ്ങൾ നിരാശയുടെ പടുകുഴിയിൽ ഒരു വിശ്വാസി ആയിരിക്കുമ്പോൾ പ്രായോഗിക ജീവിതത്തിൽ കൊണ്ട് വരുവാൻ കഴിഞ്ഞാൽ വിശ്വാസത്തോട് വീര്യം കൂട്ടുവാൻ കഴിയുന്നതാണ്.

> പഴയനിയമ വിശുദ്ധന്മാർക്ക് ഉണ്ടായത് പോലെ പുതിയ നിയമവിശുദ്ധർക്കും ദൈവത്തിൽ വിശ്വസിക്കുന്നത് നിമിത്തം നിരാശ തോന്നുന്ന അനുഭവങ്ങൾ ഉണ്ടാകുമെന്ന് വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്. നിരാശയുടെ പടുകുഴിയിൽ ആയിരിക്കുന്ന സമയത്ത് വിശ്വാസത്തോട് വീര്യം കൂട്ടിയില്ലായെങ്കിൽ പിന്മാരി പോകാനുള്ള അവസരം ധാരാളമാണ്. എന്ത്കൊണ്ട് ദൈവം പ്രവർത്തിക്കുന്നില്ല? എന്ത് കൊണ്ട് പ്രാർത്ഥന കേൾക്കുന്നില്ല? എന്റെ വിശ്വാസം വ്യർത്ഥമത്രെ, നിരീശ്വരവാദികൾ പറയുന്നതല്ലെ ശരി? എന്നിത്യാദി ചിന്തകളിൽ നാം അകപ്പെട്ട് പോകാറുണ്ട്.

ഉൽപ്പത്തി പുസ്തകം 37,39, 40 അദ്ധ്യായങ്ങളിലാണ് മിസ്രയീമിലെ മേലധികാരിയായി തീർന്ന ജോസഫിന്റെ ചരിത്രം നമുക്ക് കാണുവാൻ കഴിയുന്നത്. 17 വയസുള്ളപ്പോൾ താൻ കണ്ട സ്വപ്നം നിവർത്തിയാകുമെന്ന് ജോസഫ് ഉറപ്പായി വിശ്വസിച്ചു. എന്നാൽ അത് എന്ന് നിവർത്തിയാകുമെന്ന് തനിക്ക് അറിയില്ലായിരുന്നു. അത് സംഭവിക്കുവാൻ നീണ്ട 13 വർഷം കഴിയേണ്ടതായി വന്നുയെന്ന് നാം വായിക്കുന്നു. ഈ കാലയളവിൽ തനിക്ക് നേരിട്ട കഷ്ടതയും സങ്കടവും വർണ്ണനാതീതമായിരുന്നു. അമ്മ നഷ്ടപ്പെട്ടു; ശേഖേമിലേക്ക് സഹോദരന്മാർക്ക് ആഹാരവുമായി പോയ യോസഫിനോട് അവർ ക്രൂരമായി പെരുമാറുകയും പൊട്ടക്കിണറ്റിലേക്ക് തള്ളിയിടുകയും ചെയ്തു.തുടർന്ന് 20 വെള്ളിക്കാശിന് യിശ്മായേല്യ കച്ചവടക്കാർക്ക് വിറ്റു. അവർ അവനെ മിസ്രയീമിലേക്ക് കൊണ്ട് പോയി ഫറവോന്റെ ഉദ്യോഗസ്ഥനായ പൊത്തീഫേറിന് വിറ്റു. പൊത്തിഫേറിന്റെ ഭവനത്തിൽ അടിമയായി കഴിയുമ്പോഴും 'ദൈവമേ ഈ അവസ്ഥ എനിക്കെന്തിന് വന്നു' എന്ന് അവൻ ചോദിച്ചതായി നാം കാണുന്നില്ല. തുടർന്ന് പൊത്തിഫേറിന്റെ ഭാര്യ നിമിത്തം ജോസഫ് 13 വർഷം കാരാഗ്രഹത്തിൽ അടയ്ക്കപ്പെട്ടു. ഈ കാലയളവിൽ ഇനി തന്റെ സ്വപ്നം ഒരിക്കലും നടക്കയില്ലെന്ന് യോസഫിന് കരുതാമായിരുന്നു. അവൻ സ്വപ്നത്തെക്കാളേറെ സ്വപ്നം നൽകിയ ദൈവത്തിൽ വിശ്വാസിച്ചു. ഈ സംഭവങ്ങളിലൊന്നും അവൻ ദൈവത്തെ കുറ്റം ആരോപിക്കുകയോ, എന്ത്കൊണ്ടിത് എന്ന് ചോദിക്കുകയോ ചെയ്തില്ല. സഹോദരന്മാരോടോ മറ്റുള്ളവരോടോ കയ്പ്പ് വച്ച് പുലർത്തിയില്ല. വാഗ്ദത്തം ചെയ്തവൻ വിശ്വസ്ഥനെന്നെണ്ണി ഓരോ ദിവസവും കഴിച്ച് കൂട്ടി. സൗമ്യനായി വിശ്വസ്ഥനായി കാരാഗ്രഹത്തിൽ കഴിഞ്ഞപ്പോൾ കാരഗ്രഹ പ്രമാണി തന്നെ കാരഗ്രഹത്തിന്റെ വിചാരകനാക്കി മാറ്റി. ആ 13 വർഷങ്ങളിലും താൻ യഹോവയിൽ ആശ്രയിക്കുകയും യഹോവയിൽ ചാരുകയും ചെയ്തു. ഓരോ വർഷം പിന്നിടുമ്പോഴും ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ താണിരുന്ന് തന്നെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്ഥതയോടെ ചെയ്തു. അവസാനം ദൈവമവനെ മിസ്രയീമിലെ പ്രധാന മന്ത്രിയായി ഉയർത്തി.80 വർഷം മിസ്ര്യീമിൽ വാണു. തന്റെ സ്വപ്നം പോലെ 30-മത്തെ വയസിൽ സഹോദരന്മാർ തന്നെ വീണ് നമസ്ക്കരിച്ചു....!! മേൽപ്പറഞ്ഞതിൽ 5 കാര്യങ്ങൾ നമുക്ക് കാണുവാൻ കഴിയും:-

1. Don't Demand to understand
2. Don't Fail to be faithfull
3. Don't bow to bitterness
4. Don't be unwilling to wait
5. Don't let dreams dissolve

പ്രീയ ദൈവജനമേ; വിശ്വാസത്തോട് വീര്യം കൂട്ടുക. അല്ലെങ്കിൽ പരീക്ഷാ ഘട്ടങ്ങളിൽ പിന്മാറിപ്പോകുവാൻ സാധ്യതയുന്നെ കാര്യം മറക്കരുത്. **തുടരും**

# നൈജീരിയയിൽ വീണ്ടും

പേജ് 14ൽ നിന്ന് തുടർച്ച

പൂട്ടി സ്കൂളിനും പ്രദേശത്തിനും സുരക്ഷ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ആക്രമണത്തിന് തൊട്ട് മുമ്പ് ഈ പെൺകുട്ടികളും ടീച്ചർമാരും രക്ഷപെട്ടെന്നായിരുന്നു സ്കൂൾ അധികൃതർ കരുതിയത്. എന്നാൽ അടുത്ത ദിവസങ്ങളിൽ ഹാജർ നില പരിശോധിച്ചപ്പോഴാണ് ആദ്യ◌ം 91 വിദ്യാർത്ഥിനികൾ സ്കൂളിൽ എത്തിയിട്ടില്ലെന്ന് മനസിലായതെന്ന് ആഭ്യന്തര മന്ത്രി അബ്ദുൾ മാലികി സുമോനു പറയുന്നു.

ബുധനാഴ്ച്ച തന്നെ ബോക്കോഹറാമിന്റെ താവളമായ വനമേഘലകൾ മുഴുവൻ അരിച്ച് പെറുക്കി പരിശോധിക്കാൻ പ്രസിഡന്റ് ഉത്തരവിട്ടിരുന്നു. എന്നാൽ വിശദമായ അന്വേഷണത്തിലാണ് 110 കുട്ടികളെ കാണാതായെന്ന് കണ്ടെത്തിയത്.

2014 ൽ നൈജീരിയയിലെ ചീബോക്കിലെ ഒരു സ്കൂളിൽ നിന്ന് 270 വിദ്യാർത്ഥിനികളെ ബൊക്കോഹറാം തട്ടിക്കൊണ്ട് പോയിരുന്നു. ശേഷം ആദ്യമായാണ് ഇത്രയും പെൺകുട്ടികളെ കൂട്ടത്തോടെ കാണാതായത്.

2009 രാജ്യത്ത് ബൊക്കോഹറാം ആക്രമണം ആരംഭിച്ച ശേഷം നൈജീരിയയിൽ 20000 ത്തോളം പേർ കൊല്ലപ്പെടുകയും 20 ലക്ഷത്തോളം പേർ നാടുവിടുകയും ചെയ്തെന്നാണ് കണക്ക്. ഇവരിലനേകരും ക്രൈസ്തവരാണ്. രാജ്യത്ത് നിന്ന് ക്രൈസ്തവരെ ഉന്മൂലനം ചെയ്യുക എന്നതാണ് ബൊക്കോഹറാമിന്റെ പ്രഖ്യാപിത ലക്ഷ്യം.

2014 ൽ തട്ടിക്കൊണ്ട് പോയ പെൺകുട്ടികളിൽ നൂറോളം പേർ ഇപ്പോഴും തീവ്രവാദികളുടെ പിടിയിലാണെന്നാണ് റിപ്പോർട്ടുകൾ.

# ഫെബ്രുവരി 1 മുതൽ ചൈനയിൽ

പേജ് -16 ൽ നിന്ന് ...

ധനാലയങ്ങളിൽ ഒരിക്കലും പ്രവേശിക്കരുത് തുടങ്ങിയവയാണ് പുതിയ നിയമ പരിഷ്ക്കാരങ്ങളിൽ ഉൾപ്പെടുന്നത്. ദൈവവിശ്വാസങ്ങളിൽ നിന്ന് പുതിയ തലമുറയെ പൂർണ്ണമായും അകറ്റുകയെന്നതാണ് ചൈനീസ് ഭരണകൂടം ലക്ഷ്യമിടുന്നത്. കുട്ടികൾക്ക് ബാല്യത്തിലെ ഇന്റർനെറ്റും കമ്പ്യൂട്ടറും എല്ലാം തന്നെ ഉപയോഗിക്കാമെന്നും വിനോദങ്ങൾ എന്തും അനിവാര്യമാണെന്നും സർക്കാർ നിർദ്ദേശിക്കുമ്പോഴും അവർക്ക് ആരാധനാലയങ്ങളിൽ പ്രവേശിച്ച് .കൂടായെന്നത് വിരോധാഭാസമാണെന്ന് ക്രൈസ്തവ വക്താവ് പ്രതികരിക്കുന്നു. ഏകദേശം 18 ,വയസു വരേയും കുട്ടികളും കൗമാരക്കാരും ആരാധനാലയങ്ങളിൽ പ്രവേശിക്കുന്നത് പല രീതികളിൽ സർക്കാർ തടസ്സന്യായങ്ങൾ അവതരിപ്പിച്ചിരിക്കുകയാണിപ്പോൾ. ചൈനയിലെ പരസ്യ സഭകൾക്കാണ് ഇപ്പോൾ ഈ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതെങ്കിലും ആയിരക്കണക്കിനുള്ള രഹസ്യ സഭകളെ ഇത് കാര്യമായി ബാധിച്ചേക്കാമെന്നും അവിടങ്ങളിൽ റെയ്ഡും അന്വേഷണങ്ങളും വ്യാപിപ്പിക്കുവാൻ ഇത് കാരണമായേക്കാമെന്നും രാജ്യത്തെ ഇവാഞ്ചലിക്കൽ ക്രിസ്തീയ നിരീക്ഷകർ വിലയിരുത്തുന്നു.







## വിദേശികൾ നാട്ടിലേക്കയ്ക്കുന്ന പണത്തിന് നികുതി ഈടാക്കില്ലെന്ന് കുവൈറ്റ്

**കുവൈറ്റ് സിറ്റി:** വിദേശികൾ കുവൈത്തിൽ നിന്ന് സ്വന്ത രാജ്യത്തേക്ക് അയക്കുന്ന പണത്തിന് നികുതി ഏർപ്പെടുത്തില്ലെന്ന് പാർലമെന്റിന്റെ ഭരണ നിയമ സമിതി. ഇത്തരം പണത്തിന് നികുതി ചുമത്തണമെന്ന നിർദ്ദേശവുമായി ചില പാർലമെൻ്റ് അംഗങ്ങൾ അവതരിപ്പിച്ച കരട് ബിൽ ഭരണഘടനാ വിരുദ്ധമാണെന്ന് വ്യക്തമാക്കി പാർലമെൻ്റ് ഭരണനിയമ സമിതി തള്ളിക്കളയുകയായിരുന്നു.
വിദേശികൾ വർഷം തോറും സ്വന്തനാടുകളിലേക്ക് അയക്കുന്നത് ഏകദേശം 1500 കോടി കുവൈത്ത് ദിനാറാണ്. രാജ്യത്തിന് വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായാണ് ഈ പണത്തിന് 3 ശതമാനം നികുതി ഈടാക്കണമെന്ന നിർദ്ദേശം ചില പാർലമെൻ്റ് അംഗങ്ങൾ അവതരിപ്പിച്ചത്. എന്നാൽ ഭരണ നിയമ സമിതി അത് ഭരണഘടനാവിരുദ്ധം എന്ന് പറഞ്ഞ് തള്ളിക്കളയുകയായിരുന്നു. ഇതോടൊപ്പം പ്രവാസികൾക്ക് റോഡ് നികുതി ഏർപ്പെടുത്താനുള്ള നിർദ്ദേശവും മന്ത്രിസഭ തള്ളി. ഗതാഗതത്തിന് റോഡുകൾ ജനങ്ങളുടെ അവകാശമാണെന്നും അതിന്മേൽ നികുതി ചുമത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്നും പൊതുമരാമത്ത് മന്ത്രാലയത്തിലെ ഉന്നത വക്താവ് അറിയിച്ചു.

## ദുബൈയിൽ പ്രവാസികൾക്കായി മാർഗ്ഗ നിർദ്ദേശക ഗ്രന്ഥം പുറത്തിറക്കി

**ദുബൈ:** വിദേശ തൊഴിലാളികളുടെ അവകാശവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന് രാജ്യത്തെ അവരുടെ ജീവിതത്തേയും സേവനങ്ങളേയും കുറിച്ച് ബോധവാന്മാരാക്കുന്നതിനും ദുബൈ തൊഴിൽകാര്യ സ്ഥിരം സമിതി മാർഗ്ഗ നിർദ്ദേശ പുസ്തകം പുറത്തിറക്കി. അറബി ,ഇംഗ്ലീഷ് ,ഉറുദു തുടങ്ങിയ ഭാഷകളിലാണ് ആദ്യ പതിപ്പ് പ്രസിദ്ധപ്പെടുത്തിയത്. മലയാളം, ഹിന്ദി, ഫിലിപ്പീൻസ്, നേപ്പാളി തുടങ്ങിയ ഭാഷകളിലും ഉടൻ ഇറങ്ങും.
ദുബൈ ഇമിഗ്രേഷൻ ഉപമേധാവിയും തൊഴിൽ കാര്യ സ്ഥിരം സമിതി ചെയർമാനുമായ മേജർ ജനറൽ ഉബൈദ് ബിൻ സുറൂറാണ് ദുബൈയിൽ നടന്ന ചടങ്ങിൽ പുസ്തകം പുറത്തിറക്കിയത്. തൊഴിലാളികളുടെ ക്ഷേമം, വിവിധ അവകാശ സംരക്ഷണങ്ങൾ, തൊഴിലിടങ്ങളിൽ പാലിക്കേണ്ട സുരക്ഷാ നിയമങ്ങൾ, തൊഴിലാളി കടമകൾ ഉത്തരവാദിത്വങ്ങൾ, രാജ്യത്തെ



തൊഴിൽ നിയമങ്ങൾ തുടങ്ങിയവയാണ് പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. രാജ്യത്ത് തൊഴിലെടുക്കാൻ വരുന്നവർ തങ്ങളുടെ രണ്ടാമത്തെ വീടായാണ് ഇവിടം പരിഗണിക്കുന്നതെന്നും തങ്ങളുടെ വീട്ടിൽ കഴിയുന്നത് പോലെ അവർക്ക് ഇവിടെ വസിക്കാൻ മികച്ച സൗകര്യങ്ങളും സേവനങ്ങളും നൽകാനാണ് തൊഴിൽ കാര്യ സ്ഥിരം സമിതി ശ്രമിച്ച് വരുന്നതെന്ന് മേജർ ജനറൽ ഉബൈദ് ബിൻ സുറൂർ പറഞ്ഞു.

# കുവൈറ്റിൽ വിദേശികളായ അദ്ധ്യാപകരെ പിരിച്ച് വിടാനൊരുങ്ങുന്നു

### ധാരാളം മലയാളികളായ അദ്ധ്യാപകരും പ്രതിസന്ധിയിൽ

കുവൈറ്റിലെ വിദേശികളായ. നൂറ് കണക്കിന് അദ്ധ്യാപകരെ പിരിച്ച് വിടാൻ വിദ്യാഭ്യാസ മന്ത്രാലയം നടപടികൾ ആരംഭിച്ചു. ചില വിദ്യാഭ്യാസ ജില്ലകളിലെ വിദേശ അദ്ധ്യാപകർക്ക് പിരിച്ച് വിടൽ സംബന്ധിച്ച് എച്ച് ആർ വിഭാഗം ,നോട്ടീസ് നൽകി കഴിഞ്ഞതായി മന്ത്രാലയവുമായി അടുത്ത വൃത്തങ്ങൾ അറിയിച്ചു. മറ്റുള്ളവർക്ക് ഈ മാസം നോട്ടീസ് നൽകും.
മുപ്പത് വർഷത്തിലേറെ സേവനം ചെയ്ത സൂപ്പർവൈസർമാരും പിരിച്ച് വിടുന്നവരിൽ ഉൾപ്പെടുന്നുയെന്നാണ് റിപ്പോർട്ട്. സിറിയയിൽ നിന്നുള്ള അദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ ഇപ്പോൾ ഇളവ് അനുവദിച്ചിട്ടുണ്ട്. സിറിയയിലെ രാഷ്ട്രീയ സാഹചര്യങ്ങൾ കാരണം അവർക്ക് സ്വദേശത്തേക്ക് പോകാനുള്ള സാഹചര്യം ഇല്ലെന്ന പരിഗണനയിലാണ് ഇളവ് നൽകിയിരിക്കുന്നത്. പ്രൈമറി, സെക്കൻ്ററി തലത്തിൽ ഇസ്‌ളാമിക് സ്റ്റഡീസ്, കമ്പ്യൂട്ടർ സ്റ്റഡീസ്, സയൻസ് ഹ്യൂമാനിറ്റീസ് , മാത്സ്,അറബിക്, ഇംഗ്ലീഷ് വിഭാഗങ്ങൾ കൈക്കാര്യം ചെയ്യുന്ന അദ്ധ്യാപകരാണ് പിരിച്ച് വിടലിന് വിധേയരാകുന്നവരിൽ ഏറേയും. ഈ മേഘലയിൽ സ്വദേശീവൽക്കരണം പൂർണ്ണമായും നടപ്പാക്കുകയെന്നതാണ് വിദ്യാഭ്യാസ മന്ത്രാലയം ലക്ഷ്യമിടുന്നത്. വിദ്യാസമ്പന്നരായ രാജ്യത്തെ യുവജനങ്ങൾക്ക് ഈ മേഘലയിൽ കൂടുതൽ അവസരം നൽകാനും പദ്ധതിയിടുന്നു. ഇതോടെ വലിയ പ്രതീക്ഷയോടെ കുവൈറ്റ് വിദ്യാഭ്യാസ മേഘലയിൽ പ്രവർത്തിച്ച് വന്ന ധാരാളം ഇന്ത്യക്കാർക്ക്, പ്രത്യേകിച്ച് മലയാളികളായ അദ്ധ്യാപകർക്ക് ജോലി നഷ്ടമാകുമെന്ന് ഉറപ്പായിരിക്കുകയാണ്.

## ഹുൽദാ...

പേജ് 7 ൽ നിന്ന്

മായ്ച്ച് കളയാൻ കഴിയാത്തതു പോലെ ഭയാനകമായ ശാസനകളും മുന്നറിയിപ്പുകളുമായിരുന്നു ഹൂൽദായിലൂടെ പുറത്ത് വന്നത്. ശേഷം അവൾ .യഹോവയുടെ അരുളപ്പാടായി മഹാപുരോഹിതനോടും സംഘത്തോടും പറഞ്ഞത് ഇപ്രകാരമാണ്: "യഹോവയോട് ചോദിപ്പാൻ നിങ്ങളെ അയച്ച യെഹൂദാ രാജാവിനോട് നിങ്ങൾ പറയേണ്ടത് എന്തെന്നാൽ : ഞാൻ ഈ സ്ഥലത്തിനും നിവാസികൾക്കും വരുത്തുമെന്ന് പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ അനർത്ഥവും അവരുടെ മേൽ വരുത്തും. എന്നാൽ നീ എന്റെ വചനങ്ങളെ കേട്ടപ്പോൾ നിന്റെ ഹൃദയം അലിഞ്ഞ് യഹോവയുടെ മുമ്പാകെ നിന്നെ തന്നെ താഴ്ത്തി നിന്റെ വസ്ത്രം കീറി എന്റെ മുമ്പാകെ കരയുകയും ചെയ്തത് കൊണ്ട് ഞാൻ നിന്റെ അപേക്ഷ കേട്ടിരിക്കുന്നു. ഞാൻ നിന്നെ നിന്റെ പിതാക്കന്മാരോട് ചേർത്ത് കൊള്ളും. നീ സമാധാനത്തോടെ നിന്റെ കല്ലറയിൽ അടയ്ക്കപ്പെടും. ഞാൻ ഈ സ്ഥലത്തിനും നിവാസികൾക്കും വരുത്തുവാൻ പോകുന്ന അനർത്ഥമൊന്നും നിന്റെ കണ്ണ് കാണുകയില്ല" അവർ രാജാവിനെ ഈ മറുപടി ബോധിപ്പിച്ചു.
ദേശനിവാസികൾ ന്യായവിധിയുടെ വക്താക്കൾ ആയിരിക്കുന്നുയെന്നറിഞ്ഞ രാജാവ് പിന്നെ അമാന്തിച്ചില്ല; ദേശത്തെ എല്ലാവരേയും കൂട്ടിവരുത്തി കണ്ടെത്തിയ നിയമപുസ്തകത്തിലെ കാര്യങ്ങളെ വായിച്ച് കേൾപ്പിച്ചു. അവർ യഹോവയുടെ മുമ്പാകെ ഒരു നിയമം ചെയ്തു ദേശം വെടിപ്പാക്കി. തലമുറകളായി മുടങ്ങികിടന്ന പെസഹാ ആചരിച്ചു. ജനത്തെ യഹോവയിങ്കലേക്ക് നയിച്ചു. മോശെയുടെ ന്യായപ്രമാണ പ്രകാരം പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ ഹൃദയത്തോടും യഹോവയിങ്കലേക്ക് തിരിഞ്ഞ ഒരു രാജാവ് യോശിയാവിനെ പോലെ മുമ്പ് ഉണ്ടായിട്ടില്ല, ശേഷം ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല.
ദൈവത്തിന്റെ അരുളപ്പാടുകളെ ഭയം കൂടാതെ ധൈര്യത്തോടെ പ്രസ്താവിക്കുന്ന ഹൂൽദാ പ്രവാചകി, രാജാവിനോട് പോലും സത്യം തുറന്ന് പറയാനും അതിന്റെ അപകടാവസ്ഥയെ കൃത്യമായി ബോധ്യപ്പെടുത്താനും ഹുൽദാ പ്രവാചകിക്ക് കഴിഞ്ഞു. ദേശം പിടിക്കപ്പെട്ട് നിവാസികൾ ചങ്ങലയ്ക്കിട്ട് ബാബിലോണിലേക്ക് പോകേണ്ടി വരുമെന്ന് യെശയ്യാവും യിരെമ്യാവും പ്രവചിച്ചിട്ടുണ്ടെങ്കിലും അത് സംഭവിക്കുമെന്ന് അവൾക്ക് നിശ്ചയമുണ്ടായിരുന്നു. 35 വർഷങ്ങൾക്ക് ശേഷം അത് സംഭവിച്ചു. ഹുൽദായുടെ കാലത്ത് ന്യായപ്രമാണ പുസ്തകം കണ്ട് കിട്ടാനും അവളെക്കൊണ്ട് അതിലെ വാക്യങ്ങളെ വ്യാഖ്യാനിക്കാനുണ്ടായ അവസരവും- ന്യായവിധിയുടെ വക്കോളം എത്തിനിന്ന യഹൂദാ ജനത്തിന് നവ ഉദ്ധാരണങ്ങളുടെ നാളുകളായി. ഒരു ഉണർവ്വിന്റെ കാറ്റ് ദേശത്ത് ഒക്കേയും പടർന്നു. ഹുൽദാ ദൈവത്തിന്റെ ആലോചനയെ മുഖം നോക്കാതെ മടികൂടാതെ മുന്നിൽ വന്ന് നിന്നവരുടെ പദവിയെ ഭയക്കാതെ പറഞ്ഞത് കൊണ്ടാണ് അത് സംഭവിച്ചത്.
ശാന്തമായ കുടുംബജീവിതത്തിനിടിൽ പ്രാർത്ഥനാ ജീവിതം നയിച്ചിരുന്ന ഹുൽദാ യഹോവയുടെ അരുളപ്പാടുകൾക്കായി കാതോർത്തിരുന്നു. ഭൂമിയിൽ ദൈവം അവൾക്ക് കൊടുത്ത ജോലിയായിരുന്നു സൂചിയും നൂലും കൊണ്ടുള്ള പണി (തുന്നൽ- രാജാവിന്റെ വസ്ത്രവിചാരകനായിരുന്നു അവളുടെ ഭർത്താവ് ശല്ലും) വളരെ ഉത്തരവാദിത്വമുള്ള ഒരു ജോലിയായിരുന്നു ആ കുടുംബം നിർവ്വഹിച്ചിരുന്നതെന്ന് നമുക്ക് മനസിലാക്കാം. പക്ഷേ അവയ്ക്കിടയിലും ദൈവത്തിന്റെ സ്വരത്തിന് കാതോർക്കാനും സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റാനും പ്രാർത്ഥനയിലൂടെ ദൈവത്തോട് സംസർഗ്ഗം പുലർത്താനും ഹുൽദാ ശ്രദ്ധിച്ചിരുന്നു. ഈ തലമുറയിലും ഹൂൽദായെ പോലെ ഉദ്ദാരണങ്ങളുടെയും ഉണർവ്വിന്റെയും കാലങ്ങളെ മടക്കി വരുത്തുവാൻ അനേകം ഹുൽദാമാരെ ദൈവം തെരയുന്നു... സ്വയം സമർപ്പിതരായി ആരതിന് ചെവി കൊടുക്കും?

## മുന്നിൽ തമിഴ്‌നാടും..

പേജ്-16 ൽ നിന്ന്

സംഘടനയുടെ റിലീജിയസ് ലിബെർട്ടി കമ്മീഷൻ ശേഖരിച്ച വിവരമനുസരിച്ച് 350 ഓളം ക്രൈസ്തവ വിരുദ്ധ ആക്രമണങ്ങൾ ഔദ്യോഗികമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വടക്കൻ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്ത് എഫ്ഐആർ ഫയൽ ചെയ്യാൻ അധികാരികൾ ധൈര്യപ്പെടുന്നില്ലെന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഈസ്റ്റർ, ക്രിസ്തുമസ് കാലങ്ങളിലാണ് ഏറ്റവും കൂടുതൽ ആക്രമണങ്ങൾ അരങ്ങേറിയിട്ടുള്ളത്. കഴിഞ്ഞ ഏപ്രിലിൽ വിശ്വാസികളുടെ കൂട്ടായ്മയ്ക്ക് നേരെ 54 കേസും ഡിസംബറിൽ 40 കേസും രജിസ്റ്റർ ചെയ്തിരുന്നു. 2007ന് ശേഷം ക്രൈസ്തവർക്ക് നേരെ ഭാരതത്തിൽ ഏറ്റവും കൂടുതൽ ആക്രമണങ്ങൾ നടന്നത് കഴിഞ്ഞ വർഷമാണ്. തമിഴ്നാട്ടിലെ ജാതി വ്യവസ്ഥിതി ക്രൈസ്തവ കൂട്ടായ്മയേയും മിഷൻ പ്രവർത്തനങ്ങളേയും തടസ്സപ്പെടുത്തുന്നതായും തീവ്ര ഹൈന്ദവ സംഘടനകളുടെ മേധാവിത്വം അധികാരികളെ പോലും ഭയപ്പെടുത്തുന്നുയെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ന്യൂനപക്ഷങ്ങൾക്ക് നേരെയുള്ള ആക്രമണങ്ങളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നുയെന്ന് ഭരണകൂടം ഉറപ്പ് വരുത്തണമെന്നും ഫെലോഷിപ്പ് റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു. തമിഴ് നാട് ,ഉത്തർപ്രദേശ് എന്നിവിടങ്ങളിൽ ആരാധന തടസ്സപ്പെടുത്തുന്നു. ചിലയിടങ്ങളിൽ ഭവനപ്രാർത്ഥനകളും തടയുന്നു. വിശ്വാസികളുടെ സുരക്ഷയ്ക്കായി ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് വാഗ്ദാനം മാത്രമാണ് ലഭിക്കുന്നതെന്നും റിപ്പോർട്ടിൽ റിലീജിയസ് ലിബെർട്ടി കമ്മീഷൻ ഡയറക്ടർ റവ. വിജയേഷ് ലാൽ പറയുന്നു. 1951 ൽ സ്ഥാപിതമായ ഇവാഞ്ചലിക്കൽ ഫൗണ്ടേഷന് ഐക്യരാഷ്ട്ര സഭയുടെ എൻജിഒ സംഘത്തിലും അംഗത്വമുണ്ട്.

## തടവറയിൽ നിന്നും കന്യാസ്ത്രീ ..

പേജ് 14 ൽ നിന്ന് തുടർച്ച

ന്നത്. പടിഞ്ഞാറൻ ആഫ്രിക്ക കേന്ദ്രമാക്കിയുള്ള ഗ്രൂപ്പ് ടു സപ്പോർട്ട് ഇസ്ലാം എന്ന സംഘടന സിസ്റ്റർ ഗ്ലോറിയ തങ്ങളുടെ പക്കലുണ്ടെന്ന് മുമ്പ് അവകാശപ്പെട്ടിരുന്നു. മോചനത്തിന് ആവശ്യമായ പണം നൽകിയാൽ സിസ്റ്റർ ഗ്ലോറിയയെ മോചിപ്പിക്കാമെന്ന് സിസ്റ്ററിന്റെ കുടുംബത്തെ സംഘടനയുടെ വക്താവും അറിയിച്ചിരുന്നു. സാമ്രാജ്യത്വ ശക്തികളേയോ ചാരിറ്റി സംഘടനകളേയോ ഇക്കാര്യത്തിൽ ഇടപെടുത്തരുതെന്ന മുന്നറിയിപ്പും അറിയിപ്പിനൊപ്പമുണ്ടായിരുന്നു. 2017 ഫെബ്രുവരി 7ന് ബുർക്കിനാ ഫാസോയുടെ അതിർത്തിക്കടുത്ത് തെക്കൻ മാലിയിലെ ഖരങ്ങാസോയിലെ ഭവനത്തിൽ നിന്നുമാണ് സിസ്റ്റർ ഗ്ലോറിയ സെസില്ലയെ ജിഹാദികൾ തട്ടിക്കൊണ്ട് പോയത്. ആതുര സേവനം, അനാഥകുട്ടികളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളുമായി .വർഷങ്ങളായി മാലിയിൽ പ്രേക്ഷിത ദൗത്യം നിർവ്വഹിച്ച് വരികയായിരുന്നു സിസ്റ്റർ സെസില്ല. കഴിഞ്ഞ ജൂലൈ മാസത്തിലും സിസ്റ്ററിന്റെ വീഡിയോ തീവ്രവാദികൾ പുറത്ത് വിട്ടിരുന്നു.

## മലേഷ്യയിൽ സുവിശേഷകനെ കാണാതായിട്ട് ഒരു വർഷം: ഭരണകൂടവും കയ്യൊഴിഞ്ഞു




മലേഷ്യയിൽ ഒരു വർഷം മുമ്പ് മതഭീകരർ തട്ടിക്കൊണ്ട് പോയ പെന്തക്കോസ്തു പാസ്റ്ററെക്കുറിച്ച് ഇപ്പോഴും വിവരമൊന്നും ലഭ്യമല്ലെന്ന് മലേഷ്യൻ ക്രിസ്ത്യൻ സമൂഹത്തിൽ നിന്നുള്ള റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു. 62 കാരനായ മലേഷ്യൻ-ചൈനീസ് ക്രിസ്ത്യൻ പ്രഭാഷകനായ റെയ്മണ്ട് കോഹ് കെങ്ങ് ജൂവിനെയാണ് കോലാലംപൂരി നടുത്തുള്ള സെലംഗോറിൽ ഒരു വർഷം മുമ്പ് മുഖംമൂടി ധാരികൾ തട്ടിക്കൊണ്ട് പോയത്.

മുസ്ലീം മതസ്ഥരുടെ നടുവിൽ ക്രിസ്തീയ പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുകയും സുവിശേഷം പറയുകയും ചെയ്യുന്നു എന്ന കാരണത്താൽ അദ്ദേഹത്തിന് നാളുകളായി ഭീഷണി നില നിൽക്കുകയായിരുന്നു. വീടിന് സമീപത്ത് നിന്നാണ് രാത്രിയിൽ ഒരുപറ്റം ആളുകൾ അദ്ദേഹത്തെ തട്ടിക്കൊണ്ട് പോയത്. ആദ്യ ഒരു മാസത്തോളം പോലീസ് കാര്യമായി അന്വേഷിച്ചുവെങ്കിലും ഫലമുണ്ടാകാഞ്ഞതിനെ തുടർന്ന് അന്വേഷണം പതുക്കെ നിർത്തി വയ്ക്കുകയായിരുന്നു. ഇതിനിടയിൽ അദ്ദേഹത്തെ മോചിപ്പിക്കണമെങ്കിൽ ഒരു വലിയ തുക മോചനദ്രവ്യം നൽകണമെന്ന് ആവശ്യപ്പെട്ട് ഫോൺ സന്ദേശം ലഭിച്ചിരുന്നു. എന്നാൽ പിന്നീട് ഫോൺ കോളുകളും ഇല്ലാതായി. പല വാതിലുകളിലും അദ്ദേഹത്തിന്റെ ഭാര്യ മുട്ടിയെങ്കിലും ആരും അവരെ സഹായിക്കാൻ ഉണ്ടായിരുന്നില്ല. എന്നാൽ വീണ്ടും സഹായ അഭ്യർത്ഥനയുമായി അദ്ദേഹത്തിന്റെ ഭാര്യ സർക്കാർ ഉദ്യോഗസ്ഥരേയും രാഷ്ട്രീയ പ്രമുഖരേയും കാണുവാനുള്ള ശ്രമത്തിലാണ്.

## ഭീകരരുടെ തടവറയിൽ നിന്ന് മോചനത്തിനായി യാചിക്കുന്ന കന്യാസ്ത്രിയുടെ വീഡിയോ പുറത്ത് വന്നു

കഴിഞ്ഞ വർഷം മാലിയിൽ നിന്ന് തീവ്രവാദികൾ തട്ടിക്കൊണ്ട് പോയ കൊളംബിയൻ കന്യാസ്ത്രീ ഫ്രാൻസീസ് മാർപാപ്പയോട് സഹായം അപേക്ഷിക്കുന്ന വീഡിയോ പുറത്ത് വന്നു. കഴിഞ്ഞ തിങ്കളാഴ്ച ഇസ്ലാമിക് തീവ്രവാദ സംഘടനയായ അൽക്വയ്ദയാണ് വീഡിയോ പുറത്ത് വിട്ടിരിക്കുന്നതെന്ന് ജിഹാദി വെബ്സൈറ്റുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന സൈറ്റ് ഇന്റലിജന്റ് ഗ്രൂപ്പ് വെളിപ്പെടുത്തി. സിസ്റ്റർ ഗ്ലോറിയ സെസില്ല നാർവേസ് എന്ന കന്യാ



സ്ത്രീയാണ് മാർപാപ്പയുടെ സഹായം യാചിച്ച്കൊണ്ട് വീഡിയോയിൽ പ്രത്യക്ഷപ്പെട്ടത്.എന്നെ സ്വതന്ത്രയാക്കുവാൻ അങ്ങ് സഹായിക്കണം. അങ്ങയുടെ കഴിവിന്റെ പരമാവധി ശ്രമിച്ച് അവരിൽ നിന്നെന്നെ മോചിപ്പിക്കണം സിസ്റ്റർ ഗ്ലോറിയ വീഡിയോയിൽ അപേക്ഷിക്കുന്നു. നിങ്ങൾ ഞങ്ങളെ കൊല്ലുന്ന പോലെ ഞങ്ങൾ നിങ്ങളേയും കൊല്ലും. നിങ്ങൾ ഞങ്ങളെ തടവിലാക്കുന്നത് പോലെ ഞങ്ങൾ നിങ്ങളേയും തടവിലാക്കും എന്ന ഒസാമ ബിൻലാദന്റെ വാക്യത്തിന്റെ അകമ്പടിയോടെയാണ് അൽക്വയ്ദയുടെ .വീഡിയോ അവസാനിക്കു

(ശേഷം പേജ് -13)

## ഫേസ്ബുക്കിൽ മതനിന്ദാ ആരോപണം; പാക്കിസ്ഥാനിൽ 800 ഓളം ക്രിസ്തീയ കുടുംബങ്ങൾ പലായനം ചെയ്തു




**ലാഹോർ:** ദൈവനിന്ദാ ആരോപണത്തിന് പിന്നാലെ ആക്രമണം രൂക്ഷമായതിനെ തുടർന്ന് പാക്കിസ്ഥാനിൽ നിന്ന് 800 ഓളം ക്രിസ്തീയ കുടുംബങ്ങൾ പലായനം ചെയ്തതായി റിപ്പോർട്ട്. വടക്കൻ ലാഹോർ പ്രവിശ്യയിലെ ദഹീർ എന്ന ഗ്രാമത്തിൽ നിന്നാണ് 800 ഓളം ക്രിസ്തീയ കുടുംബങ്ങൾ ഗ്രാമം വിട്ടത്. കഴിഞ്ഞ മാസം 16ന് പഗലോൺ കി ബസ്തി എന്ന ഫേസ്ബുക്ക് കൂട്ടായ്മയിൽ പാത്രാസ് മസിഹ എന്ന ക്രിസ്തീയ യുവാവ് ഇട്ടതായി പറയുന്ന ഒരു പോസ്റ്റിനെ ചൊല്ലിയുണ്ടായ സംഘർഷത്തെ തുടർന്നാണ് ക്രൈസ്തവർ ഗ്രാമം വിട്ടത്.

പാത്രാസ് മസീഹി പോസ്റ്റ് ചെയ്തതായ ഒരു ചിത്രം മതവികാരത്തെ വ്യണപ്പെടുത്തുന്നതാണെന്നും പാത്രാസിനെ തൂക്കിലേറ്റണമെന്നും ആവശ്യപ്പെട്ട് ഇസ്ലാം മതസ്ഥർ ക്രൈസ്തവർക്ക് നേരെ ആക്രമണവുമായി രംഗത്ത് എത്തുകയായിരുന്നു. സംഭവത്തെ തുടർന്ന് പാത്രാസ് ഒളിവിൽ പോയതോടെയാണ് പ്രശ്നം രൂക്ഷമായത്. പാത്രാസിനെ കണ്ടെത്തി പുറത്തെത്തിക്കണമെന്നും പരസ്യമായി തൂക്കിലേറ്റണമെന്നുമായിരുന്നു പ്രതിഷേധക്കാരുടെ ആവശ്യം. ഇദ്ദേഹത്തെ കൈമാറാത്ത പക്ഷം ഗ്രാമം അഗ്നിക്കിരയാക്കുമെന്നും ഭീഷണിയുയർന്നതിനെ തുടർന്നാണ് 2000ത്തോളം ക്രിസ്തീയ കുടുംബങ്ങൾ ഉള്ള ഗ്രാമത്തിൽ നിന്ന് 800 ഓലം കുടുംബങ്ങൾ പലായനം ചെയ്തത്. ഫേസ്ബുക്ക് കൂട്ടായ്മയിൽ പാത്രാസ് ഇട്ടതായ ചിത്രവും കുറിപ്പും നീക്കം ചെയ്യണമെന്ന് ഗ്രൂപ്പ് മോഡറേറ്റർ മുഹമദ് സിദ്ദിഖ് ആവശ്യപ്പെട്ടെന്നും എന്നാൽ പാത്രാസ് അത് നിരാകരിക്കുകയായിരുന്നുയെന്നും ഇതേതുടർന്ന് ജനക്ഷുഭിതരാകുകയായിരുന്നുയെന്നും എഫ്ഐആറിൽ പറയുന്നു. ഇതിനിടെ സമാധാന ശ്രമങ്ങൾ കാര്യമായി നടക്കുന്നുണ്ട്. ഷഹദ്ര പോലീസ് സ്റ്റേഷനിൽ നടത്തിയ പത്രസമ്മേളനത്തിലും തുടർന്ന് ഒപ്പ് വച്ച സമാധാന ഉടമ്പടിയിലും ക്രിസ്തീയ കുടുംബങ്ങളോട് സ്വന്തം ഗ്രാമത്തിലേക്ക് തിരിച്ച് വരാൻ ഗ്രാമത്തിലെ -ക്രാസ്തവ-ഇസ്ലാമിക നേതൃത്വം ആവശ്യപ്പെട്ടിരിക്കുകയാണ്. ഉടമ്പടിയിൽ ക്രൈസ്തവരെ പ്രതിനിധീകരിച്ച് ഒപ്പ് വച്ച പഞ്ചാബ് നിയമസഭാംഗം മേരി ഗിൽ, മതവിദ്വേഷത്തിന് കാരണമാകുന്ന അഭിപ്രായങ്ങൾ ഒന്നും സമൂഹമാധ്യമങ്ങളിൽ രേഖപ്പെടുത്തരുതെന്ന് യുവജനങ്ങൾക്ക് നിർദ്ദേശം നൽകി. പാക്കിസ്താനിൽ സാമൂഹ്യ മാധ്യമങ്ങളെല്ലാം തന്നെ സർക്കാർ സംവിധാനങ്ങളിലൂടെ നിരീക്ഷിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ വർഷം ഇത്തരത്തിൽ ഒരു വിവാദ ചിത്രം ഫേസ്ബുക്കിൽ പ്രസിദ്ധപ്പെടുത്തി എന്നാരോപിച്ച് നബീൽ മസീഹ എന്ന ക്രിസ്തീയ ബാലൻ ഇപ്പോഴും ജയിലിനുള്ളിലാണ്.

## ജർമ്മൻ ക്രൈസ്തവർക്ക് നേരെ അഭയാർത്ഥികളുടെ ആക്രമണം: കഴിഞ്ഞ വർഷം കൊല്ലപ്പെട്ടത് നൂറോളം വിശ്വാസികൾ

ആഭയാർത്ഥികളെന്ന പേരിൽ രാജ്യത്ത് തീവ്രവാദികൾ കടന്ന്കൂടിയിട്ടുന്നെും ജർമ്മൻ ബിഷപ്പിന്റെ നിരീക്ഷണം

ജർമ്മനിയുടെ വിവിധ ഭാഗങ്ങളിലായി ക്രൈസ്തവർക്ക് നേരെ അഭയാർത്ഥികളുടെ ആക്രമണം പെരുകുകയാണെന്ന് ജർമ്മൻ ആർച്ച് ബിഷപ്പ് .ലൂഡിക് ഷിക്ക്. രാജ്യത്ത് അഭയം തേടിയെത്തിയ മുസ്ലിം അഭയാർത്ഥികൾ ജർമ്മനിയുടെ മതസ്വാതന്ത്യ അവകാശങ്ങളെ മനസിലാക്കുകയോ മാനിക്കുകയോ ചെയ്യുന്നില്ല. കഴിഞ്ഞ വർഷം മതപീഡനത്തിന് ഇരയായി നൂറോളം ക്രൈസ്തവരാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി അഭയാർത്ഥികളിലൂടെ കൊല്ലപ്പെട്ടതെന്നും ഡൈ വെൽറ്റ് .റിപ്പോർട്ടിനോട് ആർച്ച് ബിഷപ്പ് പറഞ്ഞു.

സാമൂഹ്യ വ്യവസ്ഥിതികൾ തിരിച്ചറിഞ്ഞ് അഭയാർത്ഥി സമൂഹം പെരുമാറണം. ഇല്ലെങ്കിൽ അത് അവർക്ക് തന്നെ ദോഷമായി മാറിയേക്കാം. അഭയാർത്ഥികൾ എന്ന പേരിൽ രാജ്യത്ത് തീവ്രവാദികൾ കടന്ന് കൂടിയിട്ടുള്ളതായി സംശയിക്കുന്നതായും ബിഷപ്പ് പറഞ്ഞു. ജർമ്മനിയിലെ ഒറ്റപ്പെട്ട മേഘലകളിൽ താമസിക്കുന്ന ക്രൈസ്തവരും അഭയാർത്ഥി ക്യാമ്പുകളിൽ കഴിയുന്ന കുടിയേറ്റ ക്രൈസ്തവരും ആക്രമണങ്ങൾക്ക് ഇരയാകുന്നതായി നിരവധി തവണ രാജ്യത്തെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. പുതുതായി ക്രിസ്തീയ .വിശ്വാസം സ്വീകരിച്ചവർക്ക് നേരേയാണ് കൂടുതലും ആക്രമണങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നത്. അക്രമികൾ അഭയാർത്ഥികളിൽ നിന്ന് തന്നെയാണെന്ന് സ്ഥിരീകരിക്കുകയും ഇത്തരക്കാരിൽ ചിലരെ പിടികൂടുകയും ചെയ്തിരുന്നു. കഴിഞ്ഞ വർഷം ക്രിസ്തുവിശ്വാസം സ്വീകരിച്ച ഒരു അഫ്ഗാൻ യുവതിയെ ക്യാമ്പിൽ ക്രൂരമായി കൊലപ്പെടുത്തിയതിന് മുസ്ലിം യുവാവിനെ കോടതി ശിക്ഷിച്ചിരുന്നു. അക്രമണ സംഭവ പരമ്പരകളുടെ പശ്ചാത്തലത്തിൽ വിശ്വാസികൾ അതീവ ജാഗ്രത പുലർത്തണമെന്നും ബിഷപ്പ് ലൂഡിക് ഷിക്ക് മുന്നറിയിപ്പ് നൽകി.




## നൈജീരിയയിൽ വീണ്ടും സ്കൂൾ കുട്ടികളെ ഭീകരർ തട്ടിക്കൊണ്ട്പോയി

തട്ടിയെടുത്ത 110 പെൺകുട്ടികളിൽ 76 പേരെ സൈന്യം മോചിപ്പിച്ചു; 2 കുട്ടികൾ കൊല്ലപ്പെട്ടു, ബാക്കിയുള്ളവർക്കായി തെരച്ചിൽ തുടരുന്നു

**ദാപ്ച്ചി:** ബൊക്കോ ഹറാം തീവ്രവാദികൾ കഴിഞ്ഞ ഫെബ്രുവരി 19 തിങ്കളാഴ്ച നൈജീരിയയിലെ യോബ് സംസ്ഥാനത്തുള്ള ദാപ്ച്ചിയിലെ സർക്കാർ ഗേൾസ് സ്കൂളിൽ നിന്ന് 110 പെൺകുട്ടികളെ തട്ടിയെടുത്തതായി സർക്കാർ സ്ഥിരീകരിച്ചു. തട്ടിക്കൊണ്ട് പോയ പെൺകുട്ടികളിൽ 76 പേരെ നൈജീരിയൻ സൈന്യം മോചിപ്പിച്ചതായും റിപ്പോർട്ടുണ്ട്. 2 കുട്ടികളെ കൊല്ലപ്പെട്ട നിലയിലും കണ്ടെത്തിയതായാണ് വിവരം. 21 ബുധനാഴ്ച വൈകുന്നേരത്തോടെയാണ് 76 പേരെ മോചിപ്പിച്ച് ഗ്രാമത്തിലെത്തിച്ചത്.

പട്ടാളവണ്ടികളുടെ രൂപത്തിൽ പെയിന്റടിച്ച ട്രക്കുകളിൽ സാധാരണ പട്ടാളക്കാരെ പോലെ സ്കൂൾ കോമ്പൗണ്ടിനകത്ത് കടന്ന ബൊക്കോ ഹറാം ഭീകരർ വെടിയുതിർത്ത് അദ്ധ്യാപകരെ ഓടിച്ച ശേഷം പെൺകുട്ടികളെ റാഞ്ചുകയായിരുന്നുയെന്നാണ് വിവരം. 2 കുട്ടികൾ എങ്ങനെയാണ് കൊല്ലപ്പെട്ടതെന്ന് അറിവായിട്ടില്ല. ഈ സർക്കാർ



ഭീകരർ പെൺകുട്ടികളെ തട്ടിയെടുത്ത ദാപ്ച്ചിയിലെ സ്കൂൾ.
ആക്രമണത്തിൽ ചിതറിയോടിയ കുട്ടികളുടെ ചെരിപ്പുകളും ചിത്രത്തിൽ കാണാം.

ബോർഡിംഗ് സ്കൂളിൽ ബോക്കോ ഹറാം മിന്നൽ ആക്രമണം നടത്തിയതിനെ തുടർന്ന് പോലീസും സൈന്യവും എത്തുകയും സ്കൂൾ

(ശേഷം പേജ് -12)



### പാസ്റ്റർ പി.കെ വർഗ്ഗീസ്

പൂഴിക്കാട്: ദി പെന്തക്കോസ്തു മിഷന്റെ സജീവ സുവിശേഷകനും പൂഴിക്കാട് സഭാ ശുശ്രൂഷകനുമായ പാസ്റ്റർ പി.കെ വർഗ്ഗീസ് (കൊച്ചുമോൻ) ഫെബ്രുവരി 12ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

48 വയസായിരുന്നു. സംസ്കാരം 14ന് രാവിലെ 9 മണിക്ക് പത്തനംതിട്ട സെന്റർ ഫെയ്ത്ത് ഹോമിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം രണ്ട് മണിക്ക് പത്തനംതിട്ട ടിപിഎം സെമിത്തേരിയിൽ നടത്തി.

മാവേലിക്കര വാത്തിക്കുളം പെരുമ്പള്ളി കുടുംബാംഗമാണ്.



### ഏലിയാമ്മ കോശി

ആവണീശ്വരം: ആലുംമൂട്ടിൽ പരേതനായ ടി.കോശിയുടെ ഭാര്യ, ഏലിയാമ്മ(95) നിത്യത പൂകി. സംസ്കാരം മാർച്ച് 1ന് വ്യാഴാഴ്ച രാവിലെ 9 മണിക്ക് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ആവണീശ്വരം അസംബ്ലീസ് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: എ.കെ ജോൺ, മേരിക്കുട്ടി, ദാനിയേൽ, എ.കെ ജോർജ്കുട്ടി, സൂസമ്മ, എ.കെ സാമുവൽ, എ.കെ തോമസ്, കുഞ്ഞമ്മ. മരുമക്കൾ: പരേതയായ ശോശാമ്മ ജോൺ, ദാനിയേൽകുട്ടി, പരേതയായ കുഞ്ഞുമോൾ, ജോർജ്കുട്ടി, സൂസമ്മ, കുഞ്ഞുമോൾ (യുഎസ്എ), ബെഞ്ചമിൻസക്കറിയ (യുഎസ്എ), ജോൺ ദാനിയേൽ (യുഎസ്എ)



### ജോൺസൻ നൈനാൻ

ഹൂസ്റ്റൺ/നിലമ്പൂർ: കരിമ്പുഴ നൈനാന്റെ മകൻ, ഹൂസ്റ്റൺ സ്റ്റഫോർഡ് ഇമ്മാനുവൽ പെന്തക്കോസ്റ്റൽ ചർച്ച് അംഗം ജോൺസൻ (39) മാർച്ച് 5ന് നിത്യതയിൽ ചേർക്കപ്പെട്ടു.

മാർച്ച് 9ന് വൈകിട്ട് 6.30ന് സ്റ്റഫോർഡിലെ ഇമ്മാനുവൽ പെന്തക്കോസ്റ്റൽ ചർച്ച് ഹാളിൽ വച്ച് പൊതുദർശനവും അനുസ്മരണ ശുശ്രൂഷകളും മാർച്ച് 10 ന് രാവിലെ 9ന് അന്ത്യശുശ്രൂഷകൾക്കും ശേഷം ഫ്ളോറൽ പാർക്ക് സെമിത്തേരിയിൽ സംസ്കാരം നടന്നു.
ഭാര്യ: ഗ്ലാഡ്സി.



### റോസമ്മ സഖറിയ

മേപ്രാൽ: മേപ്രാൽ ചർച്ച് ഓഫ് ഗോഡ് സഭാംഗം കണിയാംപറമ്പിൽ സഖറിയ ജോർജിന്റെ ഭാര്യ, റോസമ്മ സഖറിയ (59) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.
സംസ്കാരം മാർച്ച് 2ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ചർച്ച് ഓഫ് ഗോഡിന്റെ താമരാൽ സെമിത്തേരിയിൽ നടത്തി. പാസ്റ്റർ ടി.എം മാമ്മച്ചൻ സംസ്കാര ശുശ്രൂഷകൾ നിർവ്വഹിച്ചു.
ആല മണ്ണാരേത്ത് കുടുംബാംഗമാണ് പരേത.
മക്കൾ: ജോളി (ബഹറിൻ), ജീന (ജർമ്മനി). മരുമക്കൾ: ബെൻസൻ, ജിബി.



### എം.കെ തോമസ്

റാന്നി : മേനാംതോട്ടത്തിൽ എം.കെ തോമസ് (തോമസ്കുട്ടി -76) നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം ഫെബ്രുവരി 16ന് സ്വവസതിയിലെ ശുശ്രൂഷകൾക്ക് ശേഷം ചെല്ലക്കാട് ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടത്തി. റബ്ബർ ഡീലറും പ്ലാന്ററുമായിരുന്നു.
ഭാര്യ ,ശോശാമ്മ.
മക്കൾ: അഞ്ചു, കുര്യാക്കോസ് തോമസ് (എത്തിഹാദ് എയർവേസ്, അബുദാബി).
മരുമക്കൾ: മാർഷൽ ഫിലിപ്പ്, ജെമി തോമസ്.

## ബൈക്കപകടത്തിൽ മരിച്ചു



**പത്തനാപുരം** ചാച്ചിപ്പുന്ന അസംബ്ലീസ് ഓഫ് ഗോഡ് സഭാംഗം, പുന്നല കരിമ്പാലൂർ മിസ്പയിൽ രാജന്റെ മകൻ ജോയൽ രാജൻ (15) സഹപാഠി വിഷ്ണു (16) എന്നിവർ ബൈക്കപകടത്തിൽ മരണമടഞ്ഞു. പത്താം ക്ലാസ് പരീക്ഷയ്ക്ക് തയാറാകുന്നതിനിടെ വിഷ്ണുവുമൊത്ത് പുറത്ത് പോകുമ്പോൾ കരിമ്പാലൂർ മുസ്ളിം പള്ളിക്ക് സമീപം ഇവർ സഞ്ചരിച്ചിരുന്ന ബൈക്ക് സ്കൂൾ ബസുമായി കൂട്ടിയിടിച്ചായിരുന്നു അപകടം. അപകടത്തിൽ ഇരുവരും മരിച്ചു. മാർച്ച് 5ന് വൈകിട്ട് 3.30ന് ആയിരുന്നു സംഭവം.ജോയൽ പുനലൂർ താലൂക്ക് ആശുപത്രിയിൽ വച്ചും വിഷ്ണു തിരുവനന്തപുരം മെഡിക്കൽ കോളേജിലും വച്ചായിരുന്നു മരിച്ചത്. പത്തനാപുരം സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർഥികളായിരുന്നു. പുന്നലയിൽ നിന്ന് വിദ്യാർത്ഥികളുമായി പത്തനാപുരത്തേക്ക് വരികയായിരുന്ന പുന്നല ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ ബസാണ് വിദ്യാർത്ഥികളുടെ വാഹനത്തിൽ ഇടിച്ചത്. സംഭവസ്ഥലത്ത് പാർക്ക് ചെയ്തിരുന്ന കാറിന്റെ ഡോർ തുറക്കുന്നത് ശ്രദ്ധയിൽപ്പെട്ട ബസ് ഡ്രൈവർ അപകടം ഒഴിവാക്കാൻ ബസ് വലത് വശത്തേക്ക് വെട്ടിച്ചപ്പോൾ ബൈക്കിൽ ഇടിക്കുകയായിരുന്നുയെന്നാണ് വിവരം. മിനിരാജ് ആണ് ജോയലിന്റെ മാതാവ്. സഹോദരൻ മീഖാരാജ്. സംസ്കാരം നടത്തി.

## വർക്കി മത്തായി മൂത്തേടത്തിന് അന്ത്യാജ്ഞലി

**ഷിക്കാഗോ:** ഇരവിപേരൂർ മൂത്തേടത്ത് കുടുംബാംഗം വർക്കി മത്തായി (95) ഷിക്കാഗോയിൽ വച്ച് നിത്യത പൂകി. സംസ്കാരം ഫെബ്രുവരി 10ന് ഷിക്കാഗോ ബഥേൽ ഐപിസിയുടെ ചുമതലയിൽ നടത്തി.

മെഡിക്കൽ കോ-ഓപ്പറേഷൻ ഓഫ് ബ്രിട്ടീഷ് ഇന്ത്യ ആർമിയിൽ അംഗമായിരുന്ന പരേതൻ, രണ്ടാം ലോക മഹായുദ്ധ സമയങ്ങളിൽ അനേക രാജ്യങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. യുദ്ധവേളകളിൽ അനവധി തവണയാണ് അദേഹം മരണവക്രത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപെട്ടിട്ടുള്ളത്. അതിലെല്ലാം ദൈവത്തിന്റെ കരമുണ്ടായിരുന്നുയെന്ന് അദേഹം എപ്പോഴും സാക്ഷിക്കുമായിരുന്നു. ഡോ. ടി.വി തോമസ്, ബ്രദ. ടി.ടി സാമുവൽ എന്നിവരോടൊപ്പം ഐപിസി ബിലിവേഴ്സ് ഫോറം രൂപീകരിക്കുന്നതിലും മുന്നിട്ട് നിന്നു. ദീർഘവർഷങ്ങൾ ഓതറ വൈഎംസിഎ സെക്രട്ടറിയായിരുന്നു. 1987 ൽ യുഎസ് എ യിൽ എത്തിയശേഷം അവിടേയും എല്ലാ ആത്മീയ കൂട്ടായ്മകളിലും സജീവമായിരുന്നു. മക്കൾക്കൊപ്പം നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലും പങ്ക് ചേർന്നിരുന്നു. ഷിക്കാഗോയിലെ സുഹൃദ്-ആത്മീയ സമൂഹത്തിനിടയിൽ അപ്പച്ചൻ എന്ന വിളിപ്പേരോടെ അദേഹം ഏവരുടേയും സ്നേഹം ഏറ്റുവാങ്ങിയിരുന്നു. മാറാനാഥായുടെ പ്രവർത്തനങ്ങളിലും സജീവ സഹകാരിയായിരുന്നു.



ഭാര്യ: അന്നമ്മ. മക്കൾ: വർഗ്ഗീസ് മാത്യു, സിനാർ തിമൊഥെയോസ്, സെസി ഏബ്രഹാം, ഡോ. സരിൻ മാത്യു.

## സിംഗപ്പൂരിൽ മരിച്ച നിലയിൽ കണ്ടെത്തി



**കുമ്പനാട്:** പുല്ലാട് ചെറുകോൽ മനാട്ട് പുത്തൻവീട്ടിൽ അജി ഏബ്രഹാമിന്റെ മകൻ അതുൽ അജിയെ (20) സിംഗപ്പൂരിൽ തടാകത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. സിംഗപ്പൂരിലെ എസ്ടിഎച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് വിദ്യാർത്ഥിയായിരുന്നു. ഒരു വർഷം മുമ്പ് സിംഗപൂരിലെത്തിയ അതുൽ വർക്ക് പെർമിറ്റിന് വേണ്ടി ഒരു ഹോട്ടലിൽ അപ്രന്റിസായി ജോലി ചെയ്തു .വരികയായിരുന്നു. സെൻട്രൽ സിംഗപൂരിലെ ലാർക്കി ക്വേയിലായിരുന്നു താമസം.

ഫെബ്രുവരി 27ന് ചൊവ്വാഴ്ച രാത്രി ജോലിക്ക് ശേഷം അതുൽ താമസസ്ഥലത്ത് തിരികെയെത്തിയിരുന്നില്ല. ഒരുമിച്ച് താമസിച്ചിരുന്ന കൂട്ടുകാർ പിറ്റേന്ന് പരാതി നൽകിയതിനെ തുടർന്ന് സിംഗപൂർ പോലീസ് അന്വേഷണത്തിലായിരുന്നു. മാർച്ച് 1ന് വ്യാഴാഴ്ച്ച താമസസ്ഥലത്ത് നിന്ന് അര മണിക്കൂർ ദൂരം അകലെയുള്ള സെന്റോസ് തടാകത്തിൽ മൃതദേഹം കണ്ടെത്തുകയായിരുന്നു. സിംഗപ്പൂർ പോലീസാണ് വിവരം വീട്ടിലറിയിച്ചത്. മൃതദേഹം 4ന് ഞായറാഴ്ച നാട്ടിലെത്തിച്ചു. സംസ്കാരം 5ന് തിങ്കളാഴ്ച രാവിലെ 8 ന് മാരാമൺ ഐപിസി ഹാളിൽ ആരംഭിച്ച് 11ന് സഭാസെമിത്തേരിയിൽ സംസ്കാരം നടത്തി. മാതാവ് .മായ. സഹോദരൻ.അമൽ.

## റഷ്യൻ ആരാധനാലയത്തിൽ ഐഎസ് ആക്രമണം;
## 5 പേർ കൊല്ലപ്പെട്ടു

**ദഗസ്ഥാൻ:** റഷ്യയിലെ നോർത്ത് കോക്കസസ് മേഘലയിലെ ദഗസ്ഥാനിൽ പ്രവർത്തിക്കുന്ന ഓർത്തഡോക്സ് ചർച്ചിന് പുറത്ത് ആരാധന കഴിഞ്ഞിറങ്ങിയ വിശ്വാസികൾക്ക് നേരെ അക്രമി നടത്തിയ വെടിവയ്പ്പിൽ 5 പേർ മരിച്ചു.നിരവധി വിശ്വാസികൾക്കും രണ്ട് പോലീസ് ഉദ്യോഗസ്ഥർക്കും ഗുരുതരമായി പരുക്കറ്റു.മരിച്ചവരെല്ലാം സ്ത്രീകളാണ്.
23 വയസോളം തോന്നിക്കുന്ന ഒരു യുവാവ് ആരാധന കഴിഞ്ഞ് വിശ്വാസികൾ പുറത്തിറങ്ങിയ സമയത്ത് റോഡിൽ നിന്ന് വെടിയുതിർക്കുകയായിരുന്നുയെന്നാണ് ദൃക്സാക്ഷി വിവരണം. ഇയാൾ ഇസ്ലാം മത സൂക്തങ്ങൾ വിളിച്ച് പറയുന്നുണ്ടായിരുന്നുയെന്നും ദൃക്സാക്ഷിയായ വൈദികൻ പറയുന്നു. അക്രമി പോലീസ് വെടിയേറ്റ് സംഭവസ്ഥലത്ത് തന്നെ മരിച്ചു. പോലീസ് അന്വേഷണം ആരംഭിച്ച ഉടൻ സംഭവത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് കൊണ്ട് ഇസ്ലാമിക് സ്റ്റേറ്റ് .രംഗത്തെത്തി. സംഭവത്തിന്റെ ഉത്തരവാദിത്വം തങ്ങൾ ഏറ്റെടുക്കുന്നതായി അമാഖ് ന്യൂസ് ഏജെൻസി വഴിയാണ് ഐഎസ് അറിയിച്ചത്. സായുധരായ ഒളിപ്പോരാളികലുടേയും വിമതരുടേയും മേഘലയാണ് ചെച്നിയയ്ക്ക് സമീപമുള്ള നോർത്ത് കോക്കസസ്. ഇവിടെ നിന്ന്

**23 വയസോളം തോന്നിക്കുന്ന ഒരു യുവാവ് ആരാധന കഴിഞ്ഞ് വിശ്വാസികൾ പുറത്തിറങ്ങിയ സമയത്ത് റോഡിൽ നിന്ന് വെടിയുതിർക്കുകയായിരുന്നുയെന്നാണ് ദൃക്സാക്ഷി വിവരണം.**



ഒട്ടേറെ യുവാക്കൾ ഭീകരസംഘടനയായ ഐഎസിൽ ചേരുന്നതായി റിപ്പോർട്ടുകൾ സജീവമായിരിക്കെയാണ് സ്ഥലത്തെ ക്രൈസ്തവ ആരാധനാലയത്തിൽ ഭീകരാക്രമണം ഉണ്ടായിരിക്കുന്നത്. മേഘലയിൽ സൈനിക-പോലീസ് നിരീക്ഷണം ശക്തമാക്കിയിരിക്കുകയാണ്.


### Statement about ownership and other particulars about Maranatha Voice Monthly

### Form IV

1. Place of Publication : Kollam
2. Periodicity of publication : Monthly
3. Printers Name : Thomas George Anayazhikathu
   Nationality : Indian
   Address : Thomas George Anayazhikathu, P.O. Box : 5, Kottarakara, Kollam District, Pin : 691 506, Kerala, India.
4. Publishers Name, Nationality & Address : As above
5. Editors Name Nationality & Address : As above
6. Name & Address of individuals who own the newspaper and partners or share holders holding more than one percent of total capital : Thomas George Anayazhikathu.

I Thomas George Anayazhikathu hereby declare that the particulars give above are true to the best of my knowledge and belief.

(Sd/-)
Thomas George Anayazhikathu
(Signature of Publisher)

10-03-2018

# MARANATHA VOICE

"REGISTERED NEWS PAPER"
RNI : No- KERBIL - 2000/2219
Postal Reg: No- KL/QN/301/2018-20
Licence no-
KL/QN/WPP/123/2018-20
'Licensed to post without Prepayment'

10 MARCH 2018 | MONTHLY | 16 PAGES | Annual Subscription Rs. 100/-

# ഫെബ്രുവരി 1 മുതൽ കുട്ടികളെ ആരാധനാലയത്തിൽ പ്രവേശിപ്പിക്കുന്നത് പൂർണ്ണമായും വിലക്കി കൊണ്ട് ചൈനയിൽ മതനിയമം കർക്കശമാക്കി

**ബെയ്ജിംഗ്:** മതപരമായ കാര്യങ്ങളിൽ ചൈന നടപ്പിലാക്കിയ പുതിയ നിയമ പരിഷ്കരണം നടപ്പിലാക്കിക്കൊണ്ട് പുതിയ ഉത്തരവും നിർദ്ദേശങ്ങളുമായി ചൈനീസ് ഭരണാധികാരികൾ. ഫെബ്രുവരി 1 മുതൽ കുട്ടികളെ ആരാധനാലയങ്ങളിൽ പ്രവേശിപ്പിക്കുന്നത് പൂർണ്ണമായും വിലക്കിക്കൊണ്ടാണ് പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ചൈനയിലെ പല പ്രദേശങ്ങളിലേയും ക്രൈസ്തവ സഭാദ്ധ്യക്ഷർക്ക് ഇത് സംബന്ധിച്ച് നിർദ്ദേശം ലഭിക്കപ്പെട്ടതായാണ് വിവരം

മതപരമായ ചടങ്ങുകൾ നടക്കുന്ന സ്ഥലങ്ങൾ, പ്രാർത്ഥനാ ഹൗസുകൾ, ഇതര സഭാ സ്ഥാപനങ്ങൾ, പള്ളികൾ എന്നിവിടങ്ങലിലെല്ലാമാണ് കുട്ടികൾക്ക് വിലക്കുള്ളത്. മാസങ്ങൾക്ക് മുമ്പ് തന്നെ മതപരമായ കാര്യങ്ങളിൽ പുതിയ നിർദ്ദേശങ്ങളും നീക്കങ്ങളുമായി നിയമ പരിഷ്ക്കരണം നടത്തുകയും അത് പ്രസ്ഥാവിക്കപ്പെടുകയും ചെയ്തിരുന്നുവെങ്കിലും



റെയ്ഡ് ഭയന്ന് ആരാധനാലയങ്ങളിൽ നിന്ന് കുട്ടികളെ ഒഴിവാക്കുകയാണ്. ഒരു ചൈനീസ് ഭവനചർച്ചിലെ ആരാധനാദൃശ്യം

ഇപ്പോഴാണ് മതാദ്ധ്യക്ഷർക്ക് ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ രേഖാമൂലം കൈമാറുന്നതെന്നാണ് വിവരം. കുട്ടികൾക്ക് മതപഠനം വിലക്കികൊണ്ടുള്ള നിയമ ഭേദഗതിയാണ് ആദ്യം നിർദ്ദേശിക്കപ്പെട്ടത്. അതിനുള്ള നീക്കം സർക്കാർ ആരംഭിച്ചപ്പോൾ തന്നെ ഡേസ്കുളുകളിലും ഭവനങ്ങളിലും കുട്ടികളെ ദൈവവചനം പഠിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ക്രിസ്തീയ മാതാപിതാക്കൾ ആരായുകയും അതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. പ്രസ്തുത വാർത്ത കഴിഞ്ഞ വീക് ലി റൗണ്ടപ്പിൽ ഉൾപ്പെടുത്തിയിരുന്നു. അതിന് തൊട്ട് പിന്നാലെയാണ് ഇപ്പോൾ കുട്ടികളെ ആരാധനാലയത്തിൽ നിന്ന് പൂർണ്ണമായും അകറ്റണം എന്ന നിർദ്ദേശവും രാജ്യത്തെ ക്രൈസ്തവ സഭകൾക്ക് ലഭിച്ചിരിക്കുന്നത്. മതപരമായ ചടങ്ങുകൾ നടക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുക, അല്ലാതെയുള്ള സ്ഥാപനങ്ങളിൽ ഒരു കാരണവശാലും മതപരമായ ചടങ്ങുകൾ നടത്തരുത്, പാർട്ടി നേതാക്കളോ , കൊച്ചുകുട്ടികളോ ആരാ


(ശേഷം പേജ് 12)

## 2017ൽ ഇന്ത്യയിൽ ക്രൈസ്തവർ ആക്രമിക്കപ്പെട്ട കേസ്:

# മുന്നിൽ തമിഴ്നാടും തൊട്ട് പിന്നിൽ യുപിയുമെന്ന് ഇവാഞ്ചലിക്കൽ ഫൗണ്ടേഷൻ റിപ്പോർട്ട്

**ന്യൂഡെൽഹി:** കഴിഞ്ഞ വർഷം ഇന്ത്യയിൽ ക്രൈസ്തവർക്ക് നേരെ ഏറ്റവും കൂടുതൽ ആക്രമണം നടന്നത് തമിഴ്നാട്ടിലാണെന്ന് റിപ്പോർട്ട്. ഫെബ്രുവരി 16ന് ഇവാഞ്ചലിക്കൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച വാർഷിക റിപ്പോർട്ടിലാണ് ഇക്കാര്യം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ തമിഴ്നാട്ടിൽ 52 ഉം, ഉത്തർപ്രദേശിൽ 50 ഉം, ചത്തീസ്ഖഡിൽ 43 ഉം മധ്യപ്രദേശിൽ 36 ഉം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ശേഷം പേജ് 12)






ഫെബ്രുവരി 24ന് സന്ധ്യയിൽ റോമൻ പീഡയുടെ ചരിത്രസ്മാരകമായ കൊളോസിയം രക്തവർണ്ണമണിഞ്ഞപ്പോൾ

## ക്രിസ്തീയ പീഡയുടെ ആഴം ലോകത്തെ ബോധ്യപ്പെടുത്താൻ

# റോമൻ കോളോസിയം രക്തവർണ്ണമണിഞ്ഞു

**വത്തിക്കാൻ:** ലോകമെമ്പാടുമുള്ള ക്രൈസ്തവർ നേരിടുന്ന മതപീഡയിലേക്ക് ലോകത്തിന്റെ ശ്രദ്ധ പതിപ്പിച്ച് കൊണ്ട് റോമിലെ കോളോസിയം രക്തവർണ്ണമണിഞ്ഞു. ക്രൈസ്തവ സന്നദ്ധ സംഘടനയായ എയ്ഡ് ടു ചർച്ച് ഇൻ നീഡിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 24ന് വൈകിട്ടായിരുന്നു കോളോസിയത്തെ ചുവപ്പണിയിച്ചത്.

മതനിന്ദാകുറ്റം ആരോപിച്ച് പാക്കിസ്ഥാൻ ജയിലിൽ വധശിക്ഷ കാത്ത് കഴിയുന്ന ആസിയാ ബീബിയും ഗർഭിണിയായിരിക്കെ തീവ്രവാദികൾ തട്ടിക്കൊണ്ട് പോയി 2 വർഷത്തോളം ഭീകരക്യാമ്പിൽ അനവധി നിഷ്ഠൂരമായ അതിക്രമങ്ങൾക്ക് ഇരയാക്കപ്പെട്ട നൈജീരിയൻ ക്രിസ്ത്യൻ വനിത റബേക്ക ബിറ്ററസും ക്രൈസ്തവരായതിന്റെ പേരിൽ നേരിട്ട കൊടിയ പീഡനങ്ങളെക്കുറിച്ച് ലോകത്തിന് മുന്നിൽ



റിബേക്കയും ആസിയാ ബീബിയും

എടുത്ത് കാണിക്കുവാനാണ് എയ്ഡ് ടു ചർച്ച് ഇൻ നീഡ് ഇങ്ങനെയൊരു പരിപാടി സംഘടിപ്പിച്ചത്. സംഘടനയുടെ അഭ്യർത്ഥനയെ തുടർന്ന് ആസിയാ ബിബിയുടെ ഭർത്താവും മകളും പരിപാടിയിൽ പങ്ക് ചേരാൻ റോമിലെത്തിയിരുന്നു. തന്റെ മാതാവ് മോചിതയാകുമെന്ന് പ്രതീക്ഷിക്കുന്നതായും തങ്ങൾക്ക് സുരക്ഷ ഇല്ലായെന്നും മകൾ ഈഷാം ആഷിക് വത്തിക്കാൻ മാധ്യമങ്ങളോട് പറഞ്ഞു. ഇരുവരേയും കാണാൻ വളരെ അധികം ആളുകളാണ് കോളോസിയത്തിലെ സമ്മേളനത്തിൽ എത്തിച്ചേർന്നത്. ലോകത്തിന്റെ പല ഭാഗങ്ങളിലും ഏറ്റവും അടിച്ചമർത്തപ്പെടുന്ന സമൂഹമായി ക്രൈസ്തവർ മാറുകയാണെന്ന റിപ്പോർട്ട് കഴിഞ്ഞ വർഷം എയ്ഡ് ടു ചർച്ച് ഇൻ നീഡ് പ്രസിദ്ധീകരിച്ചിരുന്നു. ഇതിനോട് അനുബന്ധമായി ലോകത്തെ ക്രൈസ്തവ പീഢയെ ബോധ്യപ്പെടുത്താൻ ലോകത്തെ പ്രധാന ശ്രദ്ധാ കേന്ദ്രങ്ങൾ ചുവപ്പണിയിക്കുവാൻ സംഘടന തീരുമാനിക്കുകയായിരുന്നു. ഇതിന്റെ ആമുഖമായി കഴിഞ്ഞ വർഷാന്ത്യത്തിൽ ലണ്ടൻ പാർലമെന്റ് , പാരിസിലെയും ഫിലിപ്പീൻസിലേയും പ്രസിദ്ധ ക്രൈസ്തവ ദേവാലയങ്ങൾ രക്തവർണ്ണമണിയിച്ചിരുന്നു. അതിന് പിന്നാലെയാണ് ഇപ്പോൾ ക്രിസ്തീയ രക്ഥസാക്ഷിത്വത്തിന്റെ ബാക്കി പത്രമായ കോളോസിയത്തെയും രക്തവർണ്ണമണിയിച്ചത്

Printed, Published & Owned by Thomas George Anayazhikathu.Printed at shine star Printers,Puthoor,Kollam,and published from Anayazhikoth,thrikkannamangal,kottarakara,Kollam dist-691506
Editor - Thomas George Anayazhikathu.